

BISHOP BOSCO PUTHUR
(Apostolic Visitor to the Syro-Malabar in New Zealand)



BISHOP STEPHEN LOWE
(Hamilton Diocese)

# Contents


കുരിശടയാളം ........ 03
പരിശുദ്ധാത്മാവിനോടുള്ള ജപം ........ 03
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ........ 04
നന്മ നിറഞ്ഞ മറിയമേ ........ 04
ത്രിസന്ധ്യാജപം ........ 05
മനസ്താപപ്രകരണം ........ 07
കുമ്പസാരത്തിനുള്ള ജപം ........ 07
സുവിശേഷഭാഗ്യങ്ങൾ എട്ട് ........ 08
ദൈവകല്പനകൾ ........ 09
പരിശുദ്ധ കുർബാന യോഗ്യതയോടെ സ്വീകരിക്കാൻ വേണ്ട കാര്യങ്ങൾ ........ 10
തിരുസഭയുടെ കല്പനകൾ ........ 10
അമ്പത്തിമൂന്നുമണിജപം ........ 11
സന്തോഷത്തിന്റെ രഹസ്യങ്ങൾ ........ 13
ദുഃഖകരമായ ദൈവരഹസ്യങ്ങൾ ........ 14
മഹിമയുടെ രഹസ്യങ്ങൾ ........ 16
പ്രകാശത്തിന്റെ ദൈവരഹസ്യങ്ങൾ ........ 17
അമ്പത്തിമൂന്നുമണിജപം ........ 19
പരിശുദ്ധ രാജ്ഞി (രാജകന്യകേ) ........ 22
മാർ യൗസേപ്പുപിതാവിനോടുള്ള ജപം ........ 23
എത്രയും ദയയുള്ള മാതാവേ ........ 24
കുടുംബപ്രതിഷ്ഠ ........ 25
കരുണയുടെ ജപമാല ........ 26
ചെറിയ ഒപ്പീസ് ........ 27
കുരിശിന്റെ വഴി ........ 33
നിത്യസഹായ മാതാവിന്റെ സ്തുതിക്കായുള്ള പ്രാർത്ഥന ........ 59
തിരുഹൃദയ നൊവേന ........ 67
വി. അൽഫോൻസായോടുള്ള മാദ്ധ്യസ്ഥ്യപ്രാർത്ഥന ........ 75
വി. ചാവറ കുര്യാക്കോസിനോടുള്ള മാദ്ധ്യസ്ഥ്യപ്രാർത്ഥന ........ 85
8 നോമ്പ് ........ 94

## കുരിശടയാളം

### ചെറുത്

പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മേൻ.

### വലുത്

വിശുദ്ധ കുരിശിന്റെ + അടയാളത്താൽ ഞങ്ങളുടെ + ശത്രുക്കളിൽനിന്ന് ഞങ്ങളെ രക്ഷിക്കണമെ + ഞങ്ങളുടെ തമ്പുരാനേ, പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ആമ്മേൻ.

## ത്രിത്വസ്തുതി

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിയിലേപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.



## പരിശുദ്ധാത്മാവിനോടുള്ള ജപം


റൂഹാദ്ക്കുദശാ തമ്പുരാനേ എഴുന്നള്ളി വരണമേ. അങ്ങേ വെളിവിന്റെ കതിരുകൾ ആകാശത്തിൻ വഴിയേ അയച്ചരുളണമേ. അഗതികളുടെ പിതാവേ! ദാനങ്ങൾ നല്കുന്നവനേ! ഹൃദയത്തിന്റെ പ്രകാശമേ എഴുന്നള്ളിവരണമേ. എത്രയും നല്ല ആശ്വസിപ്പിക്കുന്നവനേ ആത്മാവിനു മധുരമുള്ള വിരുന്നേ, മധുരമുള്ള തണുപ്പേ, അലച്ചിലിൽ സുഖമേ, ഉഷ്ണത്തിൽ തണുപ്പേ, കരച്ചിലിൽ സൈ്വര്യമേ, എഴുന്നള്ളി വരണമേ. എത്രയും ആനന്ദത്തോടുകൂടിയിരിക്കുന്ന പ്രകാശമേ, അങ്ങേ വിശ്വാസികളുടെ

ഹൃദയത്തിന്റെ ഉള്ളുകളെ അങ്ങ് നിറയ്ക്കണമേ. അങ്ങേ, വെളിവുകൂടാതെ മനുഷ്യരിൽ ദോഷമല്ലാതെ ഒന്നുമില്ല. അറപ്പുള്ളതു കഴുകണമേ, വാടിപ്പോയത് നനയ്ക്കണമേ. മുറിവേറ്റിരിക്കുന്നത് സുഖപ്പെടുത്തണമേ, രോഗങ്ങൾ സുഖപ്പെടുത്തണമേ, കടുപ്പമുള്ളതു മയപ്പെടുത്തണമേ, ആറിപ്പോയതു ചൂടുപിടിപ്പിക്കേണമേ, വഴിതെറ്റിപ്പോയതു നേരേയാക്കണമേ, അങ്ങിൽ ശരണപ്പെട്ടിരിക്കുന്ന വിശ്വാസികൾക്ക് അങ്ങേ ഏഴു വിശുദ്ധ ദാനങ്ങൾ നല്കണമേ. ഭാഗ്യമരണവും പുണ്യയോഗ്യതയും നിത്യാനന്ദവും അവിടുന്ന് ഞങ്ങൾക്കു കല്പിച്ചരുളണമേ. ആമ്മേൻ.

## സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

(കർതൃ പ്രാർത്ഥന)

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം



പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

അന്നന്നു വേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളോടു തെറ്റു ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിന്മയിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ. ആമ്മേൻ

## നന്മ നിറഞ്ഞ മറിയമേ

നന്മ നിറഞ്ഞ മറിയമേ സ്വസ്തി ! കർത്താവ് അങ്ങയോടുകൂടെ, സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു. അങ്ങയുടെ ഉദരത്തിൻ ഫലമായ ഈശോ അനുഗ്രഹിക്ക



പ്പെട്ടവനാകുന്നു.

പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണ സമയത്തും തമ്പുരാനോട് അപേക്ഷിക്കേണമെ.

ആമ്മേൻ.

## ത്രിസന്ധ്യാജപം

കർത്താവിന്റെ മാലാഖ പരിശുദ്ധ മറിയത്തോട് വചിച്ചു. പരിശുദ്ധാത്മാവിനാൽ മറിയം ഗർഭം ധരിച്ചു. 1 നന്മ.

ഇതാ കർത്താവിന്റെ ദാസി! നിന്റെ വചനം പോലെ എന്നിലാകട്ടെ. 1 നന്മ.

വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. 1. നന്മ

ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ,

സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

### പ്രാർത്ഥിക്കാം

സർവ്വേശ്വരാ മാലാഖയുടെ സന്ദേശത്താൽ അങ്ങയുടെ പുത്രനായ ഈശോമിശിഹായുടെ മനുഷ്യാവതാര വാർത്ത അറിഞ്ഞിരിക്കുന്ന ഞങ്ങൾ അവിടുത്തെ പീഢാനുഭവവും കുരിശുമരണവും മുഖേന ഉയിർപ്പിന്റെ മഹിമയെ പ്രാപിക്കാൻ അനുഗ്രഹിക്കണമേ എന്നു ഞങ്ങളുടെ കർത്താവായ ഈശോമിശിഹാ വഴി അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. 3 ത്രിത്വ.

## വിശുദ്ധവാര ത്രിസന്ധ്യാ ജപം

(പെസഹാ ബുധൻ തുടങ്ങി ഉയിർപ്പുവരെ)

മിശിഹാ നമുക്കുവേണ്ടി മരണത്തോളം കീഴ്വഴങ്ങി. അതെ, അവിടുന്ന് കുരിശുമരണത്തോളം കീഴ്വഴങ്ങി, അതിനാൽ സർവ്വേശ്വരൻ അവിടുത്തെ ഉയർത്തി. എല്ലാ നാമത്തേക്കാളും ഉന്നതമായ നാമം അവിടത്തേക്കു നൽകി. (1. സ്വർഗ്ഗ)

### പ്രാർത്ഥിക്കാം

സർവ്വേശ്വരാ, ഞങ്ങളുടെ കർത്താവായ ഈശോ മർദ്ദകരുടെ കരങ്ങളിൽ അകപ്പെട്ടു കുരിശിലെ പീഡനങ്ങൾ സഹിച്ചു രക്ഷിച്ച ഈ കുടുംബത്തെ തൃക്കൺ പാർക്കണമേ എന്ന് അങ്ങയോടുകൂടെ എന്നേക്കും ജീവിച്ചു വാഴുന്ന ഞങ്ങളുടെ കർത്താവ് ഈശോമിശിഹാവഴി അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

## പെസഹാക്കാല ത്രിസന്ധ്യാജപം

(ഉയിർപ്പു തുടങ്ങി ത്രിത്വത്തിന്റെ ഞായർ വരെ)

സ്വർല്ലോകരാജ്ഞി ആനന്ദിച്ചാലും; ഹല്ലേലുയ്യ

എന്തെന്നാൽ ഭാഗ്യവതിയായ അങ്ങയുടെ തിരുവുദരത്തിൽ അവതരിച്ചയാൾ; ഹല്ലേലുയ്യ

അരുളിച്ചെയ്തതുപോലെ ഉയിർത്തെഴുന്നേറ്റു; ഹല്ലേലുയ്യ

ഞങ്ങൾക്കുവേണ്ടി സർവ്വേശ്വരനോട് പ്രാർത്ഥിക്കേണമേ; ഹല്ലേലുയ്യ

കന്യാമറിയമേ, ആമോദിച്ചാനന്ദിച്ചാലും; ഹല്ലേലുയ്യ

എന്തെന്നാൽ കർത്താവ് സത്യമായി ഉയിർത്തെഴുന്നേറ്റു; ഹല്ലേലുയ്യ

## പ്രാർത്ഥിക്കാം

സർവ്വേശ്വരാ, അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ ഉത്ഥാനത്താൽ ലോകത്തെ ആനന്ദിപ്പിക്കുവാൻ അങ്ങ് തിരുമനസ്സായ ല്ലോ. അവിടുത്തെ മാതാവായ കന്യകാമറിയം മുഖേന ഞങ്ങൾ നിത്യാനന്ദം പ്രാപിക്കാൻ അനുഗ്രഹം നൽക ണമേ എന്ന് അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ

## മനസ്താപപ്രകരണം

എന്റെ ദൈവമേ, ഏറ്റം നല്ലവനും എല്ലാറ്റിനും ഉപ രിയായി സ്നേഹിക്കപ്പെടാൻ യോഗ്യനുമായ അങ്ങേ ക്കെതിരായി പാപം ചെയ്തുപോയതിനാൽ ഞാൻ പൂർ ണ്ണഹൃദയത്തോടെ മനസ്തപിക്കുകയും പാപങ്ങളെ വെറുക്കുകയും ചെയ്യുന്നു. അങ്ങയെ ഞാൻ സ്നേ ഹിക്കുന്നു. എന്റെ പാപങ്ങളാൽ എന്റെ ആത്മാവിനെ അശുദ്ധമാക്കിയതിനാലും സ്വർഗ്ഗത്തെ നഷ്ടപ്പെടുത്തി നരകത്തിന് അർഹനായി (അർഹയായി) തീർന്നതിന ാലും ഞാൻ ഖേദിക്കുന്നു.

അങ്ങയുടെ പ്രസാദവരസഹായത്താൽ പാപസാഹ ചര്യങ്ങളെ ഉപേക്ഷിക്കുമെന്നും, മേലിൽ പാപം ചെയ്യു കയില്ലെന്നും ദൃഢമായി ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ഏതെങ്കിലുമൊരു പാപം ചെയ്യുക എന്നതിനേക്കാൾ മരിക്കുവാനും ഞാൻ സന്നദ്ധനാ (സന്നദ്ധയാ) യിരി ക്കുന്നു. ആമ്മേൻ.

## കുമ്പസാരത്തിനുള്ള ജപം

സർവ്വശക്തനായ ദൈവത്തോടും നിത്യകന്യക യായ പരിശുദ്ധ മറിയത്തോടും, പ്രധാന മാലാഖയായ

വിശുദ്ധ മിഖായേലിനോടും, വിശുദ്ധ സ്നാപക യോഹന്നാനോടും ശ്ലീഹന്മാരായ വിശുദ്ധ പത്രോസിനോടും, വിശുദ്ധ പൗലോസിനോടും, വിശുദ്ധ തോമായോടും, സകല വിശുദ്ധരോടും, പിതാവേ അങ്ങയോടും ഞാൻ ഏറ്റു പറയുന്നു. വിചാരത്താലും വാക്കാലും പ്രവൃത്തിയാലും ഉപേക്ഷയാലും ഞാൻ വളരെയേറെ പാപംചെയ്തുപോയി. എന്റെ പിഴ എന്റെ പിഴ എന്റെ വലിയ പിഴ.

ആകയാൽ നിത്യ കന്യകയായ പരിശുദ്ധ മറിയത്തോടും, പ്രധാന മാലാഖയായ വിശുദ്ധ മിഖായേലിനോടും, വിശുദ്ധ സ്നാപക യോഹന്നാനോടും ശ്ലീഹന്മാരായ വിശുദ്ധ പത്രോസിനോടും, വിശുദ്ധ പൗലോസിനോടും, വിശുദ്ധ തോമായോടും, സകല വിശുദ്ധന്മാരോടും, പിതാവേ അങ്ങയോടും, നമ്മുടെ കർത്താവായ ദൈവത്തോട് എനിക്കു വേണ്ടി പ്രാർത്ഥിക്കണമേ എന്നു ഞാൻ അപേക്ഷിക്കുന്നു. ആമ്മേൻ

## സുവിശേഷഭാഗ്യങ്ങൾ എട്ട്

1. ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ സ്വർഗരാജ്യം അവരുടേതാകുന്നു.
2. എളിമയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ ഭൂമിയെ അവകാശമായി അനുഭവിക്കും
3. ദുഃഖിതർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ ആശ്വസിക്കപ്പെടും
4. നീതിയെക്കുറിച്ചു വിശപ്പും ദാഹവും സഹിക്കുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ തൃപ്തരാകും
5. കരുണയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവരുടെ മേൽ കരുണയുണ്ടാകും
6. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും.

7. സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിന്റെ പുത്രന്മാരെന്നു വിളിക്കപ്പെടും.
8. നീതി നിമിത്തം പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ സ്വർഗരാജ്യം അവരുടേതാകുന്നു

## ദൈവകല്പനകൾ

1. നിന്റെ കർത്താവായ ദൈവം ഞാനാകുന്നു. ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്.
2. ദൈവത്തിന്റെ നാമം വൃഥാ ഉപയോഗിക്കരുത്.
3. കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം.
4. മാതാപിതാക്കന്മാരെ ബഹുമാനിക്കണം.
5. കൊല്ലരുത്.
6. വ്യഭിചാരം ചെയ്യരുത്.
7. മോഷ്ടിക്കരുത്.
8. കള്ളസാക്ഷ്യം പറയരുത്.
9. അന്യന്റെ ഭാര്യയെ മോഹിക്കരുത്.
10. അന്യന്റെ വസ്തുക്കൾ ആഗ്രഹിക്കരുത്.

### ഈ പത്തു കല്പനകൾ രണ്ടു കല്പനകളിൽ സംഗ്രഹിക്കാം.

1. എല്ലാറ്റിലും ഉപരിയായി ദൈവത്തെ സ്നേഹിക്കുക.
2. തന്നെപ്പോലെതന്നെ മറ്റുള്ളവരെയും സ്നേഹിക്കുക.

## നല്ല കുമ്പസാരത്തിനു വേണ്ട കാര്യങ്ങൾ അഞ്ച്

1. പാപങ്ങളെല്ലാം ക്രമമായി ഓർക്കുന്നത്
2. പാപങ്ങളെക്കുറിച്ച് പശ്ചാത്തപിക്കുന്നത്
3. മേലിൽ പാപം ചെയ്യുകയില്ലെന്ന് പ്രതിജ്ഞ ചെയ്യുന്നത്.

4. ചെയ്തുപോയ മാരകപാപങ്ങളെങ്കിലും വൈദികനെ അറിയിക്കുന്നത്.
5. വൈദികൻ കല്പിക്കുന്ന പ്രായശ്ചിത്തം നിറവേറ്റുന്നത്.

## പരിശുദ്ധകുർബാന യോഗ്യതയോടെ സ്വീകരിക്കാൻ വേണ്ട കാര്യങ്ങൾ

1. പ്രസാദവരം ഉണ്ടായിരിക്കുന്നത്.
2. ദിവ്യകാരുണ്യ സ്വീകരണത്തിനുമുമ്പ് ഒരുമണിക്കൂർ നേരത്തേയ്ക്ക് ഉപവസിക്കുന്നത്.
3. വേണ്ടത്ര ഭക്തിയും ഒരുക്കവും ഉണ്ടായിരിക്കുന്നത്.

## തിരുസഭയുടെ കല്പനകൾ

1. ഞായറാഴ്ചകളിലും കടപ്പെട്ട തിരുനാളുകളിലും മുഴുവൻ കുർബാനയിൽ പങ്കുകൊള്ളണം. ആ ദിവസങ്ങളിൽ വിലക്കപ്പെട്ട ജോലികൾ ചെയ്യരുത്.
2. ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കുകയും പെസഹാക്കാലത്ത് പരിശുദ്ധകുർബാന സ്വീകരിക്കുകയും വേണം.
3. സഭ നിർദ്ദേശിച്ചിരിക്കുന്ന ദിവസങ്ങളിൽ ഉപവസിക്കുകയും വിലക്കപ്പെട്ട ഭക്ഷണസാധനങ്ങൾ വർജ്ജിക്കുകയും വേണം.
4. നോമ്പുകാലത്ത് വിവാഹം ആഘോഷിക്കുകയോ സഭ മുടക്കിയിരിക്കുന്ന ആളുകളുമായി വിവാഹം നടത്തുകയോ ചെയ്യരുത്.
5. ദൈവാലയത്തിനും ദൈവീകശുശ്രൂഷകർക്കും വൈദികാദ്ധ്യക്ഷൻ നിശ്ചയിച്ചിട്ടുള്ള പതവാരവും മറ്റ് ഓഹരികളും കൊടുക്കണം.



## അമ്പത്തിമൂന്നുമണിജപം

അളവില്ലാത്ത സകല നന്മസ്വരൂപനായിരിക്കുന്ന സർവ്വേശ്വരാ കർത്താവേ! നീചമനുഷ്യരും നന്ദിഹീനരായ പാപികളുമായിരിക്കുന്ന അടിയങ്ങൾ അറുതിയില്ലാത്ത മഹിമ പ്രതാപത്തോടുകൂടിയിരിക്കുന്ന അങ്ങേ സന്നിധിയിൽ ജപം ചെയ്യാൻ അയോഗ്യരായിരിക്കുന്നു എങ്കിലും അങ്ങേ അനന്തമായ ദയയിന്മേൽ ശരണപ്പെട്ടുകൊണ്ട് പരിശുദ്ധ ദൈവമാതാവിന്റെ സ്തുതിക്കായി അമ്പത്തിമൂന്നുമണിജപം ചെയ്യാൻ ആഗ്രഹിക്കുന്നു. ഈ ജപം ഭക്തിയോടുകൂടി ചെയ്തു പലവിചാരം കൂടാതെ തികപ്പാൻ കർത്താവേ, അങ്ങു സഹായം ചെയ്യണമെ.

## വിശ്വാസപ്രമാണം

സർവ്വശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവിടുത്തെ ഏകപുത്രനും ഞങ്ങ

ളുടെ കർത്താവുമായ ഈശോമിശിഹായിലും ഞങ്ങൾ വിശ്വസിക്കുന്നു. ഈ പുത്രൻ പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി കന്യകാമറിയത്തിൽ നിന്ന് പിറന്നു; പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിച്ച് കുരിശിൽ തറയ്ക്കപ്പെട്ടു; മരിച്ച്, അടക്കപ്പെട്ടു. പാതാളങ്ങളിൽ ഇറങ്ങി മരിച്ചവരുടെ ഇടയിൽ നിന്നു മൂന്നാം നാൾ ഉയിർത്തു; സ്വർഗ്ഗത്തിലേക്കെഴുന്നള്ളി സർവ്വശക്തിയുള്ള പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു. അവിടെനിന്ന് ജീവിക്കുന്നവരേയും മരിച്ചവരേയും വിധിക്കുവാൻ വരുമെന്നും ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. വി. കത്തോലിക്കാ സഭയിലും പുണ്യവാന്മാരുടെ ഐക്യത്തിലും പാപങ്ങളുടെ മോചനത്തിലും ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു.

ആമ്മേൻ. 1 സ്വർഗ്ഗ.

പിതാവായ ദൈവത്തിന്റെ മകളായിരിക്കുന്ന പരിശുദ്ധ ദൈവമാതാവേ! ഞങ്ങളിൽ ദൈവവിശ്വാസമെന്ന പുണ്യമുണ്ടായി ഫലം ചെയ്‌വാനായിട്ട് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമെ. 1 നന്മ.

പുത്രൻ തമ്പുരാന്റെ മാതാവായിരിക്കുന്ന പരിശുദ്ധ ദൈവമാതാവേ! ഞങ്ങളിൽ ദൈവശരണമെന്ന പുണ്യമുണ്ടായി വളരുവാനായിട്ട് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമെ. 1 നന്മ.

പരിശുദ്ധാത്മാവിന്റെ സ്നേഹഭാജനമായിരിക്കുന്ന പരിശുദ്ധ ദൈവമാതാവേ! ഞങ്ങളിൽ ദൈവഭക്തിയെന്ന പുണ്യമുണ്ടായി വർദ്ധിപ്പാനായിട്ട് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമെ. 1 നന്മ. 1 ത്രിത്വ.

## സന്തോഷത്തിന്റെ രഹസ്യങ്ങൾ

*(തിങ്കൾ, ശനി ഈ ദിവസങ്ങളിലും ആഗമനകാലം മുതൽ അമ്പതു നോമ്പുവരെയുള്ള ഞായറാഴ്ചകളിലും ചൊല്ലേണ്ട സന്തോഷകരമായ ദൈവരഹസ്യങ്ങൾ)*

### 1 –ാം ദൈവരഹസ്യം

പരിശുദ്ധ കന്യാസ്ത്രീ മറിയമെ! ദൈവവചനം അങ്ങേ തിരുവുദരത്തിൽ മനുഷ്യാവതാരം ചെയ്യുമെന്ന് ഗബ്രിയേൽ ദൈവദൂതൻ ദൈവകല്പനയാൽ അങ്ങേ അറിയിച്ചതിനാൽ അങ്ങേയ്ക്കുണ്ടായ സന്തോഷത്തെ ഓർത്തു ധ്യാനിക്കുന്ന അങ്ങേ മക്കളായ ഞങ്ങൾ ഞങ്ങളുടെ ഹൃദയത്തിലും എപ്പോഴും തന്നെ സംഗ്രഹിച്ചുകൊണ്ടിരിപ്പാൻ കൃപ ചെയ്യണമെ. 1 സ്വ. 10 നന്മ. 1ത്രി.

### 2 –ാം ദൈവരഹസ്യം

പരിശുദ്ധ ദൈവമാതാവേ! അങ്ങേ ഇളയമ്മയായ ഏലീശാ പുണ്യവതിയെ അങ്ങു ചെന്നുകണ്ടപ്പോൾ ആ പുണ്യവതിക്ക് സർവ്വേശ്വരൻ ചെയ്ത കരുണയെ കണ്ട് അങ്ങേയ്ക്കുണ്ടായ അത്യധികസന്തോഷത്തെ ഓർത്തു ധ്യാനിക്കുന്ന ഞങ്ങൾ ലൗകിക സന്തോഷത്തെ പരിത്യജിച്ചു പരലോക സന്തോഷങ്ങളെ ആഗ്രഹിച്ചു തേടുവാൻ കൃപചെയ്യണമെ. 1 സ്വ. 10 നന്മ. 1 ത്രി.

### 3 –ാം ദൈവരഹസ്യം

പരിശുദ്ധ ദൈവമാതാവേ! അങ്ങേ കന്യാത്വത്തിനു അന്തരം വരാതെ അങ്ങു ദൈവകുമാരനെ പ്രസവിച്ചതിനാൽ അങ്ങേയ്ക്കുണ്ടായ സന്തോഷത്തിന്മേൽ ധ്യാനിക്കുന്ന ഞങ്ങളുടെ ഹൃദയത്തിലും താൻ ജ്ഞാനവിധമായി പിറപ്പാൻ കൃപ ചെയ്യണമെ. 1 സ്വ. 10 നന്മ. 1 ത്രി.

## 4 -ാം ദൈവരഹസ്യം

പരിശുദ്ധ ദൈവമാതാവേ! അങ്ങേ ദിവ്യകുമാരനെ ദേവാലയത്തിൽ കാഴ്ചവെച്ചപ്പോൾ മഹാത്മാക്കൾ തന്നെ സ്തുതിക്കുന്നതു കണ്ട് അങ്ങേയ്ക്കുണ്ടായ സന്തോഷത്തിന്മേൽ ധ്യാനിക്കുന്ന ഞങ്ങൾ അങ്ങേയ്ക്കു യോഗ്യമായ ദേവാലയമായിരിപ്പാൻ കൃപ ചെയ്യണമെ. 1 സ്വ. 10 നന്മ. 1 ത്രി.

## 5 -ാം ദൈവരഹസ്യം

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരൻ പന്ത്രണ്ടാം വയസ്സിൽ കാണാതെ പോയപ്പോൾ മൂന്നാം ദിവസം ദേവാലയത്തിൽ തർക്കിച്ചുകൊണ്ടിരിക്കയിൽ അങ്ങു തന്നെ കണ്ടെത്തിയതിനാൽ അങ്ങേയ്ക്കുണ്ടായ സന്തോഷത്തിന്മേൽ ധ്യാനിക്കുന്ന ഞങ്ങൾ തന്നെ ഒരിക്കലും പാപത്താൽ വിട്ടുപിരിയാതിരിപ്പാനും വിട്ടുപിരിഞ്ഞുപോയാലുടനെ മനസ്താപത്താൽ തന്നെ കണ്ടെത്തുവാനും കൃപ ചെയ്യണമെ. 1 സ്വ. 10 നന്മ. 1 ത്രി.

# ദുഃഖകരമായ ദൈവരഹസ്യങ്ങൾ

*(ചൊവ്വ, വെള്ളി ഈ ദിവസങ്ങളിലും അമ്പതുനോമ്പിന്റെ ഞായറാഴ്ചകളിലും ചൊല്ലേണ്ട ദുഃഖകരമായ ദൈവരഹസ്യങ്ങൾ)*

## 1 -ാം ദൈവരഹസ്യം

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരൻ പൂങ്കാവനത്തിൽ വച്ചു നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ രക്തം വിയർത്തു എന്നതിന്മേൽ ധ്യാനിക്കുന്ന ഞങ്ങൾ ഞങ്ങളുടെ പാപങ്ങളിന്മേൽ മനഃസ്തപിച്ച് പാപശാന്തി ലഭിക്കുവാൻ കൃപ ചെയ്യണമെ. 1 സ്വ. 10 നന്മ. 1 ത്രി.

## 2 -ാം ദൈവരഹസ്യം

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരൻ കൽ

ത്തൂണിൽ കെട്ടപ്പെട്ടു ചമ്മട്ടികളാൽ അടിക്കപ്പെട്ടു എന്ന തിന്മേൽ ധ്യാനിക്കുന്ന ഞങ്ങൾ ഞങ്ങളുടെ പാപങ്ങ ളാൽ ഉണ്ടാകുന്ന കഠിനശിക്ഷകളിൽ നിന്നു മനസ്താ പത്താലും നല്ല വ്യാപാരത്താലും ഒഴിഞ്ഞുമാറുവാൻ കൃപ ചെയ്യണമെ. 1 സ്വ. 10 നന്മ. 1 ത്രി.

## 3 -ാം ദൈവരഹസ്യം

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരന്റെ ശിര സ്സിൽ മുൾമുടി ധരിപ്പിച്ച് പരിഹാസ രാജാവായിട്ട് തന്നെ സ്ഥാപിച്ചതിന്മേൽ ധ്യാനിക്കുന്ന ഞങ്ങൾ ഞങ്ങളുടെ ഹൃദയത്തിലുള്ള പാപമുള്ളുകളെ മനഃസ്താപത്താൽ പിഴുതുകളയുവാൻ കൃപ ചെയ്യണമെ. 1 സ്വ. 10 നന്മ. 1 ത്രി.

## 4 -ാം ദൈവരഹസ്യം

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരൻ ഈശോമിശിഹാ മരണത്തിനു വിധിക്കപ്പെട്ടു ഭാരമേറിയ സ്ലീവാമരം ചുമന്നുകൊണ്ട് ഗാഗുൽത്താ മലയിലേക്ക് പോകുന്നതിന്മേൽ ധ്യാനിക്കുന്ന ഞങ്ങൾ ദുഃഖമാകുന്ന സ്ലീവായെ ക്ഷമാപൂർവ്വം ചുമന്നുകൊണ്ട് തന്നെ അനുഗ മിക്കുവാൻ കൃപ ചെയ്യണമെ. 1 സ്വ. 10 നന്മ. 1 ത്രി.

## 5 -ാം ദൈവരഹസ്യം

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരൻ ഗാഗുൽത്താ മലയിൽവച്ച് അങ്ങേ മുമ്പാകെ ഇരുമ്പാ ണികളാൽ കുരിശിൽ തറയ്ക്കപ്പെട്ടതിന്മേൽ ധ്യാനി ക്കുന്ന ഞങ്ങളുടെ ഹൃദയത്തിൽ തന്റെ തിരുപ്പാടുകളും അങ്ങേ വ്യാകുലതകളും പതിപ്പിച്ചരുളണമേ. 1 സ്വ. 10 നന്മ. 1 ത്രി.

## മഹിമയുടെ രഹസ്യങ്ങൾ

*(ബുധൻ, ഞായർ ഈ ദിവസങ്ങളിലും ഉയിർപ്പു മുതൽ ആഗമനകാലം വരെയുള്ള ഞായറാഴ്ചകളിലും ചൊല്ലേണ്ട മഹിമയുടെ ദൈവരഹസ്യങ്ങൾ)*

### 1 –ാം ദൈവരഹസ്യം

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരൻ പാടുപെട്ടു മരിച്ചു മൂന്നാം നാൾ എന്നന്നേയ്ക്കും ജീവിക്കുന്നവനായി ഉയിർത്തതിനാലുണ്ടായ മഹിമയെ ധ്യാനിക്കുന്ന ഞങ്ങൾ പാപമായ മരണത്തിൽ നിന്ന് നിത്യമായി ഉയിർത്തെഴുന്നേല്പാൻ കൃപ ചെയ്യണമെ. 1 സ്വ. 10 നന്മ. 1 ത്രി.

### 2 –ാം ദൈവരഹസ്യം

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരൻ ഉയിർത്തു നാല്പതാം ദിവസം അനന്തമായ മഹിമ പ്രതാപത്തോടുകൂടി മോക്ഷാരോഹണം ചെയ്തതിനാലുണ്ടായ മഹിമയെ ധ്യാനിക്കുന്ന ഞങ്ങൾ പരലോകവാഴ്ചയെ മാത്രം ആഗ്രഹിച്ചു മോക്ഷഭാഗ്യം പ്രാപിക്കുവാൻ കൃപ ചെയ്യണമെ. 1 സ്വ. 10 നന്മ. 1 ത്രി.

### 3 –ാം ദൈവരഹസ്യം

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരൻ ആകാശത്തിലേക്കെഴുന്നെള്ളിയതിന്റെ പത്താംനാൾ ഊട്ടുശാലയിൽ ധ്യാനിച്ചിരുന്ന തന്റെ ശിഷ്യന്മാരുടെമേലും അങ്ങേമേലും റൂഹാദ്ക്കുദിശാതമ്പുരാനെ യാത്രയാക്കിയതിനാൽ ഉണ്ടായ മഹിമയെ ധ്യാനിക്കുന്ന ഞങ്ങൾ റൂഹാദ്ക്കുദിശായുടെ പ്രസാദവരത്താൽ ദൈവതിരുമനസ്സുപോലെ വ്യാപരിപ്പാൻ കൃപ ചെയ്യണമെ. 1 സ്വ. 10 നന്മ. 1 ത്രി.

### 4 -ാം ദൈവരഹസ്യം

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരൻ ഉയിർത്തെഴുന്നള്ളി കുറേക്കാലം കഴിഞ്ഞപ്പോൾ അങ്ങ് ഇഹലോകത്തിൽ നിന്ന് മാലാഖമാരാൽ ആകാശമോക്ഷത്തിലേക്ക് കരേറ്റപ്പെട്ടതിനാലുണ്ടായ മഹിമയെ ധ്യാനിക്കുന്ന ഞങ്ങളും അങ്ങേ സഹായത്താൽ മോക്ഷത്തിൽ വന്നുചേരുവാൻ കൃപ ചെയ്യണമെ. 1 സ്വ. 10 നന്മ. 1 ത്രി.

### 5 -ാം ദൈവരഹസ്യം

പരിശുദ്ധ ദൈവമാതാവേ! സ്വർഗ്ഗത്തിൽ അങ്ങ് എഴുന്നള്ളിയ ഉടനെ അങ്ങേ തിരുക്കുമാരൻ അങ്ങയെ ത്രിലോകരാജ്ഞിയായി മുടിധരിപ്പിച്ചതിനാലുണ്ടായ മഹിമയെ ധ്യാനിക്കുന്ന ഞങ്ങളും മോക്ഷാനന്ദഭാഗ്യത്തിൽ അങ്ങയോടു കൂടെ സന്തതം ദൈവത്തെ സ്തുതിച്ചാനന്ദിപ്പാൻ കൃപ ചെയ്യണമേ. 1 സ്വ. 10 നന്മ. 1 ത്രി.



## പ്രകാശത്തിന്റെ ദൈവരഹസ്യങ്ങൾ

*(വ്യാഴാഴ്ച ദിവസങ്ങളിൽ ചൊല്ലേണ്ടത്)*

### 1. ഈശോയുടെ ജ്ഞാനസ്നാനം

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരൻ ജോർദ്ദാൻ നദിയിൽ വച്ച് മാമ്മോദീസാ സ്വീകരിച്ചതിനെക്കുറിച്ച് ധ്യാനിക്കുന്ന ഞങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിച്ച് പുതിയ സൃഷ്ടിയാകുവാൻ കൃപ ചെയ്യണമേ. 1 സ്വ. 10 നന്മ. 1 ത്രി.

### 2. ഈശോയുടെ ആദ്യത്തെ അത്ഭുതം

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരൻ കാനായിലെ കല്യാണവിരുന്നിൽ വച്ച് തന്നെത്തന്നെ

വെളിപ്പെടുത്തിയതിനെക്കുറിച്ച് ധ്യാനിക്കുന്ന ഞങ്ങൾക്ക് ഞങ്ങളുടെ കുടുംബജീവിതത്തിലെ പ്രതിസന്ധിഘട്ടങ്ങളിൽ ആശ്വാസവും സമാധാനവും നൽകുവാൻ കൃപ ചെയ്യണമെ. 1 സ്വ. 10 നന്മ. 1 ത്രി.

## 3. ഈശോ ദൈവരാജ്യം പ്രഘോഷിക്കുന്നു.

പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരൻ ദൈവരാജ്യത്തിന്റെ ആഗമനത്തെക്കുറിച്ച് ശിഷ്യഗണത്തോട് അരുളിച്ചെയ്യുന്നതിനെക്കുറിച്ച് ധ്യാനിക്കുന്ന ഞങ്ങൾ ദൈവപിതാവിന്റെ കരുണയിൽ ആശ്രയിച്ച് മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുവാൻ കൃപ ചെയ്യണമെ. 1 സ്വ. 10 നന്മ. 1 ത്രി.

## 4. ഈശോയുടെ രൂപാന്തരീകരണം

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരൻ താബോർ മലയിൽ രൂപാന്തരീകരിക്കപ്പെട്ടതിനെക്കുറിച്ച് ധ്യാനിക്കുന്ന ഞങ്ങൾ ഞങ്ങളുടെ ജീവിതത്തിലെ ഗത്സമെനിയാകുന്ന വേദനയുടെ നിമിഷങ്ങളിൽ നിന്ന് ഉത്ഥാനത്തിന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുവാൻ കൃപ ചെയ്യണമെ. 1 സ്വ. 10 നന്മ. 1 ത്രി.

## 5. ഈശോ വി. കുർബാന സ്ഥാപിക്കുന്നു.

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരൻ നിത്യം ഞങ്ങളോടൊത്ത് വസിക്കുവാൻ വി. കുർബാന സ്ഥാപിച്ചതിനെക്കുറിച്ച് ധ്യാനിക്കുന്ന ഞങ്ങൾക്ക് കർത്താവിന്റെ ദിവ്യമായ സാന്നിധ്യം വി. കുർബാനയിൽ ദർശിക്കുവാനുള്ള അനുഗ്രഹം ലഭിപ്പാൻ കൃപ ചെയ്യണമെ.

1 സ്വ. 10 നന്മ. 1 ത്രി.

## അമ്പത്തിമൂന്നുമണിജപം കാഴ്ചവയ്ക്കേണ്ട പ്രകാരം

മുഖ്യദൂതനായിരിക്കുന്ന വിശുദ്ധ മിഖായേലേ! ദൈവദൂതന്മാരായിരിക്കുന്ന വിശുദ്ധ ഗബ്രിയേലേ! വിശുദ്ധ റപ്പായേലേ! ശ്ലീഹന്മാരായിരിക്കുന്ന വിശുദ്ധ പത്രോസേ! വിശുദ്ധ പൗലോസേ! മാർ യോഹന്നാനേ! ഞങ്ങളുടെ പിതാവായ മാർ തോമ്മായേ! ഞങ്ങളേറ്റം പാപികളായിരിക്കുന്നുവെങ്കിലും ഞങ്ങൾ ജപിച്ച ഈ അമ്പത്തിമൂന്നുമണി ജപത്തെ നിങ്ങളുടെ സ്തുതികളോടുകൂടെ ഒന്നായിട്ടുചേർത്തു പരിശുദ്ധ ദൈവമാതാവിന്റെ തൃപ്പാദത്തിങ്കൽ ഏറ്റവും വലിയ ഉപഹാരമായി കാഴ്ചവെപ്പാൻ നിങ്ങളോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

### ലുത്തിനിയാ

കർത്താവേ അനുഗ്രഹിക്കണമെ
മിശിഹായെ അനുഗ്രഹിക്കണമെ
കർത്താവേ അനുഗ്രഹിക്കണമെ
മിശിഹായെ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ
മിശിഹായെ ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമെ
ആകാശങ്ങളിലിരിക്കുന്ന ബാവാതമ്പുരാനേ
ഭൂലോകരക്ഷിതാവായ പുത്രൻ തമ്പുരാനേ
റൂഹാദ്ക്കുദ്ശാ തമ്പുരാനേ
ഏകസ്വരൂപമായിരിക്കുന്ന പരിശുദ്ധ ത്രിത്വമേ
പരിശുദ്ധ മറിയമേ
ദൈവകുമാരന്റെ പുണ്യജനനീ
കന്യാസ്ത്രീകൾക്കു മകുടമായ നിർമ്മല കന്യകയേ,
മിശിഹായുടെ മാതാവേ
ദൈവപ്രസാദത്തിന്റെ മാതാവേ
എത്രയും നിർമ്മലയായ മാതാവേ

ഞങ്ങളെ അനുഗ്രഹിക്കണമേ

അത്യന്ത വിരക്തിയുള്ള മാതാവേ
കളങ്കഹീനയായ കന്യാസ്ത്രീയായിരിക്കുന്ന മാതാവേ
കന്യാവ്രതത്തിന് അന്തരം വരാത്ത മാതാവേ
സ്നേഹഗുണങ്ങളുടെ മാതാവേ
അത്ഭുതത്തിന് വിഷയമായിരിക്കുന്ന മാതാവേ
സദുപദേശത്തിന്റെ മാതാവേ
സ്രഷ്ടാവിന്റെ മാതാവേ
രക്ഷിതാവിന്റെ മാതാവേ
വിവേകൈശ്വര്യമുള്ള കന്യകേ
പ്രകാശപൂർണ്ണമായ സ്തുതിക്കു-
യോഗ്യയായിരിക്കുന്ന കന്യകേ
സ്തുതിപ്രാപ്തിക്കൈശ്വര്യമുള്ള കന്യകേ
വല്ലഭമുള്ള കന്യകേ
കനിവുള്ള കന്യകേ
വിശ്വാസവതിയായിരിക്കുന്ന കന്യകേ
നീതിയുടെ ദർപ്പണമേ
ബോധജ്ഞാനത്തിന്റെ സിംഹാസനമേ
ഞങ്ങളുടെ തെളിവിന്റെ കാരണമേ
ആത്മജ്ഞാനപൂരിത പാത്രമേ
ബഹുമാനത്തിന്റെ പാത്രമേ
അത്ഭുതകരമായ ഭക്തിയുടെ പാത്രമേ
ദൈവരഹസ്യം നിറഞ്ഞിരിക്കുന്ന പനിനീർ കുസുമമേ
ദാവീദിന്റെ കോട്ടയേ
നിർമ്മലദന്തംകൊണ്ടുള്ള കോട്ടയേ
സ്വർണ്ണാലയമേ
വാഗ്ദാനത്തിന്റെ പെട്ടകമേ
ആകാശമോക്ഷത്തിന്റെ വാതിലേ
ഉഷഃകാലത്തിന്റെ നക്ഷത്രമേ
രോഗികളുടെ സ്വാസ്ഥ്യമേ

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

പാപികളുടെ സങ്കേതമേ
വ്യാകുലന്മാരുടെ ആശ്വാസമേ
ക്രിസ്ത്യാനികളുടെ സഹായമേ
മാലാഖമാരുടെ രാജ്ഞീ
ബാവാന്മാരുടെ രാജ്ഞീ
ദീർഘദർശികളുടെ രാജ്ഞീ
ശ്ലീഹന്മാരുടെ രാജ്ഞീ
വേദസാക്ഷികളുടെ രാജ്ഞീ
വന്ദനീയന്മാരുടെ രാജ്ഞീ
കന്യാസ്ത്രീകളുടെ രാജ്ഞീ
സകല പുണ്യവാന്മാരുടെയും രാജ്ഞീ
അമലോത്ഭവയായിരിക്കുന്ന രാജ്ഞീ
സ്വർഗ്ഗാരോപിതയായിരിക്കുന്ന രാജ്ഞീ
പരിശുദ്ധ ജപമാലയുടെ രാജ്ഞീ
സമാധാനത്തിന്റെ രാജ്ഞീ
കർമ്മല സഭയുടെ അലങ്കാരമായ രാജ്ഞീ

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

ഭൂലോകപാപങ്ങളെ നീക്കുന്ന ദിവ്യ-
ചെമ്മരിയാടായിരിക്കുന്ന ഈശോ തമ്പുരാനേ
*കർത്താവേ ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ*
ഭൂലോകപാപങ്ങളെ നീക്കുന്ന...
*കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ*
ഭൂലോക പാപങ്ങളെ നീക്കുന്ന...
*കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമെ*

സർവ്വേശ്വരന്റെ പുണ്യസംപൂർണ്ണയായ മാതാവേ ഇതാ അങ്ങേപ്പക്കൽ ഞങ്ങൾ അഭയം തേടുന്നു. ഞങ്ങളുടെ ആവശ്യനേരത്ത് ഞങ്ങളുടെ യാചനകൾ അങ്ങു നിരസിക്കല്ലേ. ഭാഗ്യവതിയും ആശീർവദിക്കപ്പെട്ടവളുമായ അമ്മേ സകലയാപ

ത്തുകളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ.

മു: ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ

സ: സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.

## പ്രാർത്ഥിക്കാം

കർത്താവേ, പൂർണ്ണഹൃദയത്തോടെ സാഷ്ടാംഗം പ്രണമിക്കുന്ന ഈ കുടുംബത്തെ തൃക്കൺപാർത്ത് എപ്പോഴും കന്യകയായിരിക്കുന്ന പരിശുദ്ധ മറിയത്തിന്റെ അപേക്ഷയാൽ സകല ശത്രുക്കളുടെ ഉപദ്രവങ്ങളിൽ നിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. ഈ അപേക്ഷകളൊക്കെയും ഞങ്ങളുടെ കർത്താവീശോമിശിഹായുടെ യോഗ്യതകളെക്കുറിച്ച് ഞങ്ങൾക്കു കല്പിച്ചരുളണമേ. ആമ്മേൻ

## പരിശുദ്ധ രാജ്ഞി (രാജകന്യകേ)



പരിശുദ്ധ രാജ്ഞീ, കരുണയുടെ മാതാവേ, സ്വസ്തി! ഞങ്ങളുടെ ജീവനും മാധുര്യവും ശരണവുമേ സ്വസ്തി! ഹാവായുടെ പുറംതള്ളപ്പെട്ട മക്കളായ ഞങ്ങൾ അങ്ങേ പക്കൽ നിലവിളിക്കുന്നു. കണ്ണുനീരിന്റെ ഈ താഴ്വരയിൽ നിന്ന് വിങ്ങിക്കരഞ്ഞ് അങ്ങേ പക്കൽ ഞങ്ങൾ നെടുവീർപ്പിടുന്നു. ആകയാൽ ഞങ്ങളുടെ മദ്ധ്യസ്ഥേ! അങ്ങയുടെ കരുണയുള്ള കണ്ണുകൾ ഞങ്ങളുടെ നേരെ തിരിക്കണമെ. ഞങ്ങളുടെ ഈ പ്രവാസത്തിനുശേഷം അങ്ങയുടെ ഉദരത്തിന്റെ അനുഗ്രഹീതഫലമായ ഈശോയെ ഞങ്ങൾക്കു കാണിച്ചുതര

ണമെ. കരുണയും വാത്സല്യവും മാധുര്യവും നിറഞ്ഞ കന്യകാമറിയമേ! ആമ്മേൻ.

## പ്രാർത്ഥിക്കാം

സർവ്വശക്തനും നിത്യനുമായ സർവ്വേശ്വരാ, ഭാഗ്യവതിയായിരിക്കുന്ന പരിശുദ്ധ മറിയത്തിന്റെ ആത്മാവും ശരീരവും റൂഹാദ്ക്കുദ്ശായുടെ അനുഗ്രഹത്താലെ അങ്ങേ ദിവ്യപുത്രനു യോഗ്യമായ പീഠമായിരിപ്പാൻ പൂർവ്വികമായി അങ്ങു നിയമിച്ചുവല്ലോ. ഈ ദിവ്യമാതാവിനെ നിനച്ച് സന്തോഷിക്കുന്ന ഞങ്ങൾ അവരുടെ അനുഗ്രഹമുള്ള അപേക്ഷയാൽ ഈ ലോകത്തുള്ള സകല ആപത്തുകളിലും നിത്യമരണത്തിലും നിന്ന് രക്ഷിക്കപ്പെടുവാൻ കൃപ ചെയ്യണമെ. ഈ അപേക്ഷകളെല്ലാം ഞങ്ങളുടെ കർത്താവീശോമിശിഹായുടെ യോഗ്യതകളെക്കുറിച്ച് ഞങ്ങൾക്ക് കല്പിച്ചരുളണമേ. ആമ്മേൻ.

## മാർ യൗസേപ്പുപിതാവിനോടുള്ള ജപം

ഭാഗ്യപ്പെട്ട മാർ യൗസേപ്പേ, ഞങ്ങളുടെ അനർത്ഥങ്ങളിൽ അങ്ങേപ്പക്കൽ ഓടിവന്ന് അങ്ങേ പരിശുദ്ധ ഭാര്യയോടു സഹായം അപേക്ഷിച്ചതിന്റെ ശേഷം അങ്ങേ മദ്ധ്യസ്ഥതയേയും ഞങ്ങൾ ഇപ്പോൾ മനോശരണത്തോടു കൂടി യാചിക്കുന്നു.



ദൈവജനനിയായ അമലോത്ഭവ കന്യകയോട് അങ്ങേ ഒന്നിപ്പിച്ച ദിവ്യസ്നേഹത്തെക്കുറിച്ചും ഉണ്ണീശോയെ അങ്ങ് ആലിംഗനം ചെയ്ത പൈതൃകമായ സ്നേഹത്തെക്കുറിച്ചും ഈശോമിശിഹാ തന്റെ തിരുരക്തത്താൽ നേടിയ അവകാശത്തിന്മേൽ കൃപയോടെ

നോക്കണമെന്നും അങ്ങേ ശക്തിയാലും മഹത്വത്താലും ഞങ്ങളുടെ ആവശ്യങ്ങളിൽ ഞങ്ങളെ സഹായിക്കണമെന്നും സവിനയം അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

തിരുക്കുടുംബത്തിന്റെ എത്രയും വിവേകമുള്ള സംരക്ഷകനേ! ഈശോമിശിഹായുടെ തെരഞ്ഞെടുക്കപ്പെട്ട ജനത്തെ ആദരിക്കണമെ. എത്രയും സ്നേഹമുള്ള പിതാവേ! അബദ്ധത്തിന്റെയും വഷളത്വത്തിന്റെയും കറകളൊക്കെയിൽ നിന്നും ഞങ്ങളെ കാത്തുരക്ഷിക്കണമെ. ഞങ്ങളുടെ എത്രയും വല്ലഭനായ പാലകാ! അന്ധകാരശക്തികളോടു ഞങ്ങൾ ചെയ്യുന്ന യുദ്ധത്തിൽ സ്വർഗ്ഗത്തിൽ നിന്നു ഞങ്ങളെ കൃപയോടെ സഹായിക്കണമെ.

അങ്ങ് ഒരിക്കൽ ഉണ്ണീശോയെ മരണകരമായ അപകടത്തിൽ നിന്നു രക്ഷിച്ചതുപോലെ ഇപ്പോൾ ദൈവത്തിന്റെ തിരുസഭയെ ശത്രുവിന്റെ കെണിയിൽ നിന്നും കാത്തുകൊള്ളണമെ. ഞങ്ങൾ അങ്ങേ മാതൃകയെ അനുസരിച്ച് അങ്ങേ സഹയത്താൽ ബലം പ്രാപിച്ച് പുണ്യജീവിതം കഴിപ്പാനും നല്ല മരണം ലഭിച്ച്, സ്വർഗ്ഗത്തിൽ നിത്യഭാഗ്യം പ്രാപിപ്പാനും തക്കവണ്ണം അങ്ങേ മദ്ധ്യസ്ഥതയാൽ ഞങ്ങളെല്ലാവരേയും എല്ലായ്പ്പോഴും കാത്തുകൊള്ളണമേ. ആമ്മേൻ.

## എത്രയും ദയയുള്ള മാതാവേ



എത്രയും ദയയുള്ള മാതാവേ, നിന്റെ സങ്കേതത്തിൽ ഓടിവന്ന് നിന്റെ സഹായം അപേക്ഷിച്ച് നിന്റെ മാധ്യസ്ഥം അപേക്ഷിച്ചവരിൽ ഒരുവനെയെങ്കിലും നീ ഉപേക്ഷിച്ചതായി കേട്ടിട്ടില്ല എന്നു നീ ഓർക്കണമേ. കന്യകകളുടെ രാജ്ഞിയായ കന്യകേ, ദയയുള്ള

മാതാവേ, ഈ വിശ്വാസത്താൽ ധൈര്യപ്പെട്ട് നിന്റെ തൃപ്പാദത്തിങ്കൽ ഞാൻ അണയുന്നു. വിലപിച്ചു കണ്ണു നീർചിന്തി പാപിയായ ഞാൻ നിന്റെ ദയാധിക്യത്തെ കാത്തുകൊണ്ട് അങ്ങേ സന്നിധിയിൽ നിൽക്കുന്നു. അവതരിച്ച വചനത്തിന്റെ മാതാവേ! എന്റെ അപേക്ഷ ഉപേക്ഷിക്കാതെ ദയാപൂർവ്വം കേട്ടരുളേണമേ.

ആമ്മേൻ.

## കുടുംബപ്രതിഷ്ഠ

ഈശോയുടെ തിരുഹൃദയമേ, ഈ കുടുംബ ത്തേയും ഞങ്ങളെ ഓരോരുത്തരെയും അങ്ങേക്ക് പ്ര തിഷ്ഠിക്കുന്നു. ഞങ്ങളുടെ ഈ കുടുംബത്തിൽ അങ്ങ് രാജാവായി വാഴണമെ. ഞങ്ങളുടെ പ്രവൃത്തികളെല്ലാം അങ്ങുതന്നെ നയന്ത്രിക്കണമേ. ഞങ്ങളുടെ ഉദ്യമങ്ങ ളെല്ലാം ആശീർവദിക്കുകയും ഞങ്ങളുടെ സന്തോഷങ്ങൾ വിശുദ്ധീകരിക്കുകയും സങ്കടങ്ങളിൽ ആശ്വാസം ന ൽകുകയും ചെയ്യണമെ. ഞങ്ങളിൽ ആരെങ്കിലും അങ്ങയെ ഉപദ്രവിക്കാൻ ഇടയായാൽ ഞങ്ങളോട് ക്ഷമിക്കണമേ. കുടുംബത്തിലുള്ള വരെയും ഇവിടെ നിന്ന് അകന്നിരിക്കുന്നവരെയും സമൃദ്ധമായി അനുഗ്രഹിക്കണമേ. ഞങ്ങളുടെ മരിച്ചുപോയ കുടുംബാം ഗങ്ങളെ നിത്യ ഭാഗ്യത്തിൽ പ്രവേശിപ്പിക്കണമേ. അങ്ങയെ കണ്ടാ നന്ദിക്കാൻ സ്വർഗ്ഗത്തിലെത്തുന്നതുവരെ ആത്മീയവും ശാരീരികവുമായ എല്ലാ വിപത്തുകളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമേ.

മറിയത്തിന്റെ വിമലഹൃദയവും മാർ യൗസേപ്പു പിതാ വും ഞങ്ങളുടെ പ്രതിഷ്ഠയെ അങ്ങേക്കു സമർപ്പി ക്കുകയും ജീവിതകാലം മുഴുവനും ഇതിന്റെ സജീവ സ്മരണ ഞങ്ങളിൽ നിലനിർത്തുകയും ചെയ്യട്ടെ.

ഈശോയുടെ തിരുഹൃദയമേ,
ഞങ്ങളെ അനുഗ്രഹിക്കണമേ

മറിയത്തിന്റെ വിമലഹൃദയമേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

വി. യൗസേപ്പിതാവേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

ഞങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

വി. മാർഗ്ഗരീത്താ മറിയമേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ

## കരുണയുടെ ജപമാല

**1. സ്വ. 1. നൻമ 1. ത്രി.**

**വിശ്വാസപ്രമാണം**



നിത്യപിതാവേ, എന്റെയും ലോകമൊക്കെയുടെയും പാപപരിഹാരത്തിനായി അങ്ങയുടെ വൽസലസുതനും ഞങ്ങളുടെ രക്ഷകനുമായ കർത്താവീശോമിശിഹായുടെ തിരുശരീരരക്തങ്ങളും ആത്മാവും ദൈവത്വവും അങ്ങേക്ക് ഞാൻ കാഴ്ചവയ്ക്കുന്നു.

ഈശോയുടെ അതിദാരുണമായ പീഡകളെക്കുറിച്ച്

ഞങ്ങളുടെയും ലോകമൊക്കെയുടെ മേലും കൃപയായിരിക്കണമേ.

(10 പ്രാവശ്യം)

പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ, ഞങ്ങളുടെ മേൽ കൃപയായിരിക്കണമേ. (3 പ്രാവശ്യം)

(ഇങ്ങനെ 5 പ്രാവശ്യം ചൊല്ലുക)

# ചെറിയ ഒപ്പീസ്

*കാർമ്മികൻ തിരുവസ്ത്രങ്ങളണിഞ്ഞ് ഹൈക്കാലായിൽ കറുപ്പു വിരിച്ചിരിക്കുന്നതിന്റെ തലയ്ക്കൽ ജനങ്ങളുടെ നേരെ തിരിഞ്ഞുനിൽക്കുന്നു.*

**ശുശ്രൂ:** മരിച്ചവരെ ഉയിർപ്പിക്കുന്നവനേ നിന്റെ തിരുനാമത്തിനു സ്തുതി. പ്രാർത്ഥിക്കാം നമുക്ക് സമാധാനം.

**കാർമ്മി:** കരുണയുള്ള കർത്താവേ, കരയുന്നവർ നിന്നെ വിളിക്കുകയും സങ്കടപ്പെടുന്നവർ നിന്നെ ആശ്രയിക്കുകയും ചെയ്യുന്നു. നിന്റെ വാഗ്ദാനങ്ങളുടെ പ്രതീക്ഷയാൽ നിന്റെ ദാസനെ (ദാസിയെ) ആശ്വസിപ്പിക്കണമേ. ജീവന്റേയും മരണത്തിന്റേയും നാഥനും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

### ഗാനം

(മൽക്കാ മിശിഹാ)

1. **"എന്റെ കർത്താവേ നിന്നെ ഞാൻ പ്രകീർത്തിക്കും"**

മഹിമയോടന്തിമ വിധിനാളിൽ
കർത്താവേ നീയണയുമ്പോൾ
കരുണയോടെന്നെ നിറുത്തണമേ
നല്ലവരൊത്തു വലംഭാഗേ.

2. **"കർത്താവേ, നിന്നെ ഞാനാശ്രയിച്ചു"**

കർത്താവേ നിൻ കുരുശിനെ ഞാ-
നാരാധിച്ചു വണങ്ങുന്നു
അതുതാൻ ഞങ്ങൾക്കുത്ഥാനം
രക്ഷയുമുയിരും നൽകുന്നു.

3. **“ആകാശവും ഭൂമിയും നിന്റേതാകുന്നു”**

ആകാശവുമീ ഭൂതലവും
താവകമല്ലോ കർത്താവേ,
ജീവിക്കുന്നവനഭയം നീ
നൽകണമേ മൃതനായുസ്സും

4. **“അവരാനന്ദകീർത്തനങ്ങൾ പാടും”**

മൃതരാം നരരുടെ പാപങ്ങൾ
മായ്ക്കണമേ നിൻ കൃപയാലേ
മാമ്മോദീസാവഴിയങ്ങേ
സുതരാണവരെന്നോർക്കണമേ

5. **“അവന്റെ സന്തോഷത്തിലവരാനന്ദിക്കും”**

കർത്താവേ നിൻ ശോണിതവും
ദിവ്യശരീരവുമറിവോടെ
ഉൾക്കൊണ്ടവരാം നിൻ സുതരേ
നിത്യവിരുന്നിൽച്ചേർക്കണമേ.

6. **“അവരിലാരും അവശേഷിച്ചില്ല”**

മഴപെയ്യുമ്പോൾ വയലുകളിൽ
വിത്തുകൾ പൊട്ടി മുളയ്ക്കുന്നു
കാഹളനാദം കേൾക്കുമ്പോൾ
മൃതരിൽ ജീവനുദിക്കുന്നു.

7. **“പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി”**

ബാവാ പുത്രൻ റൂഹായേ,
മൃതനാമെന്നിൽ കനിയേണം
ജീവൻ നൽകി മഹോന്നതമാം
പ്രഭയുടെ നാട്ടിൽ ചേർക്കേണം.

8. **“ആദിമുതൽ എന്നേക്കും ആമ്മേൻ”**

തെളിവായെന്നുടെ നാഥാ, നിൻ

തിരുമിഴിയെല്ലാം കാണുന്നു;
നിരവധിയാമെൻ പാപങ്ങൾ
നിരയായെണ്ണി വിധിക്കല്ലേ.

**ശുശ്രൂ:** പ്രാർത്ഥിക്കാം, നമുക്ക് സമാധാനം.

**കാർമ്മി:** കർത്താവേ, നിന്റെ കരുണ ഞങ്ങളെ അനുഗമിക്കുകയും നിന്റെ ദയാധിക്യം ഞങ്ങളുടെ പാപങ്ങൾ മായിച്ചുകളയുകയും ചെയ്യുമാറാകട്ടെ. മഹനീയമായ നിന്റെ ത്രിത്വത്തിന്റെ അനുഗ്രഹം ഞങ്ങളെ സഹായിക്കുമാറാകട്ടെ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** കർത്താവേ, നീ ആകാശത്തിലും ഭൂമിയിലും സ്തുത്യർഹനാകുന്നു. ഞങ്ങളുടെ ജീവന്റെ കാരണവും ആത്മാവിന്റെ പ്രത്യാശയും നീയാകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും

**സമൂ:** ആമ്മേൻ.

## പ്രബോധനഗാനം

(കുർബാന കഴിഞ്ഞയുടനെയാണെങ്കിൽ)

(കമ്പെൽ മാറൻ.......)

**കാർമ്മി** : കൈക്കൊള്ളണമേ, ഹൃദയംഗമമാം
വിശ്വാസമോടെ ദാസൻ ചെയ്യും
ബലിയെൻ നാഥാ, തിരുസന്നിധിയിൽ.

**സമൂ** : കൈക്കൊള്ളണമേ............

**കാർമ്മി** : പൂർവ്വന്മാരാം നോഹ് അബറാഹം
ഇസഹാക്ക് യാക്കോബ്
മഹിതാശയർതൻ

പരിപാവനമാം ബലികൾ പോലെ.

**സമൂ** : കൈക്കൊള്ളണമേ........

**കാർമ്മി** : പുരുവൽസലരാം ശ്ലീഹരുമൊരുപോൽ
വിനയാന്വിതരായ് തവസന്നിധിയിൽ
ചെയ്തൊരു നവമാം ബലിപോൽ നാഥാ.

**സമൂ** : കൈക്കൊള്ളണമേ......

## *മറ്റവസരങ്ങളിൽ*

(ലാതെക്റേലാക്)

**കാർമ്മി** : ഉന്നതനൃപനാം മിശിഹാനാഥാ, മൃതരെല്ലാരും
മിന്നിവിളങ്ങും വദനമൊടുണരാൻ വരമരുളേണം

**സമൂ** : ഉന്നതനൃപനാം.........

**കാർമ്മി** : വിധിയുടെ നാളിൽ വിജയപ്രഭയിൽ വിണ്ടലമെങ്ങും
പൊങ്ങിമുഴങ്ങും കാഹളനാദം പൂജിതമല്ലോ.

**സമൂ** : ഉന്നതനൃപനാം .........

**കാർമ്മി** : അന്ത്യമെഴാത്തോരവികലമോദം നുകരാൻ മൃതരേ
മഹിമാവൊഴുകും മണവറയിങ്കൽ ചേർക്കണമീശോ

**സമൂ** : ഉന്നതനൃപനാം .............

## അനുതാപസങ്കീർത്തനം

**ശുശ്രൂ**: അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു
മരിച്ചവരേ ഉയർപ്പിക്കുന്നവനേ, നിന്റെ തിരു
നാമത്തിന് സ്തുതി.

*സമൂഹം രണ്ട് ഗണമായി തുടരുന്നു.* (സ. 129)

അഗാധത്തിൽനിന്ന് നിന്നെ ഞാൻ വിളിക്കുന്നു.

കർത്താവേ, എന്റെ ശബ്ദം കേൾക്കണമേ

എന്റെ പ്രാർത്ഥന ചെവിക്കൊള്ളണമേ

കർത്താവേ, നീ പാപങ്ങളെല്ലാം ഓർത്തിരിക്കുമെങ്കിൽ ആർക്കു രക്ഷയുണ്ടാകും?

എന്തുകൊണ്ടെന്നാൽ, പാപമോചനം നിന്റെ പക്കൽ നിന്നാകുന്നുവല്ലോ.

കർത്താവിൽ ഞാൻ ശരണപ്പെടുന്നു.

എന്റെ പ്രതീക്ഷ അവന്റെ വാഗ്ദാനത്തിലാകുന്നു.

പുലരിയാവാൻ കാത്തിരിക്കുന്ന കാവൽക്കാരെപ്പോലെ കർത്താവേ നിന്നെ ഞാൻ കാത്തിരിക്കുന്നു.

പുലരിയാവാൻ കാത്തിരിക്കുന്ന കാവൽക്കാരെപ്പോലെ ഇസ്രായേലും കർത്താവിനെ കാത്തിരിക്കുന്നു.

എന്തുകൊണ്ടെന്നാൽ, അവൻ കരുണയുള്ളവനാകുന്നു.

പൂർണ്ണമായ രക്ഷയും അവന്റെ പക്കലാകുന്നു.

ഇസ്രായേലിനെ അതിന്റെ പാപങ്ങളിൽ നിന്നെല്ലാം അവൻ രക്ഷിക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേക്കും ആമ്മേൻ.

**ശുശ്രൂ:** അഗാധത്തിൽ നിന്ന് നിന്നെ ഞാൻ വിളിക്കുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിന് സ്തുതി. നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

**പുരോ:** സജീവവും ജീവദായകവുമായ ശബ്ദത്താൽ ലാസറിനെ ഉയിർപ്പിച്ച കർത്താവേ, ആ ശബ്ദം മഹനീയമായ നീതിവിധിയുടെ ദിവസത്തിൽ നിന്റെ ദാസനെ (ദാസിയെ) വിളിക്കുകയും നിന്റെ വലത്തുഭാഗത്ത് നിർത്തുകയും ചെയ്യട്ടെ. പാപങ്ങൾ പൊറുക്കുന്നവനും കരുണ നിറഞ്ഞവനും നീതിമാനുമായ വിധികർത്താവേ, ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും

പുത്രനുംപരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ:** ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

**പുരോ:** കർത്താവേ, മരിച്ചവരെ നീ കരുണാപൂർവ്വം ജീവിപ്പിക്കണമേ, ജീവിക്കുന്നവരെ ദയാപൂർവ്വം പരിപാലിക്കണമേ. ഉത്ഥാനം പ്രതീക്ഷിച്ച് മരണമടഞ്ഞവരെ മഹിമയോടെ ഉയിർപ്പിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

**പുരോ:** സകലത്തിന്റെയും നാഥനും ദൈവവുമായ മിശിഹായേ, നിന്റെ കുരിശിന്റെ അടയാളത്തോടും ദൈവദൂതന്മാരുടെ അകമ്പടിയോടും കൂടെ വാനമേഘങ്ങളിൽ നീ പ്രത്യക്ഷനാവുകയും, സ്വർഗ്ഗരാജ്യത്തിന്റെ വാതിലുകൾ തുറക്കപ്പെടുകയും, മരിച്ചവർ അക്ഷയരായി കബറിടങ്ങളിൽ നിന്ന് ഉയിർക്കുകയുംദുഷ്ടജനങ്ങൾ നീതിമാന്മാരിൽ നിന്ന് വേർതിരിക്കപ്പെടുകയും ചെയ്യുന്ന ഭയാനാകമായ വിധി ദിവസത്തിൽ, നിന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്കായി ലോകാരംഭത്തിൽത്തന്നെ സജ്ജമാക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗരാജ്യത്തിലേക്ക് ഞങ്ങളുടെ സഹോദരനെ (സഹോദരിയെ) നീ സ്വീകരിക്കണമേ. ഞങ്ങളിലും ഞങ്ങളുടെ സമൂഹത്തിലും നിന്റെ കൃപയും അനുഗ്രഹവും നിരന്തരം വസിക്കുമാറാകട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും.

**സമൂ:** ആമ്മേൻ.

# കുരിശിന്റെ വഴി

*(ഗാനങ്ങളോടുകൂടിയത്)*

## പ്രാരംഭഗാനം

*(കുരിശിൽ മരിച്ചവനേ)*

കുരിശിൽ മരിച്ചവനേ, കുരിശാലേ
വിജയം വരിച്ചവനേ,
മിഴിനീരൊഴുക്കിയങ്ങേ, കുരിശിന്റെ
വഴിയേ വരുന്നു ഞങ്ങൾ.

ലോകൈക നാഥാ, നിൻ
ശിഷ്യനായ്ത്തീരുവാ-
നാശിപ്പോനെന്നുമെന്നും
കുരിശു വഹിച്ചു നിൻ
കാല്പാടു പിഞ്ചെല്ലാൻ
കല്പിച്ച നായകാ.

നിൻ ദിവ്യരക്തത്താ-
ലെൻ പാപ മാലിന്യം
കഴുകേണമേ, ലോകനാഥാ.



## പ്രാരംഭപ്രാർത്ഥന

നിത്യനായ ദൈവമെ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. പാപികളായ മനുഷ്യർക്കുവേണ്ടി ജീവൻ ബലി കഴിക്കുവാൻ തിരുമനസ്സായ കർത്താവേ ഞങ്ങൾ അങ്ങേയ്ക്കു നന്ദിപറയുന്നു.

അങ്ങു ഞങ്ങളെ സ്നേഹിച്ചു; അവസാനംവരെ സ്നേഹിച്ചു (1) സ്നേഹിതനുവേണ്ടി ജീവൻ ബലികഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന് അങ്ങ് അരുൾചെയ്തിട്ടുണ്ടല്ലോ (2) പീലാത്തോസിന്റെ ഭവനം മുതൽ ഗാഗുൽത്താവരെ കുരിശും വഹിച്ചുകൊണ്ടുള്ള അവസാനയാത്ര അങ്ങേ സ്നേഹത്തിന്റെ ഏറ്റവും

മഹത്തായ പ്രകടനമായിരുന്നു. കണ്ണുനീരിന്റെയും രക്തത്തിന്റെയും ആ വഴിയിൽക്കൂടി; വ്യാകുലയായ മാതാവിന്റെ പിന്നാലെ ഒരു തീർത്ഥയാത്രയായി ഞങ്ങളും അങ്ങയെ അനുഗമിക്കുന്നു. സ്വർഗ്ഗത്തിലേക്കുള്ള വഴി ഞെരുക്കമുള്ളതും, വാതിൽ ഇടുങ്ങിയതുമാണെന്ന് (3) ഞങ്ങളെ അറിയിച്ച കർത്താവേ, ജീവിതത്തിന്റെ ഓരോ ദിവസവും ഞങ്ങൾക്കുണ്ടാകുന്ന വേദനകളും കുരിശുകളും സന്തോഷത്തോടെ സഹിച്ചുകൊണ്ട് ആ ഇടുങ്ങിയ വഴിയിൽക്കൂടി സഞ്ചരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

കർത്താവേ അനുഗ്രഹിക്കണമേ.

പരിശുദ്ധ ദൈവമാതാവേ,

ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

*(1) യോഹ. 13/1, (2) യോഹ. 15/13, (3) മത്തായി 7/13-14*

*(ഒന്നാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*


മരണത്തിനായ് വിധിച്ചു, കറയറ്റ
ദൈവത്തിൻ കുഞ്ഞാടിനെ
അപരാധിയായ് വിധിച്ചു കല്മഷം
കലരാത്ത കർത്താവിനെ.

അറിയാത്ത കുറ്റങ്ങൾ
നിരയായ് ചുമത്തി
പരിശുദ്ധനായ നിന്നിൽ;
കൈവല്യദാതാ, നിൻ
കാരുണ്യം കൈക്കൊണ്ടോർ
കദനത്തിലാഴ്ത്തി നിന്നെ

അവസാനവിധിയിൽ നീ-
യലിവാർന്നു ഞങ്ങൾക്കാ-
യരുളേണമേ നാകഭാഗ്യം.

## ഒന്നാം സ്ഥലം

### ഈശോമിശിഹാ മരണത്തിനു വിധിക്കപ്പെടുന്നു.



ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു;

എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടു രക്ഷിച്ചു.

മനുഷ്യകുലത്തിന്റെ പാപപരിഹാരത്തിനുള്ള ബലി ആരംഭിച്ചു കഴിഞ്ഞു... ഈശോ പീലാത്തോസിന്റെ മുമ്പിൽ നിൽക്കുന്നു... അവിടുത്തെ ഒന്നു നോക്കുക... ചമ്മട്ടിയടിയേറ്റ ശരീരം... രക്തത്തിൽ ഒട്ടിപ്പിടിച്ച വസ്ത്രങ്ങൾ... തലയിൽ മുൾമുടി... ഉറക്കമൊഴിഞ്ഞ കണ്ണുകൾ... ക്ഷീണത്താൽ വിറയ്ക്കുന്ന കൈകാലുകൾ... ദാഹിച്ചു വരണ്ട നാവ്... ഉണങ്ങിയ ചുണ്ടുകൾ.

പീലാത്തോസ് വിധിവാചകം ഉച്ചരിക്കുന്നു...(2) കുറ്റമില്ലാത്തവൻ കുറ്റക്കാരനായി വിധിക്കപ്പെടുന്നു..... എങ്കിലും അവിടുന്ന് എല്ലാം നിശബ്ദനായി സഹിക്കുന്നു.

എന്റെ ദൈവമായ കർത്താവേ, അങ്ങു കുറ്റമറ്റവനായിരുന്നിട്ടും കുരിശുമരണത്തിനു വിധിക്കപ്പെട്ടുവല്ലോ. എന്നെ മറ്റുള്ളവർ തെറ്റിദ്ധരിക്കുമ്പോഴും, നിർദ്ദയമായി വിമർശിക്കുമ്പോഴും, കുറ്റക്കാരനായി വിധിക്കുമ്പോഴും അതെല്ലാം അങ്ങയെപ്പോലെ സമചിത്തനായി സഹിക്കുവാൻ എന്നെയനുഗ്രഹിക്കണമേ. അവരുടെ ഉദ്ദേശത്തെപ്പറ്റി ചിന്തിക്കാതെ അവർക്കുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുവാൻ എന്നെ സഹായിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

കർത്താവേ, ..............

പരിശുദ്ധ ദൈവമാതാവേ................

(1) സങ്കീ. 35 (2) ലൂക്കാ 23/24-25

*(രണ്ടാംസ്ഥലത്തേയ്ക്കു പോകുമ്പോൾ)*


കുരിശു ചുമന്നിടുന്നു ലോകത്തിൻ
വിനകൾ ചുമന്നിടുന്നു (1)
നീങ്ങുന്നു ദിവ്യനാഥൻ നിന്ദനം
നിറയും നിരത്തിലൂടെ.

''എൻ ജനമേ, ചൊൽക
ഞാനെന്തു ചെയ്തു
കുരിശെന്റെ തോളിലേറ്റാൻ?
പൂന്തേൻ തുളുമ്പുന്ന
നാട്ടിൽ ഞാൻ നിങ്ങളെ
ആശയോടാനയിച്ചു:

എന്തേ, യിദം നിങ്ങ-
ളെല്ലാം മറന്നെന്റെ
ആത്മാവിനാതങ്കമേറ്റി?''

## രണ്ടാം സ്ഥലം

**ഈശോമിശിഹാ കുരിശു ചുമക്കുന്നു.**



ഈശോമിശിഹായേ............. ഭാരമേറിയ കുരിശും ചുമന്നുകൊണ്ട് അവിടുന്ന് മുന്നോട്ടു നീങ്ങുന്നു..... ഈശോയുടെ ചുറ്റും നോക്കുക..... സ്നേഹിതന്മാർ ആരുമില്ല...... യൂദാസ് അവിടുത്തെ ഒറ്റിക്കൊടുത്തു...... പത്രോസ് അവിടുത്തെ പരിത്യജിച്ചു..... മറ്റു ശിഷ്യന്മാർ ഓടിയൊളിച്ചു. അവിടുത്തെ

അത്ഭുതപ്രവൃത്തികൾ കണ്ടവരും അവയുടെ ഫലമനുഭവിച്ചവരും ഇപ്പോൾ എവിടെ?.... ഓശാനപാടി എതിരേറ്റവരും ഇന്നു നിശബ്ദരായിരിക്കുന്നു..... ഈശോയെ സഹായിക്കുവാനോ, ഒരാശ്വാസവാക്കു പറയുവാനോ അവിടെ ആരുമില്ല.....

എന്നെ അനുഗമിക്കാനാഗ്രഹിക്കുന്നവർ സ്വയം പരിത്യജിച്ചു സ്വന്തം കുരിശും വഹിച്ചുകൊണ്ട് എന്റെ പിന്നാലെ വരട്ടെ എന്ന് അങ്ങ് അരുളിചെയ്തിട്ടുണ്ടല്ലോ. (2) എന്റെ സങ്കടങ്ങളുടെയും ക്ലേശങ്ങളുടെയും കുരിശുചുമന്നുകൊണ്ട് ഞാൻ അങ്ങേ രക്തമണിഞ്ഞ കാല്പാടുകൾ പിന്തുടരുന്നു. വലയുന്നവരെയും ഭാരം ചുമക്കുന്നവരെയും ആശ്വസിപ്പിക്കുന്ന കർത്താവേ (3) എന്റെ ക്ലേശങ്ങളെല്ലാം പരാതികൂടാതെ സഹിക്കുവാൻ എന്നെ സഹായിക്കണമെ.

1 സ്വർഗ്ഗ. 1 നന്മ.

കർത്താവേ, .............

പരിശുദ്ധ ദൈവമാതാവേ...............

(1) ഏശയ്യാ 53/6-12 (2) മത്തായി 16/24 (3) മത്തായി 11/28



*(മൂന്നാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

കുരിശിൻ കനത്തഭാരം താങ്ങുവാൻ
കഴിയാതെ ലോകനാഥൻ
പാദങ്ങൾ പതറിവീണു കല്ലുകൾ
നിറയും പെരുവഴിയിൽ.
തൃപ്പാദം കല്ലിന്മേൽ തട്ടി മുറിഞ്ഞു,
ചെന്നിണം വാർന്നൊഴുകി:
മാനവരില്ലാ വാനവരില്ലാ
താങ്ങിത്തുണച്ചീടുവാൻ
അനുതാപമൂറുന്ന
ചുടുകണ്ണുനീർ തൂകി-
യണയുന്നു മുന്നിൽ ഞങ്ങൾ

## മൂന്നാം സ്ഥലം

### ഈശോമിശിഹാ ഒന്നാം പ്രാവശ്യം വീഴുന്നു



ഈശോമിശിഹായേ.............

കല്ലുകൾ നിറഞ്ഞ വഴി...... ഭാരമുള്ള കുരിശ്..... ക്ഷീണിച്ച ശരീരം..... വിറയ്ക്കുന്ന കാലുകൾ..... അവിടുന്നു മുഖം കുത്തി നിലത്തുവീഴുന്നു..... മുട്ടുകൾപൊട്ടി രക്തമൊലിക്കുന്നു..... യൂദന്മാർ അവിടുത്തെ പരിഹസിക്കുന്നു. പട്ടാളക്കാർ അടിക്കുന്നു..... ജനക്കൂട്ടം ആർപ്പുവിളിക്കുന്നു..... അവിടുന്നു മിണ്ടുന്നില്ല.....

‘‘ഞാൻ സഞ്ചരിക്കുന്ന വഴികളിൽ അവർ എനിക്കു കെണികൾ വെച്ചു. ഞാൻ വലത്തേയ്ക്കു തിരിഞ്ഞു നോക്കി എന്നെ അറിയുന്നവർ ആരും ഇല്ല, ഓടിയൊളിക്കുവാൻ ഇടമില്ല, എന്നെ രക്ഷിക്കുവാൻ ആളുമില്ല.’’ (1)

‘‘അവിടുന്നു നമ്മുടെ ഭാരം ചുമക്കുന്നു: നമുക്കുവേണ്ടി അവിടുന്നു സഹിച്ചു.’’ (2)

കർത്താവേ, ഞാൻ വഹിക്കുന്ന കുരിശിനും ഭാരമുണ്ട്. പലപ്പോഴും കുരിശോടുകൂടി ഞാനും നിലത്തു വീണു പോകുന്നു. മറ്റുള്ളവർ അതുകണ്ടു പരിഹസിക്കുകയും, എന്റെ വേദന വർദ്ധിപ്പിക്കുകയും ചെയ്യാറുണ്ട്. കർത്താവേ എനിക്കു വീഴ്ചകളുണ്ടാകുമ്പോൾ എന്നെത്തന്നെ നിയന്ത്രിക്കുവാൻ എന്നെ പഠിപ്പിക്കണമേ. കുരിശു വഹിക്കുവാൻ ശക്തിയില്ലാതെ ഞാൻ തളരുമ്പോൾ എന്നെ സഹായിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

കർത്താവേ, ..............
പരിശുദ്ധ ദൈവമാതാവേ................

(1) സങ്കീ. 142/4 (2) ഏശയ്യാ 53/4-12

*(നാലാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

വഴിയിൽക്കരഞ്ഞു വന്നോരമ്മയെ
തനയൻ തിരിഞ്ഞുനോക്കി
സ്വർഗ്ഗീയകാന്തി ചിന്തും മിഴികളിൽ
കൂരമ്പു താണിറങ്ങി.
'ആരോടു നിന്നെ ഞാൻ
സാമ്യപ്പെടുത്തും
കദനപ്പെരുങ്കടലേ?' (1)
ആരറിഞ്ഞാഴത്തി-
ലലതല്ലി നിൽക്കുന്ന
നിൻ മനോവേദന?
നിൻകണ്ണുനീരാൽ
കഴുകേണമെന്നിൽ
പതിയുന്ന മാലിന്യമെല്ലാം'



## നാലാം സ്ഥലം

**ഈശോ വഴിയിൽവച്ചു തന്റെ മാതാവിനെ കാണുന്നു.**



ഈശോമിശിഹായേ............
കുരിശുയാത്ര മുന്നോട്ടു നീങ്ങുന്നു..... ഇടയ്ക്കു സങ്കടകരമായ ഒരു കൂടിക്കാഴ്ച..... അവിടുത്തെ മാതാവ് ഓടിയെത്തുന്നു..... അവർ പരസ്പരം നോക്കി..... കവിഞ്ഞൊഴുകുന്ന നാലു കണ്ണുകൾ..... വിങ്ങിപ്പൊട്ടുന്ന രണ്ടു ഹൃദയങ്ങൾ..... അമ്മയും മകനും സംസാരി

ക്കുന്നില്ല..... മകന്റെ വേദന അമ്മയുടെ ഹൃദയം തകർക്കുന്നു..... അമ്മയുടെ വേദന മകന്റെ ദുഃഖം വർദ്ധിപ്പിക്കുന്നു.....

നാൽപതാം ദിവസം ഉണ്ണിയെ ദേവാലയത്തിൽ കാഴ്ചവച്ച സംഭവം മാതാവിന്റെ ഓർമ്മയിൽ വന്നു. ''നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടക്കും'' എന്നു പരിശുദ്ധനായ ശിമയോൻ അന്നു പ്രവചിച്ചു. (2)

''കണ്ണുനീരോടെ വിതയ്ക്കുന്നവൻ സന്തോഷത്തോടെ കൊയ്യുന്നു.'' (3) ''ഈ ലോകത്തിലെ നിസാരസങ്കടങ്ങൾ നമുക്കു നിത്യഭാഗ്യം പ്രദാനം ചെയ്യുന്നു.'' (4)

ദുഃഖസമുദ്രത്തിൽ മുങ്ങിയ ദിവ്യരക്ഷിതാവേ, സഹനത്തിന്റെ ഏകാന്ത നിമിഷങ്ങളിൽ അങ്ങേ മാതാവിന്റെ മാതൃക ഞങ്ങളെ ആശ്വസിപ്പിക്കട്ടെ. അങ്ങയുടെയും അങ്ങയുടെ മാതാവിന്റെയും സങ്കടത്തിനു കാരണം ഞങ്ങളുടെ പാപങ്ങളാണെന്നു ഞങ്ങളറിയുന്നു. അവയെല്ലാം പരിഹരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

കർത്താവേ, ..............

പരിശുദ്ധ ദൈവമാതാവേ...............

(1) വിലാപങ്ങൾ 2/13 (2) ലൂ. 2/35 (3) സങ്കീ. 126/5
(4) 2 കൊറി. 4/17

*(അഞ്ചാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

കുരിശു ചുമന്നു നീങ്ങും നാഥനെ
ശിമയോൻ തുണച്ചിടുന്നു
നാഥാ നിൻ കുരിശു താങ്ങാൻ കൈവന്ന
ഭാഗ്യമേ, ഭാഗ്യം.
നിൻ കുരിശെത്രയോ
ലോലം, നിൻ നുക-
മാനന്ദദായകം (1)
അഴലിൽ വീണുഴലുന്നോർ-

ക്കവലംബമേകുന്ന കുരിശേ നമിച്ചിടുന്നു.
സുരലോക നാഥാ, നിൻ
കുരിശൊന്നു താങ്ങുവാൻ
തരണേ വരങ്ങൾ നിരന്തം.

## അഞ്ചാം സ്ഥലം

### ശിമയോൻ ഈശോയെ സഹായിക്കുന്നു



ഈശോമിശിഹായേ...........

ഈശോ വളരെയധികം തളർന്നുകഴിഞ്ഞു..... ഇനി കുരിശോടുകൂടി മുന്നോട്ടു നീങ്ങുവാൻ ശക്തനല്ല..... അവിടുന്നു വഴിയിൽ വച്ചു തന്നെ മരിച്ചു പോയേക്കുമെന്നു യൂദന്മാർ ഭയന്നു..... അപ്പോൾ ശിമയോൻ എന്നൊരാൾ വയലിൽനിന്ന് വരുന്നത് അവർ കണ്ടു..... കെവുറീൻകാരനായ ആ മനുഷ്യൻ അലക്സാണ്ടറിന്റെയും റോപ്പോസിന്റെയും പിതാവായിരുന്നു..... അവിടുത്തെ കുരിശുചുമക്കുവാൻ അവർ അയാളെ നിർബന്ധിച്ചു. (2) അവർക്ക് ഈശോയോട് സഹതാപം തോന്നീട്ടല്ല, ജീവനോടെ അവിടുത്തെ കുരിശിൽ തറയ്ക്കണമെന്ന് അവർ തീരുമാനിച്ചിരുന്നു.

കരുണാനിധിയായ കർത്താവേ, ഈ സ്ഥിതിയിൽ ഞാൻ അങ്ങയെ കണ്ടിരുന്നുവെങ്കിൽ എന്നെത്തന്നെ വിസ്മരിച്ച് ഞാൻ അങ്ങയെ സഹായിക്കുമായിരുന്നു. എന്നാൽ ''എന്റെ ഈ ചെറിയ സഹോദരന്മാരിൽ ആർക്കെങ്കിലും നിങ്ങൾ സഹായം ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാണ് ചെയ്തത് എന്ന് അങ്ങ് അരുൾ

ചെയ്തിട്ടുണ്ടല്ലോ'' (3) അതിനാൽ ചുറ്റുമുള്ളവരിൽ അങ്ങയെ കണ്ടുകൊണ്ട് കഴിവുള്ള വിധത്തിലെല്ലാം അവരെ സഹായിക്കുവാൻ എന്നെ അനുഗ്രഹിക്കണമേ. അപ്പോൾ ഞാനും ശിമയോനെപ്പോലെ അനുഗ്രഹീത നാകും. അങ്ങേ പീഡാനുഭവം എന്നിലൂടെ പൂർത്തിയാ കുകയും ചെയ്യും. (4)

1 സ്വർഗ്ഗ. 1 നന്മ.

കർത്താവേ, .............

പരിശുദ്ധ ദൈവമാതാവേ...............

(1) മത്തായി 11/30 (2) മർക്കോസ് 15/21 (3) മത്തായി 25/40 (4) കൊളോ. 1/24

*(ആറാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

വാടിത്തളർന്നൂ മുഖം-നാഥന്റെ
കണ്ണുകൾ താണുമങ്ങി
വെറോനിക്കാ മിഴിനീർ തൂകിയാ-
ദിവ്യാനനം തുടച്ചു..
മാലാഖമാർക്കെല്ലാ-
മാനന്ദമേകുന്ന
മാനത്തെപ്പൂനിലാവേ,
താബോർ മാമല-
മേലേ നിൻമുഖം
സൂര്യനെപ്പോലെ മിന്നി (1)
ഇന്നാമുഖത്തിന്റെ
ലാവണ്യമൊന്നാകെ
മങ്ങീ ദുഃഖത്തിൽ മുങ്ങി.

## ആറാം സ്ഥലം

### വേറോനിക്കാ മിശിഹായുടെ തിരുമുഖം തുടയ്ക്കുന്നു



ഈശോമിശിഹായേ............

ഭക്തയായ വേറോനിക്കാ മിശിഹായെ കാണുന്നു..... അവളുടെ ഹൃദയം സഹതാപത്താൽ നിറഞ്ഞു..... അവൾക്ക് അവിടുത്തെ ആശ്വസിപ്പിക്കണം. പട്ടാളക്കാരുടെ മദ്ധ്യത്തിലൂടെ അവൾ ഈശോയെ സമീപിക്കുന്നു..... ആരെങ്കിലും എന്തെങ്കിലും പറഞ്ഞുകൊള്ളട്ടെ..... സ്നേഹം പ്രതിബന്ധമറിയുന്നില്ല..... ''പരമാർത്ഥഹൃദയർ അവിടുത്തെ കാണും''. (2) ''അങ്ങിൽ ശരണപ്പെടുന്നവരാരും നിരാശരാവുകയില്ല''. (3) അവൾ ഭക്തിപൂർവ്വം തന്റെ തൂവാലയെടുത്തു.... രക്തം പുരണ്ട മുഖം വിനയപൂർവ്വം തുടച്ചു.....

''എന്നോടു സഹതപിക്കുന്നവരുണ്ടോ എന്നു ഞാൻ അന്വേഷിച്ചു നോക്കി. ആരെയും ഞാൻ കണ്ടില്ല; എന്നെയാശ്വസിപ്പിക്കാൻ ആരുമില്ല.'' (4) പ്രവാചകൻ വഴി അങ്ങ് അരുൾചെയ്ത ഈ വാക്കുകൾ എന്റെ ചെവികളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. സ്നേഹം നിറഞ്ഞ കർത്താവേ, വേറോനിക്കായെപ്പോലെ അങ്ങയോടു സഹതപിക്കാനും അങ്ങയെ ആശ്വസിപ്പിക്കാനും ഞാൻ ആഗ്രഹിക്കുന്നു. അങ്ങേ പീഡാനുഭവത്തിന്റെ മായാത്ത മുദ്ര എന്റെ ഹൃദയത്തിൽ പതിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

കർത്താവേ, .............

പരിശുദ്ധ ദൈവമാതാവേ...............


(1) മത്തായി 17/2 (2) സങ്കീ. 11/7 (3) സങ്കീ. 25/2
(4) സങ്കീ. 69/20

*(ഏഴാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

ഉച്ചവെയിലിൽ പൊരിഞ്ഞു-ദുസ്സഹ
മർദ്ദനത്താൽ വലഞ്ഞു
ദേഹംതളർന്നു താണു-രക്ഷകൻ
വീണ്ടും നിലത്തുവീണു.
ലോകപാപങ്ങളാ-
ണങ്ങയെ വീഴിച്ചു
വേദനിപ്പിച്ചതേവം.
ഭാരം നിറഞ്ഞൊരാ
ക്രൂശു നിർമ്മിച്ചതെൻ
പാപങ്ങൾ തന്നെയല്ലോ
താപം കലർന്നങ്ങേ
പാദം പുണർന്നു ഞാൻ
കേഴുന്നു: കനിയേണമെന്നിൽ

## ഏഴാം സ്ഥലം

### ഈശോമിശിഹാ രണ്ടാം പ്രാവശ്യം വീഴുന്നു



ഈശോമിശിഹായേ............

ഈശോ ബലഹീനനായി വീണ്ടും നിലത്തുവീഴുന്നു..... മുറിവുകളിൽ നിന്നു രക്തമൊഴുകുന്നു..... ശരീരമാകെ വേദനിക്കുന്നു...... "ഞാൻ പൂഴിയിൽ വീണു പോയി; എന്റെ ആത്മാവു ദുഃഖിച്ചു തളർന്നു" (1) ചുറ്റുമുള്ളവർ പരിഹസിക്കുന്നു..... അവിടുന്ന് അതൊന്നും ഗണ്യമാ

ക്കുന്നില്ല.... ''എന്റെ പിതാവ് എനിക്കു തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ?'' (2) പിതാവിന്റെ ഇഷ്ടം നിറവേറ്റാനല്ലാതെ അവിടുന്നു മറ്റൊന്നും ആഗ്രഹിക്കുന്നില്ല. (3)

മനുഷ്യപാപങ്ങളുടെ ഭാരമെല്ലാം ചുമന്ന മിശിഹായേ, (4) അങ്ങയെ ആശ്വസിപ്പിക്കുവാനായി ഞങ്ങൾ അങ്ങയെ സമീപിക്കുന്നു. അങ്ങയെക്കൂടാതെ ഞങ്ങൾക്ക് ഒന്നും ചെയ്യുവാൻ ശക്തിയില്ല. ജീവിതത്തിന്റെ ഭാരത്താൽ ഞങ്ങൾ തളർന്നുവീഴുകയും എഴുന്നേൽക്കാൻ കഴിവില്ലാതെ വലയുകയും ചെയ്യുന്നു. അങ്ങേ തൃക്കൈനീട്ടി ഞങ്ങളെ സഹായിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

കർത്താവേ, .............

പരിശുദ്ധ ദൈവമാതാവേ...............

1) സങ്കീ. 119/25,28, 6/3, (2) യോഹ. 18/11
(3) ലൂ. 22/42 (4) ഏശ. 53/6-12 (5) യോ.15/5

*(എട്ടാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

'ഓർശ്ലേമിൻ പുത്രിമാരേ, നിങ്ങളി
ന്നെന്നെയോർത്തെന്തിനേവം
കരയുന്നു? നിങ്ങളേയും സുതരേയു-
മോർത്തോർത്തു കേണുകൊൾവിൻ:'
വേദന തിങ്ങുന്ന
കാലം വരുന്നു
കണ്ണീരണിഞ്ഞ കാലം:
'മലകളേ, ഞങ്ങളെ
മൂടുവിൻ വേഗ'മെ-
ന്നാരവം കേൾക്കുമെങ്ങും (1)
കരൾനൊന്തു കരയുന്ന
നാരീഗണത്തിനു
നാഥൻ സമാശ്വാസമേകി

## എട്ടാം സ്ഥലം

ഈശോമിശിഹാ ഓർശ്ലം നഗരിയിലെ സ്ത്രീകളെ ആശ്വസിപ്പിക്കുന്നു.



ഈശോമിശിഹായേ...........

ഓറശ്ലത്തിന്റെ തെരുവുകൾ ശബ്ദായമാനമായി......... പതിവില്ലാത്ത ബഹളം കേട്ട് സ്ത്രീജനങ്ങൾ വഴിയിലേക്കുവരുന്നു..... അവർക്കു സുപരിചിതനായ ഈശോ കൊലക്കളത്തിലേയ്ക്കു നയിക്കപ്പെടുന്നു..... അവിടുത്തെപേരിൽ അവർക്കു അനുകമ്പതോന്നി..... ഓശാന ഞായറാഴ്ചത്തെ ഘോഷയാത്ര അവരുടെ ഓർമ്മയിൽ വന്നു.... സൈത്തിൻ കൊമ്പുകളും ജെയ്‌വിളികളും..... അവർ കണ്ണുനീർ വാർത്തു കരഞ്ഞു.... അവരുടെ സഹതാപപ്രകടനം അവിടുത്തെ ആശ്വസിപ്പിച്ചു... അവിടുന്ന് അവരോടു പറയുന്നു; ‘‘നിങ്ങളേയും നിങ്ങളുടെ കുഞ്ഞുങ്ങളേയും ഓർത്തു കരയുവിൻ’’. (2)

ഏതാനും വർഷങ്ങൾക്കുള്ളിൽ ഓറശ്ലം ആക്രമിക്കപ്പെടും... അവരും അവരുടെ കുട്ടികളും പട്ടിണികിടന്നു മരിക്കും... ആ സംഭവം അവിടുന്നു പ്രവചിക്കുകയായിരുന്നു. അവിടുന്നു സ്വയംമറന്ന് അവരെ ആശ്വസിപ്പിക്കുന്നു.

എളിയവരുടെ സങ്കേതമായ കർത്താവേ, ഞെരുക്കത്തിന്റെ കാലത്ത് ഞങ്ങളെ ആശ്വസിപ്പിക്കുന്ന ദൈവമേ, (3) അങ്ങേ ദാരുണമായ പീഡകൾ ഓർത്ത് ഞങ്ങൾ ദുഃഖിക്കുന്നു. അവയ്ക്കു കാരണമായ ഞങ്ങളുടെ പാപങ്ങളോർത്തു കരയുവാനും ഭാവിയിൽ പരിശുദ്ധരായി ജീവിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

കർത്താവേ, ..............
പരിശുദ്ധ ദൈവമാതാവേ................
(1) ലൂ. 23/30-31 (2) ലൂ. 23/28 (3) സങ്കീ. 9

*(ഒൻപതാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

കൈകാലുകൾ കുഴഞ്ഞു നാഥന്റെ
തിരുമെയ് തളർന്നുലഞ്ഞു
കുരിശുമായ് മൂന്നാമതും പൂഴിയിൽ
വീഴുന്നു ദൈവപുത്രൻ.
'മെഴുകുപോലെന്നുടെ
ഹൃദയമുരുകി
കണ്ഠം വരണ്ടുണങ്ങി
താണുപോയ് നാവെന്റെ,
ദേഹം നുറുങ്ങി
മരണം പറന്നിറങ്ങി' (1)
വളരുന്നു ദുഃഖങ്ങൾ
തളരുന്നു പൂമേനി
ഉരുകുന്നു കരളിന്റെയുള്ളം.



## ഒൻപതാം സ്ഥലം

**ഈശോ മൂന്നാം പ്രാവശ്യം വീഴുന്നു**



ഈശോമിശിഹായേ............
മുന്നോട്ടു നീങ്ങുവാൻ അവിടുത്തേയ്ക്ക് ഇനി ശക്തിയില്ല..... രക്തമെല്ലാം തീരാറായി..... തല കറങ്ങുന്നു..... ശരീരം വിറയ്ക്കുന്നു..... അവിടുന്ന് അതാ നിലംപതിക്കുന്നു..... സ്വയം എഴുന്നേല്ക്കുവാൻ ശക്തിയില്ല..... ശത്രുക്കൾ അവിടുത്തെ വലിച്ചെഴുന്നേ

ല്പ്പിക്കുന്നു..... ബലി പൂർത്തിയാകുവാൻ ഇനി വളരെ സമയമില്ല..... അവിടുന്നു നടക്കുവാൻ ശ്രമിക്കുന്നു.....

"നീ പീഡിപ്പിക്കുന്ന ഈശോയാകുന്നു ഞാൻ" (2) എന്നു ശാവോലിനോട് അരുളിച്ചെയ്ത വാക്കുകൾ ഇപ്പോൾ നമ്മെ നോക്കി അവിടുന്ന് ആവർത്തിക്കുന്നു.

ലോകപാപങ്ങൾക്കു പരിഹാരം ചെയ്ത കർത്താവേ, അങ്ങേ പീഡകളുടെ മുമ്പിൽ എന്റെ വേദനകൾ എത്ര നിസ്സാരമാകുന്നു! എങ്കിലും ജീവിതഭാരം നിമിത്തം, ഞാൻ പലപ്പോഴും ക്ഷീണിച്ചുപോകുന്നു. പ്രയാസങ്ങൾ എന്നെ അലട്ടിക്കൊണ്ടിരിക്കുന്നു. ഒരു വേദന തീരും മുമ്പ് മറ്റൊന്നു വന്നുകഴിഞ്ഞു. ജീവിതത്തിൽ നിരാശനാകാതെ അവയെല്ലാം അങ്ങയെ ഓർത്തു സഹിക്കുവാൻ എനിക്കു ശക്തി തരണമേ. എന്തുകൊണ്ടെന്നാൽ എന്റെ ജീവിതം ഇനി എത്ര നീളുമെന്ന് എനിക്കറിഞ്ഞുകൂടാ. "ആർക്കും വേലചെയ്യാൻ പാടില്ലാത്ത രാത്രികാലം അടുത്തുവരികയാണല്ലോ". (3)

1 സ്വർഗ്ഗ. 1 നന്മ.

കർത്താവേ, .............

പരിശുദ്ധ ദൈവമാതാവേ...............

(1) സങ്കീ. 22/14-15 (2) നടപടി 9/5 (3) യോ. 9/4

(1) സങ്കീ. 22/18


*(പത്താം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

എത്തീ വിലാപയാത്ര കാൽവരി-
ക്കുന്നിൻ മുകൾപ്പരപ്പിൽ
നാഥന്റെ വസ്ത്രമെല്ലാം ശത്രുക്ക-
ളൊന്നായുരിഞ്ഞു നീക്കി.
'വൈരികൾ തിങ്ങിവ-
രുന്നെന്റെ ചുറ്റിലും
ഘോരമാം ഗർജ്ജനങ്ങൾ
ഭാഗിച്ചെടുത്തെന്റെ
വസ്ത്രങ്ങളെല്ലാം' (1)
പാപികൾ വൈരികൾ.

നാഥാ, വിശുദ്ധിതൻ
തൂവെള്ളവസ്ത്രങ്ങൾ
കനിവാർന്നു ചാർത്തേണമെന്നേ

## പത്താം സ്ഥലം

**ദിവ്യരക്ഷകന്റെ വസ്ത്രങ്ങൾ ഉരിഞ്ഞെടുക്കുന്നു**



ഈശോമിശിഹായേ...........
ഗാഗുൽത്തായിൽ എത്തിയപ്പോൾ അവർ അവിടുത്തേയ്ക്കു മീറ കലർത്തിയ വീഞ്ഞുകൊടുത്തു: എന്നാൽ അവിടുന്നതു സ്വീകരിച്ചില്ല. (1) അവിടുത്തെ വസ്ത്രങ്ങൾ നാലായി ഭാഗിച്ചു. ഓരോരുത്തർ ഓരോഭാഗം എടുക്കുകയും ചെയ്തു. മേലങ്കി തയ്യൽ കൂടാതെ നെയ്യപ്പെട്ടതായിരുന്നു. അത് ആർക്കു ലഭിക്കണമെന്നു ചിട്ടിയിട്ടു തീരുമാനിക്കാം എന്ന് അവർ പരസ്പരം പറഞ്ഞു. ''എന്റെ വസ്ത്രങ്ങൾ അവർ ഭാഗിച്ചെടുത്തു. എന്റെ മേലങ്കിക്കുവേണ്ടി അവർ ചിട്ടിയിട്ടു'' (2) എന്നുള്ള തിരുവെഴുത്ത് അങ്ങനെ അന്വർത്ഥമായി. (3)

രക്തത്തിൽ ഒട്ടിപ്പിടിച്ചിരുന്ന വസ്ത്രങ്ങൾ ഉരിഞ്ഞെടുത്തപ്പോൾ ദുസ്സഹമായ വേദനയനുഭവിച്ച മിശിഹായേ, പാപം നിറഞ്ഞ പഴയ മനുഷ്യനെ ഉരിഞ്ഞു മാറ്റി (4) അങ്ങയെ ധരിക്കുവാനും, മറ്റൊരു ക്രിസ്തുവായി ജീവിക്കുവാനും എന്നെ അനുഗ്രഹിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.
കർത്താവേ, ..............
പരിശുദ്ധ ദൈവമാതാവേ................

1) മർക്കോസ് 15/23 (2) സങ്കീ. 22/18
(3) മർക്കോസ് 15/28 (4) കൊളോ. 3/9

*(പതിനൊന്നാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

കുരിശിൽക്കിടത്തിടുന്നു നാഥന്റെ
കൈകാൽ തറച്ചിടുന്നു.
മർത്യനു രക്ഷ നല്കാനെത്തിയ
ദിവ്യമാം കൈകാലുകൾ.
'കനിവറ്റ വൈരികൾ
ചേർന്നു തുളച്ചെന്റെ
കൈകളും കാലുകളും' (1)
പെരുകുന്നു വേദന-
യുരുകുന്നു ചേതന
നിലയറ്റ നീർക്കയം
'മരണം പരത്തിയോ-
രിരുളിൽക്കുടുങ്ങി ഞാൻ
ഭയമെന്നെയൊന്നായ് വിഴുങ്ങി' (2)

## പതിനൊന്നാം സ്ഥലം

### ഈശോമിശിഹാ കുരിശിൽ തറയ്ക്കപ്പെടുന്നു



ഈശോമിശിഹായേ............

ഈശോയെ കുരിശിൽ കിടത്തി കൈകളിലും കാലുകളിലും അവർ ആണി തറയ്ക്കുന്നു..... ആണിപ്പഴുതുകളിലേയ്ക്ക് കൈകാലുകൾ വലിച്ചുനീട്ടുന്നു..... ഉഗ്രമായ വേദന..... മനുഷ്യനു സങ്കൽപിക്കാൻ കഴിയാത്തവിധം ദുസ്സഹമായ പീഡകൾ..... എങ്കിലും അവിടുത്തെ അധര

ങ്ങളിൽ പരാതിയില്ല..... കണ്ണുകളിൽ നൈരാശ്യമില്ല..... പിതാവിന്റെ ഇഷ്ടം നിറവേറട്ടെയെന്ന് അവിടുന്ന് പ്രാർത്ഥിക്കുന്നു.

ലോകരക്ഷകനായ കർത്താവേ, സ്നേഹത്തിന്റെ പുതിയ സന്ദേശവുമായി വന്ന അങ്ങയെ ലോകം കുരിശിൽ തറച്ചു. അങ്ങ് ലോകത്തിൽ നിന്നല്ലാത്തതിനാൽ ലോകം അങ്ങയെ ദ്വേഷിച്ചു. യജമാനനെക്കാൾ വലിയ ഭൃത്യനില്ലെന്ന് അങ്ങ് അരുളിച്ചെയ്തിട്ടുണ്ടല്ലോ. അങ്ങയെ പീഡിപ്പിച്ചവർ ഞങ്ങളെയും പീഡിപ്പിക്കുമെന്നു ഞങ്ങളറിയുന്നു. (3) അങ്ങയോടു കൂടി ക്രൂശിൽ തറയ്ക്കപ്പെടുവാനും, ലോകത്തിനു മരിച്ച്, അങ്ങേയ്ക്കുവേണ്ടി മാത്രം ജീവിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

കർത്താവേ, .............

പരിശുദ്ധ ദൈവമാതാവേ...............

1) സങ്കീ. 22/16 (2) സങ്കീ. 55/4-5 (4) യോഹ. 15/20 (4) ഗലാ.2/20




*(പന്ത്രണ്ടാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*



കുരിശിൽ കിടന്നു ജീവൻ പിരിയുന്നു
ഭുവനൈക നാഥനീശോ
സൂര്യൻ മറഞ്ഞിരുണ്ടു-നാടെങ്ങു-
മന്ധകാരം നിറഞ്ഞു.
'നരികൾക്കുറങ്ങുവാ-
നളയുണ്ടു പറവയ്ക്കു
കൂടുണ്ടു പാർക്കുവാൻ
നരപുത്രനൂഴിയിൽ
തലയൊന്നു ചായ്ക്കുവാ-
നിടമില്ലൊരേടവും'
പുൽക്കൂടുതൊട്ടങ്ങേ
പുൽകുന്ന ദാരിദ്ര്യം
കുരിശോളം കൂട്ടായ്‌വന്നൂ.

## പന്ത്രണ്ടാം സ്ഥലം

### ഈശോമിശിഹാ കുരിശിന്മേൽ തൂങ്ങി മരിക്കുന്നു



ഈശോമിശിഹായേ.............

രണ്ടു കള്ളന്മാരുടെ നടുവിൽ അവിടുത്തെ അവർ കുരിശിൽ തറച്ചു..... കുരിശിൽ കിടന്നുകൊണ്ടു ശത്രുക്കൾക്കുവേണ്ടി അവിടുന്നു പ്രാർത്ഥിക്കുന്നു..... നല്ല കള്ളനെ ആശ്വസിപ്പിക്കുന്നു..... മാതാവും മറ്റു സ്ത്രീകളും കരഞ്ഞുകൊണ്ടു കുരിശിനു താഴെ നിന്നിരുന്നു. 'ഇതാ! നിന്റെ മകൻ' എന്ന് അമ്മയോടും, 'ഇതാ! നിന്റെ അമ്മ' എന്നു യോഹന്നാനോടും അവിടുന്നു അരുളിചെയ്തു. പന്ത്രണ്ടുമണി സമയമായിരുന്നു. 'എന്റെ പിതാവേ, അങ്ങേ കൈകളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു', എന്നരുൾചെയ്ത് അവിടുന്നു മരിച്ചു. പെട്ടെന്ന് സൂര്യൻ ഇരുണ്ടു. മൂന്നുമണിവരെ ഭൂമിയിലെങ്ങും അന്ധകാരമായിരുന്നു. ദേവാലയത്തിലെ തിരശ്ശീല നടുവേ കീറിപ്പോയി. ഭൂമിയിളകി; പാറകൾ പിളർന്നു; പ്രേതാലയങ്ങൾ തുറക്കപ്പെട്ടു.

ശതാധിപൻ ഇതെല്ലാം കണ്ട് ദൈവത്തെ സ്തുതിച്ചുകൊണ്ട് 'ഈ മനുഷ്യൻ യഥാർത്ഥത്തിൽ നീതിമാനായിരുന്നു' എന്നു വിളിച്ചു പറഞ്ഞു. കണ്ടുനിന്നിരുന്നവർ മാറത്തടിച്ചുകൊണ്ടു മടങ്ങിപ്പോയി. (2)

"എനിക്ക് ഒരു മാമ്മോദീസ മുങ്ങുവാനുണ്ട് അതു പൂർത്തിയാകുന്നതുവരെ ഞാൻ അസ്വസ്ഥനാകുന്നു". (3) കർത്താവേ, അങ്ങ് ആഗ്രഹിച്ച മാമ്മോദീസ അങ്ങ് മുങ്ങിക്കഴിഞ്ഞു. അങ്ങേ ദഹനബലി അങ്ങ് പൂർത്തി

യാക്കി. എന്റെ ബലിയും ഒരിക്കൽ പൂർത്തിയാകും. ഞാനും ഒരുദിവസം മരിക്കും. അന്ന് അങ്ങയെപ്പോലെ ഇപ്രകാരം പ്രാർത്ഥിക്കുവാൻ എന്നെ അനുവദിക്കണമേ. 'എന്റെ പിതാവേ, ഭൂമിയിൽ ഞാൻ അങ്ങയെ മഹത്വപ്പെടുത്തി. ഭൂമിയിൽ എന്നെ ഏല്പിച്ചിരുന്ന ജോലി ഞാൻ പൂർത്തിയാക്കി. ആകയാൽ അങ്ങേപ്പക്കൽ എന്നെ മഹത്വപ്പെടുത്തണമേ.' (4)

1 സ്വർഗ്ഗ. 1 നന്മ.

കർത്താവേ, ..............

പരിശുദ്ധ ദൈവമാതാവേ................


(1) മത്താ. 8/20 (2) ലൂ. 23/4778 (3) ലൂ. 12/50
(4) യോ. 17/45

*(പതിമൂന്നാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

അരുമസുതന്റെ മേനി മാതാവു
മടിയിൽക്കിടത്തിടുന്നു.
അലയാഴിപോലെ നാഥേ, നിൻ ദുഃഖ-
മതിരുകാണാത്തതല്ലോ.
പെരുകുന്ന സന്താപ-
മുനയേറ്റഹോ നിന്റെ
ഹൃദയം പിളർന്നുവല്ലോ (1)
ആരാരുമില്ല, തെ-
ല്ലാശ്വാസമേകുവാ-
നാകുലനായികേ
'മുറ്റുന്ന ദുഃഖത്തിൽ
ചുറ്റും തിരിഞ്ഞു ഞാൻ
കിട്ടീലൊരാശ്വാസമെങ്ങും' (2)

## പതിമൂന്നാം സ്ഥലം

**മിശിഹായുടെ മൃതദേഹം മാതാവിന്റെ മടിയിൽ കിടത്തുന്നു.**



ഈശോമിശിഹായേ.............

അന്ന് വെള്ളിയാഴ്ചയായിരുന്നു. പിറ്റേന്ന് ശാബതമാകും. അതുകൊണ്ട് ശരീരങ്ങൾ രാത്രി കുരിശിൽ കിടക്കാൻ പാടില്ലെന്നു യൂദന്മാർ പറഞ്ഞു. എന്തെന്നാൽ ആ ശാബതം വലിയ ദിവസമായിരുന്നു. തന്മൂലം കുരിശിൽ തറയ്ക്കപ്പെട്ടവരുടെ കണങ്കാലുകൾ തകർത്തു ശരീരം താഴെയിറക്കണമെന്ന് അവർ പീലാത്തോസിനോട് ആവശ്യപ്പെട്ടു. ആകയാൽ പടയാളികൾ വന്നു മിശിഹായോടുകൂടെ കുരിശിൽ തറയ്ക്കപ്പെട്ടിരുന്ന രണ്ടുപേരുടെയും കണങ്കാലുകൾ തകർത്തു. ഈശോ പണ്ടേ മരിച്ചു കഴിഞ്ഞിരിക്കുന്നു എന്നു കണ്ടതിനാൽ അവിടുത്തെ കണങ്കാലുകൾ തകർത്തില്ല. എങ്കിലും പടയാളികളിൽ ഒരാൾ കുന്തംകൊണ്ടു അവിടുത്തെ വിലാപ്പുറത്തു കുത്തി. ഉടനെ അവിടെനിന്നു രക്തവും വെള്ളവും ഒഴുകി. (3) അനന്തരം മിശിഹായുടെ മൃതദേഹം കുരിശിൽ നിന്നിറക്കി അവർ മാതാവിന്റെ മടിയിൽ കിടത്തി.

ഏറ്റവും വ്യാകുലയായ മാതാവേ, അങ്ങേ വത്സല പുത്രൻ മടിയിൽ കിടന്നുകൊണ്ടു മൂകമായ ഭാഷയിൽ അന്ത്യയാത്ര പറഞ്ഞപ്പോൾ അങ്ങ് അനുഭവിച്ച സങ്കടം ആർക്കു വിവരിക്കാൻ കഴിയും? ഉണ്ണിയായി പിറന്ന ദൈവകുമാരനെ ആദ്യമായി കൈയ്യിലെടുത്തതു മുതൽ

ഗാഗുൽത്താവരെയുള്ള സംഭവങ്ങൾ ഓരോന്നും അങ്ങേ ഓർമ്മയിൽ തെളിഞ്ഞുനിന്നു. അപ്പോൾ അങ്ങ് സഹിച്ച പീഡകളെ ഓർത്തു ജീവിതദുഃഖത്തിന്റെ ഏകാന്ത നിമിഷങ്ങളിൽ ഞങ്ങളെ ധൈര്യപ്പെടുത്തിയാശ്വസിപ്പിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

കർത്താവേ, .............

പരിശുദ്ധ ദൈവമാതാവേ...............


(1) സങ്കീ. 69/20 (2) സങ്കീ. 69/21 (3) യോഹ. 19/34

*(പതിനാലാം സ്ഥലത്തേയ്ക്കു പോകുമ്പോൾ)*

നാഥന്റെ ദിവ്യദേഹം വിധിപോലെ
സംസ്ക്കരിച്ചീടുന്നിതാ
വിജയം വിരിഞ്ഞുപൊങ്ങും ജീവന്റെ
ഉറവയാണാക്കുടീരം.
മൂന്നുനാൾ മത്സ്യത്തി-
നുള്ളിൽ കഴിഞ്ഞൊരു
യൗനാൻ പ്രവാചകൻപോൽ (1)
ക്ലേശങ്ങളെല്ലാം പിന്നിട്ടു നാഥൻ
മൂന്നാം ദിനമുയിർക്കും
പ്രഭയോടുയിർത്തങ്ങേ
വരവേല്പിനെത്തീടാൻ
വരമേകണേ ലോകനാഥാ

## പതിനാലാം സ്ഥലം

**ഈശോയുടെ മൃതദേഹം കല്ലറയിൽ സംസ്കരിക്കുന്നു.**



ഈശോമിശിഹായേ..............

അനന്തരം പീലാത്തോസിന്റെ അനുവാദത്തോടെ റാംസാക്കാരനായ യൗസേപ്പ് ഈശോയുടെ മൃതദേഹം ഏറ്റെടുത്തു. നൂറു റാത്തലോളം സുഗന്ധക്കൂട്ടുമായി നിക്കൊദേമൂസും അയാളുടെകൂടെ വന്നിരുന്നു. യൂദന്മാരുടെ ആചാരമനുസരിച്ച് കച്ചകളും പരിമളദ്രവ്യങ്ങളും കൊണ്ട് ശരീരം പൊതിഞ്ഞു. ഈശോയെ കുരിശിൽ തറച്ചിടത്ത് ഒരു തോട്ടവും, അവിടെ പുതിയൊരു കല്ലറയുമുണ്ടായിരുന്നു. ശാബതം ആരംഭിച്ചിരുന്നതുകൊണ്ടും, കല്ലറ അടുത്തായിരുന്നതുകൊണ്ടും, അവർ ഈശോയെ അവിടെ സംസ്കരിച്ചു. (2)

''അങ്ങ് എന്റെ ആത്മാവിനെ പാതാളത്തിൽ തള്ളുകയില്ല; അങ്ങേ പരിശുദ്ധൻ അഴിഞ്ഞുപോകുവാൻ അനുവദിക്കുകയുമില്ല.'' (3)

അനന്തമായ പീഡകൾ സഹിച്ച് മഹത്വത്തിലേക്കു പ്രവേശിച്ച (4) മിശിഹായേ, അങ്ങയോടുകൂടി മരിക്കുന്നവർ അങ്ങയോടുകൂടി ജീവിക്കുമെന്നു (5) ഞങ്ങൾ അറിയുന്നു. മാമ്മോദീസാ വഴിയായി ഞങ്ങളും അങ്ങയോടുകൂടി സംസ്കരിക്കപ്പെട്ടിരിക്കയാണല്ലോ. (6) രാവും പകലും അങ്ങേ പീഡാനുഭവത്തെപ്പറ്റി ചിന്തിച്ചുകൊണ്ട് പാപത്തിനു മരിച്ചവരായി ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

കർത്താവേ, ..............

പരിശുദ്ധ ദൈവമാതാവേ................

(1) മ. 12/40 (2) യോ. 19/38-42 (3) സങ്കീ. 16/40 (4) ലൂ. 24/26 (5) 2 തിമോ.2/12 (6) റോ. 6/4

## സമാപന ഗാനം

ലോകത്തിലാഞ്ഞുവീശി സത്യമാം
നാകത്തിൻ ദിവ്യകാന്തി;
സ്നേഹം തിരഞ്ഞിറങ്ങി പാവന
സ്നേഹപ്രകാശതാരം
നിന്ദിച്ചു മർത്യനാ സ്നേഹത്തിടമ്പിനെ
നിർദ്ദയം ക്രൂശിലേറ്റി;
നന്ദിയില്ലാത്തവർ ചിന്തയില്ലാത്തവർ
നാഥാ, പൊറുക്കേണമേ
നിൻ പീഡയോർത്തോർത്തു
കണ്ണീരൊഴുക്കുവാൻ
നല്കേണമേ നിൻവരങ്ങൾ

## സമാപന പ്രാർത്ഥന



നീതിമാനായ പിതാവേ, അങ്ങയെ രഞ്ജിപ്പിക്കുവാൻ സ്വയം ബലിവസ്തുവായിത്തീർന്ന പ്രിയ പുത്രനെ തൃക്കൺ പാർക്കണമേ, ഞങ്ങൾക്കുവേണ്ടി മരണംവരിച്ച അങ്ങേ പുത്രനെ സ്വീകരിച്ചുകൊണ്ട് ഞങ്ങളുടെ പാപങ്ങൾ പൊറുക്കുകയും, ഞങ്ങളോടു രമ്യപ്പെടുകയും ചെയ്യണമേ.

അങ്ങേ തിരുക്കുമാരൻ ഗാഗുൽത്തായിൽ ചിന്തിയ തിരുരക്തം ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ആ തിരുരക്തത്തെയോർത്തു ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.

ഞങ്ങളുടെ പാപം വലുതാണെന്നു ഞങ്ങളറിയുന്നു. എന്നാൽ അങ്ങേ കാരുണ്യം അതിനേക്കാൾ വലുതാണല്ലോ. ഞങ്ങളുടെ പാപങ്ങൾ കണക്കിലെടുക്കുമ്പോൾ

അവയ്ക്കുവേണ്ടിയുള്ള ഈ പരിഹാരബലിയേയും ഗൗനിക്കണമേ.

ഞങ്ങളുടെ പാപങ്ങൾ നിമിത്തം അങ്ങേ പ്രിയപുത്രൻ ആണികളാൽ തറയ്ക്കപ്പെടുകയും കുന്തത്താൽ കുത്തപ്പെടുകയും ചെയ്തു. അങ്ങേ പ്രസാദിപ്പിക്കുവാൻ അവിടുത്തെ പീഡകൾ ധാരാളം മതിയല്ലോ.

തന്റെ പുത്രനെ ഞങ്ങൾക്കു നൽകിയ പിതാവിനു സ്തുതിയും കുരിശുമരണത്താൽ ഞങ്ങളെ രക്ഷിച്ച പുത്രന് ആരാധനയും, രക്ഷണകൃത്യം പൂർത്തിയാക്കിയ പരിശുദ്ധാത്മാവിനു സ്തോത്രവുമുണ്ടായിരിക്കട്ടെ. ആമ്മേൻ.
1 സ്വർഗ്ഗ. 1 നന്മ.

## മനസ്താപപ്രകരണം

എന്റെ ദൈവമേ, ഏറ്റവും നല്ലവനും എല്ലാറ്റിനും ഉപരിയായി സ്നേഹിക്കപ്പെടുവാൻ യോഗ്യനുമായ അങ്ങേക്കെതിരായി പാപം ചെയ്തുപോയതിനാൽ പൂർണ്ണ ഹൃദയത്തോടെ ഞാൻ മനസ്തപിക്കുകയും പാപങ്ങളെ വെറുക്കുകയും ചെയ്യുന്നു. അങ്ങയെ ഞാൻ സ്നേഹിക്കുന്നു. എന്റെ പാപങ്ങളാൽ എന്റെ ആത്മാവിനെ അശുദ്ധമാക്കിയതിനാലും സ്വർഗ്ഗത്തെ നഷ്ടപ്പെടുത്തി നരകത്തിന് അർഹനായി (അർഹയായി) തീർന്നതിനാലും ഞാൻ ഖേദിക്കുന്നു. അങ്ങയുടെ പ്രസാദവരസഹായത്താൽ പാപസാഹചര്യങ്ങളെ ഉപേക്ഷിക്കുമെന്നും, മേലിൽ പാപം ചെയ്യുകയില്ലെന്നും ദൃഢമായി ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ഏതെങ്കിലുമൊരു പാപം ചെയ്യുക എന്നതിനേക്കാൾ ഉപരി മരിക്കുവാനും ഞാൻ സന്നദ്ധനാ (സന്നദ്ധയാ)യിരിക്കുന്നു. ആമ്മേൻ.



# നിത്യസഹായ മാതാവിന്റെ സ്തുതിക്കായുള്ള പ്രാർത്ഥന

നിത്യസഹായമാതേ, പ്രാർത്ഥിക്ക
ഞങ്ങൾക്കായ് നീ
നിൻമക്കൾ ഞങ്ങൾക്കായ് നീ
പ്രാർത്ഥിക്ക സ്നേഹ നാഥേ!

നീറുന്ന മാനസങ്ങൾ
ആയിരമായിരങ്ങൾ
കണ്ണീരിൻ താഴ്വരയിൽ
നിന്നിതാ കേഴുന്നമ്മേ

കേൾക്കണേ രോദനങ്ങൾ
നൽകണേ നൽവരങ്ങൾ
നിൻദിവ്യ സൂനുവിങ്കൽ
ചേർക്കണേ മക്കളേ നീ *(മൂന്നുപ്രാവശ്യം)*

**കാർമ്മി:** ഏറ്റം പരിശുദ്ധയും അമലോത്ഭവകന്യകയും ഞങ്ങളുടെ മാതാവുമായ മറിയമേ നീ ഞങ്ങളുടെ നിത്യസഹായവും അഭയസ്ഥാനവും പ്രതീക്ഷയുമാകുന്നു.

**സമൂ:** ഞങ്ങൾ ഇന്നു അങ്ങേ സന്നിധിയിൽ അണഞ്ഞിരിക്കുന്നു. അങ്ങു ഞങ്ങൾക്കുവേണ്ടി സമ്പാദിച്ചിരിക്കുന്ന / എല്ലാ നന്മകൾക്കായും / ഞങ്ങൾ ദൈവത്തിനു കൃതജ്ഞതയർപ്പിക്കുന്നു. നിത്യസഹായമാതാവേ / ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു. നിരന്തരം അങ്ങേക്കു ശുശ്രൂഷ ചെയ്തുകൊണ്ടും / ഞങ്ങളുടെ ശക്തിക്കനുസൃതമായി മറ്റുള്ളവരെ അങ്ങേ സന്നിധിയിലേക്കാനയിച്ചുകൊണ്ടും / അങ്ങയുടെ നേർക്കുള്ള സ്നേഹം / ഞങ്ങൾ പ്രകടിപ്പിച്ചുകൊള്ളാമെന്നു പ്രതിജ്ഞ ചെയ്യുന്നു.

**കാർമ്മി:** ദൈവസന്നിധിയിൽ ശക്തിയുള്ള നിത്യസഹായമാതാവേ, ഈ നന്മകൾ ഞങ്ങൾക്കായി നീ വാങ്ങിത്തരേണമേ.

**സമൂ:** പ്രലോഭനങ്ങളിൽ വിജയം വരിക്കുന്നതിനുള്ള ശക്തിയും / ഈശോമിശിഹായോടുള്ള പരിപൂർണ്ണ സ്നേഹവും നന്മരണവും വഴി / അങ്ങയോടും അങ്ങേ തിരുക്കുമാരനോടും കൂടി / നിത്യമായി ജീവിക്കുന്നതിനു ഞങ്ങൾക്കിടയാകട്ടെ.

**കാർമ്മി:** നിത്യസഹായമാതാവേ!

**സമൂ:** ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ!

**കാർമ്മി:** മിശിഹാ കർത്താവേ, അങ്ങേ മാതാവായ മറിയത്തിന്റെ അപേക്ഷയാൽ കാനായിൽ വച്ച് അങ്ങു വെള്ളം വീഞ്ഞാക്കിയല്ലോ. ഇപ്പോൾ നിത്യസഹായ മാതാവിനെ വണങ്ങുന്നതിനായി ഇവിടെ സമ്മേളിച്ചിരിക്കുന്ന ഈ ദൈവജനത്തെ അനുഗ്രഹിക്കണമെ. ഞങ്ങളുടെ യാചനകൾ അങ്ങു സാധിച്ചുതരികയും ഞങ്ങളുടെ ആത്മാർത്ഥമായ കൃതജ്ഞത അങ്ങു സ്വീകരിക്കുകയും ചെയ്യണമേ.

സകലവിധ ആവശ്യങ്ങൾക്കുംവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

**സമൂ:** ഓ, നിത്യസഹായമാതാവേ / ഏറ്റം വലിയ ശണത്തോടെ / ഞങ്ങളങ്ങയെ വണങ്ങുന്നു. ഞങ്ങളുടെ അനുദിന ജീവിതത്തിലെ ബുദ്ധിമുട്ടുകളിൽ / അവിടുത്തെ സഹായം ഞങ്ങൾ അപേക്ഷിക്കുന്നു. പരീക്ഷകളും ദുരിതങ്ങളും / ഞങ്ങളെ ക്ലേശിതരാക്കുന്നു / പ്രതികൂല സാഹചര്യങ്ങളും / വേദനാജനകമായ പോരായ്മകളും / ഞങ്ങളുടെ ജീവിതത്തെ ശോകാവൃതമാക്കുന്നു. എല്ലായിടത്തും ഞങ്ങൾ കുരിശിനെയാണഭിമുഖീകരിക്കുന്നത്. കരുണാർദ്രയായ മാതാവേ, ഞങ്ങളിൽ കനിയണമേ. ഞങ്ങളുടെ സങ്കടങ്ങളിൽ നിന്നു ഞങ്ങളെ മോചിപ്പിക്കണമേ / തുടർന്ന് സഹിക്കുവാനാണ് ദൈവതിരുമനസ്സെങ്കിൽ / അവ സന്തോഷത്തോടും ക്ഷമയോടും കൂടി / സ്വീകരിക്കുവാനുള്ള ശക്തി /ഞങ്ങൾക്കു നല്കേണമേ / ഓ, നിത്യസഹായമാതാവേ / ഈ വരങ്ങളൊക്കെയും / ഞങ്ങളുടെ നന്മകളിൽ ആശ്രയിക്കാതെ / അങ്ങയുടെ സ്നേഹത്തിലും ശക്തിയിലും ശരണംവെച്ചുകൊണ്ട് ഞങ്ങൾ അപേക്ഷിക്കുന്നു.

**കാർമ്മി:** നമുക്കു പ്രാർത്ഥിക്കാം

ഞങ്ങളുടെ പരിശുദ്ധപിതാവ് (പേര്) മാർപാപ്പായ്ക്കും/ ഞങ്ങളുടെ മെത്രാന്മാർക്കും/ വൈദികർക്കും ഞങ്ങളുടെ രാജ്യത്തിലെ എല്ലാ നേതാക്കന്മാർക്കും ജനങ്ങൾക്കും വിജ്ഞാനവും വിവേകവും നൽകണമേ.

**സമൂ:** കർത്താവേ, ഞങ്ങളുടെ മാതാവായ മറിയത്തോടൊപ്പം / ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**കാർമ്മി:** എല്ലാ മനുഷ്യരും സമാധാനത്തിലും ഐക്യത്തിലും സഹോദരരെപ്പോലെ ജീവിക്കുന്നതിനുള്ള അനുഗ്രഹം നൽകണമേ.

**സമൂ:** കർത്താവേ, ഞങ്ങളുടെ മാതാവായ മറിയ

ത്തോടൊപ്പം/ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**കാർമ്മി:** ഈ പ്രാർത്ഥനയിൽ സംബന്ധിക്കുന്ന എല്ലാവരും അങ്ങേ തിരുമനസ്സിനൊത്തവണ്ണം തങ്ങളുടെ ആരോഗ്യം പരിരക്ഷിക്കുന്നതിനും രോഗികൾ അവരുടെ ആരോഗ്യം വീണ്ടെടുക്കുന്നതിനുമുള്ള അനുഗ്രഹം നൽകണമേ.

**സമൂ:** കർത്താവേ, ഞങ്ങളുടെ മാതാവായ മറിയത്തോടൊപ്പം / ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**കാർമ്മി:** ഈ പ്രാർത്ഥനയായും ഇവിടെ സന്നിഹിതരായിട്ടുള്ള എല്ലാവരുടെയും പ്രത്യേക നിയോഗങ്ങൾക്കു മാർഗ്ഗനിർദ്ദേശവും സഹായവും നൽകണമേ.

**സമൂ:** കർത്താവേ, ഞങ്ങളുടെ മാതാവായ മറിയത്തോടൊപ്പം / ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**കാർമ്മി:** മൗനമായി നമ്മുടെ വ്യക്തിപരമായ അർത്ഥനകൾ നിത്യസഹായ മാതാവു വഴി ഈശോയ്ക്ക് സമർപ്പിക്കാം. (നിശബ്ദം)

## കൃതജ്ഞതാർപ്പണം

**കാർമ്മി:** പ്രസാദവരത്തിന്റെ നവജീവൻ ഞങ്ങൾക്കു നൽകിയിരിക്കുന്നതിനാൽ കർത്താവേ, അങ്ങു ഞങ്ങളുടെ കൃതജ്ഞത സ്വീകരിക്കണമേ.

**സമൂ:** കർത്താവേ, ഞങ്ങളുടെ മാതാവായ മറിയത്തോടൊപ്പം / അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു.

**കാർമ്മി:** സഭയുടെ കൗദാശിക ജീവിതത്തിൽ നിന്നു ഞങ്ങൾക്കു ലഭിക്കുന്ന എല്ലാ നന്മകൾക്കും വേണ്ടി കർത്താവേ അങ്ങ് ഞങ്ങളുടെ കൃതജ്ഞത സ്വീകരിക്കണമേ.

**സമൂ:** കർത്താവേ, ഞങ്ങളുടെ മാതാവായ മറിയത്തോടൊപ്പം / അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു.

**കാർമ്മി:** ഞങ്ങളുടെ ഇടവക കുടുംബത്തിനു നൽകി യിരിക്കുന്ന ആദ്ധ്യാത്മികവും ഭൗതികവുമായ എല്ലാ അനുഗ്രഹങ്ങൾക്കുംവേണ്ടി കർത്താവേ അങ്ങ് ഞങ്ങ ളുടെ കൃതജ്ഞത സ്വീകരിക്കേണമേ.

**സമൂ:** കർത്താവേ, ഞങ്ങളുടെ മാതാവായ മറിയം വഴി / അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു.

**കാർമ്മി:** സന്തോഷകരവും സമാധാന പൂർണ്ണവുമായ കുടുംബജീവിതം ഞങ്ങൾക്കു തന്നനുഗ്രഹിക്കുന്നതിനെ യോർത്ത് കർത്താവേ അങ്ങ് ഞങ്ങളുടെ കൃതജ്ഞത സ്വീകരിക്കേണമേ.

**സമൂ:** കർത്താവേ, ഞങ്ങളുടെ മാതാവായ മറിയത്തോ ടൊപ്പം / അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു.

**കാർമ്മി:** നമുക്കു ലഭിച്ച എല്ലാ ഉപകാരങ്ങൾക്കും വേണ്ടി നിത്യസഹായമാതാവുവഴി ഈശോയ്ക്ക് കൃത ജ്ഞതയർപ്പിക്കാം. (നിശബ്ദം)



## ഗാനം

മറിയമേ, നിന്റെ ചിത്രത്തിൽ നിന്നാ
നേത്രങ്ങൾ കൊണ്ട് നോക്കുക
നിൻപാദേ ഇതാ നിൻ മക്കൾ വന്നു
നിൽക്കുന്നു അമ്മേ, കാണുക

മാധുര്യമേറും നിൻനേത്രങ്ങൾ ഹാ!
ശോകപൂർണ്ണങ്ങളാണല്ലോ
ആ നിന്റെ തിരു നേത്രങ്ങൾകൊണ്ടു
നോക്കുക മക്കൾ ഞങ്ങളെ

**കാർമ്മി:** നമുക്ക് പ്രാർത്ഥിക്കാം.

**സമൂ:** കർത്താവേ / ശാരീരികവും മാനസികവുമായ/ അസ്വാസ്ഥ്യംമൂലം ക്ലേശിക്കുന്ന/ അങ്ങയുടെ ദാസരെ തൃക്കൺ പാർക്കണമേ. അങ്ങു സൃഷ്ടിച്ച ഞങ്ങൾക്ക്

/ശക്തിയും ജീവനും നൽകണമേ അങ്ങനെ സഹനം വഴി / ഞങ്ങൾ പവിത്രീകൃതരാവുകയും / ശുദ്ധരാക്കപ്പെടുകയും / അങ്ങയുടെ കാരുണ്യത്താൽ / ഞങ്ങൾ അതിവേഗം രോഗവിമുക്തരാവുകയും ചെയ്യട്ടെ. ഈ യാചനകളെല്ലാം കർത്താവീശോമിശിഹാവഴി ഞങ്ങൾക്കു തന്നരുളേണമേ. ആമ്മേൻ

## ആശിർവ്വാദ പ്രാർത്ഥന

**കാർമ്മി:** (ജനങ്ങളുടെ നേരെ കൈവിരിച്ചു പിടിച്ചു കൊണ്ട്) നിങ്ങളെ സംരക്ഷിക്കുവാൻ കർത്താവീശോ മിശിഹാ നിങ്ങളോടു കൂടെ ഉണ്ടായിരിക്കട്ടെ. നിങ്ങളെ പരിപാലിക്കുവാൻ അവിടുന്നു നിങ്ങളിൽ വസിക്കട്ടെ. നിങ്ങളെ നയിക്കുവാൻ അവിടുന്ന് നിങ്ങളുടെ മുമ്പിലും നിങ്ങളെ പരിരക്ഷിക്കുവാൻ നിങ്ങളുടെ പിമ്പിലും നിങ്ങളെ അനുഗ്രഹിക്കുവാൻ നിങ്ങളുടെ മുകളിലും ഉണ്ടായിരിക്കട്ടെ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

**സമൂ:** ആമ്മേൻ.

## മറിയത്തിന്റെ സ്തോത്രഗീതം

**കാർമ്മി:** മറിയത്തോടൊപ്പം നമുക്കും ദൈവത്തെ സ്തുതിക്കാം.

**സമൂ:** എന്റെ ആത്മാവ് / കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം/ എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു. അവിടുന്നു തന്റെ/ദാസിയുടെ താഴ്മയെ തൃക്കൺ പാർത്തു. ഇതാ ഇപ്പോൾ മുതൽ / സകല തലമുറകളും / എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും. ശക്തനായവൻ / എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെ നാമം പരിശുദ്ധമാകുന്നു. അവിടുത്തെ ഭക്തന്മാരുടെ മേൽ / തലമുറകൾ തോറും/

അവിടുന്നു കരുണവർഷിക്കും. അവിടുന്നു തന്റെ ഭുജം കൊണ്ട് / ശക്തി പ്രകടിപ്പിച്ചു. ഹൃദയത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു. ശക്തരെ സിംഹാസനത്തിൽ നിന്നു താഴെ ഇറക്കുകയും / വിനീതരെ ഉയർത്തുകയും ചെയ്തു. അവിടുന്നു വിശക്കുന്നവരെ / വിശിഷ്ടവിഭവങ്ങൾകൊണ്ടു സംതൃപ്തരാക്കി / സമ്പന്നരെ വെറും കൈയോടെ പറഞ്ഞയച്ചു. നമ്മുടെ പിതാക്കന്മാരായ / അബ്രാഹത്തിനോടും സന്തതികളോടും / എന്നേക്കുമായി / ചെയ്ത വാഗ്ദാനത്തിലെ കാരുണ്യം / അനുസ്മരിച്ചുകൊണ്ട് / അവിടുന്നു തന്റെ ദാസനായ / ഇസ്രായേലിനെ സംരക്ഷിച്ചു. (ലൂക്ക 1:46-55)

## മരിയ സ്തുതി

**കാർമ്മി:** എല്ലാ തലമുറകളിലുമുള്ള ക്രിസ്ത്യാനികളോടു ചേർന്നുകൊണ്ട് നമുക്ക് മറിയത്തെ പ്രകീർത്തിക്കുകയും അവിടുത്തെ ശക്തിയേറിയ സംരക്ഷണത്തിൽ നമ്മെത്തന്നെ സമർപ്പിക്കുകയും ചെയ്യാം.

**സമൂ:** നന്മനിറഞ്ഞ മറിയമേ സ്വസ്തി. കർത്താവ് അങ്ങയോടുകൂടേ / സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു / അങ്ങയുടെ ഉദരത്തിൻ / ഫലമായ ഈശോ / അനുഗ്രഹിക്കപ്പെട്ടവനാകുന്നു.

പരിശുദ്ധമറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി / ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിക്കേണമേ.

**കാർമ്മി:** ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ

**സമൂ:** സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.


**കാർമ്മി:** നമുക്കു പ്രാർത്ഥിക്കാം.

കർത്താവീശോയെ, അങ്ങയുടെ മാതാവായ മറിയത്തെ എപ്പോഴും സഹായമരുളുവാൻ സന്നദ്ധതയുള്ള അമ്മയായി അങ്ങു ഞങ്ങൾക്കു നൽകിയല്ലോ. ആ അമ്മയുടെ മാതൃസഹായം ഉത്സാഹപൂർവ്വം തേടുന്ന ഞങ്ങൾ അങ്ങയുടെ പരിത്രാണത്തിന്റെ ഫലം എന്നു മനുഭവിക്കാൻ ഇടയാക്കണമെന്ന് നിത്യമായി ജീവിക്കുകയും വാഴുകയും ചെയ്യുന്ന അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ആമ്മേൻ.

## ഗാനം

മറിയമേ നിന്റെ, നിത്യസഹായം തേടുന്നു ഞങ്ങളമ്മേ
മക്കളെന്നോർത്തു നീ, ഞങ്ങൾ തൻ
പ്രാർത്ഥന ഒക്കെയും കേൾക്കണമേ!
ഭാഗ്യവിഹീനരെ നിത്യവും കാത്തിടാൻ
കെൽപ്പെഴും താങ്ങായ് നിന്നെ
നിൻപുത്രൻ ഏൽപ്പിച്ചു ഭാരമതേറ്റ നീ
ഞങ്ങളെ കാത്തീടണമേ.
നിത്യസഹായം നീ എന്നുള്ള ബോധ്യമീ
ഞങ്ങളിലാഴമായി
വളരുവാൻ നല്ലൊരു വരമിങ്ങു നൽകണേ
നിൻ മക്കൾ കേഴുന്നിതാ...



# തിരുഹൃദയ നൊവേന

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി *(3 പ്രാവശ്യം)*

**സമൂ:** ആമ്മേൻ

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ/ അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

അന്നന്നു വേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളോടു കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിക്കേണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടാരൂപിയിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

**ശുശ്രൂ:** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** ഈശോയുടെ പരിശുദ്ധ ഹൃദയമേ/ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു./ അങ്ങ് ഞങ്ങൾക്ക് ചെയ്തി

ട്ടുള്ള/ സകല ഉപകാരങ്ങളെക്കുറിച്ചും/ അങ്ങേയ്ക്ക് ഞങ്ങൾ നന്ദി പറയുന്നു./ അങ്ങയെ ദിവ്യഹൃദയത്തിന്/ അനുയോജ്യമായി ജീവിക്കുവാൻ/ ആഗ്രഹിക്കുന്ന ഞങ്ങളെ/ അങ്ങേയ്ക്ക് പൂർണ്ണമായി സമർപ്പിക്കുന്നു.

ദിവ്യഈശോയെ/ ഞങ്ങളുടെ ഭവനങ്ങൾ/ നസ്രത്തിലെ അങ്ങേ ഭവനം പോലെ/ സ്നേഹത്തിന്റെയും സാക്ഷികളായിരിക്കട്ടെ./ ഞങ്ങളുടെ ജീവിതത്തിന്റെ ഉത്തമമാതൃകയും/ സംരക്ഷകനുമായ അങ്ങ്/ ശിശുക്കളെ പരിപാലിക്കുകയും/ യുവതീയുവാക്കളെ/ പരിശുദ്ധരായി കാത്തുകൊള്ളുകയും ചെയ്യണമേ./ രോഗികൾക്ക് ആശ്വാസവും/ അങ്ങ് തന്നെയാകേണമേ./ കൃപയുടേയും/ സ്നേഹത്തിന്റേയും ഉറവിടമായ/ ഈശോയുടെ ദിവ്യഹൃദയമേ/ സകലരും അങ്ങേ രാജത്വം/ അംഗീകരിക്കുകയും/ അങ്ങയുടെ തിരുച്ചിത്തം/ നിറവേറ്റുകയും ചെയ്യുന്ന സമയം/ വേഗം സമാഗതമാവുകയും ചെയ്യട്ടെ. ആമ്മേൻ

## സുകൃതജപം

1. പാപികളുടെ നേരെ/ ഏറ്റം കൃപയുള്ള ദിവ്യഹൃദയമേ/ എന്റെമേൽ കൃപയായിരിക്കണമേ. (2 പ്രാവശ്യം)

2. ഈശോയുടെ മാധുര്യമേറുന്ന തിരുഹൃദയമേ/ അങ്ങേ എപ്പോഴും അധികമധികം സ്നേഹിപ്പാൻ/ എനിക്ക് അങ്ങ് കൃപ ചെയ്യണമേ. (2 പ്രാവശ്യം)

## പ്രാർത്ഥിക്കാം

**കാർമ്മി:** കർത്താവേ, അങ്ങയുടെ പൈതൃകമായ പരിപാലനയെ ഞങ്ങൾ ആരാധിക്കുന്നു, അങ്ങയുടെ കാരുണ്യത്തെ ഞങ്ങൾ പുകഴ്ത്തുകയും അങ്ങയുടെ മഹനീയമായ ത്രിത്വത്തെ നിരന്തരം സ്തുതിക്കുകയും ചെയ്യുന്നു, അങ്ങ് ഞങ്ങൾക്ക് നൽകിയിരിക്കുന്ന ശാരീരികവും ആത്മീയവുമായ എല്ലാ ഉപകാരസഹായങ്ങൾക്കും ഞങ്ങൾ നന്ദി പറയുന്നു. കരുണാനിധിയും പാപങ്ങൾ

പൊറുക്കുന്നവനുമായ ദൈവമേ, അങ്ങേ സന്നിധിയിൽ നിൽക്കുന്ന ഞങ്ങളുടെ പാപങ്ങൾ മായിച്ചു കളയുകയും സ്വർഗ്ഗഭാഗ്യത്തിന് അർഹരാക്കുകയും ചെയ്യേണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ,

**സമൂ:** ആമ്മേൻ

## സങ്കീർത്തനം

**കാർമ്മി:** വരുവിൻ നമുക്കു കർത്താവിനെ സ്തുതിക്കാം. രക്ഷകനായ ദൈവത്തെ പുകഴ്ത്താം.

**സമൂ:** സ്തുതികളോടു കൂടി അവിടുത്തെ സന്നിധിയിലെത്താം. കീർത്തനങ്ങളാൽ അവിടുത്തേയ്ക്കു നമുക്കു സ്തോത്രം ചെയ്യാം.

**കാർമ്മി:** എന്തെന്നാൽ അവിടുന്നു നമ്മുടെ രാജാവാകുന്നു. നാം അവിടുത്തെ മേച്ചിൽസ്ഥലത്തെ ജനങ്ങളും.

**സമൂ:** കർത്താവ് എന്റെ ഇടയനാകുന്നു. എനിക്ക് ഒന്നിനും മുട്ടുണ്ടാവുകയില്ല.

**കാർമ്മി:** പച്ചപ്പുൽപ്പുറങ്ങളിൽ അവിടുന്ന് എന്നെ മേയ്ക്കും. നിശ്ചലമായ ജലാശയത്തിന്റെ തീരത്തേക്ക് അവിടുന്ന് എന്നെ നയിക്കും.

**സമൂ:** കർത്താവേ ഞാനങ്ങയെ ആശ്രയിക്കുന്നു. അങ്ങ് എന്റെ ദൈവമാണെന്ന് ഏറ്റുപറയുന്നു.

**കാർമ്മി:** എന്റെ ആത്മാവ് കർത്താവിൽ ആനന്ദിക്കും, അവിടുത്തെ സഹായത്തിൽ ആനന്ദം കൊള്ളും.

**സമൂ:** ദൈവമേ അങ്ങയുടെ കാരുണ്യത്തിനൊത്തവണ്ണം എന്റെ മേൽ കൃപയായിരിക്കേണമേ. അങ്ങയുടെ കൃപാധിക്യത്താൽ എന്റെ അകൃത്യങ്ങളെ മായിച്ചുകളയണമേ.

**കാർമ്മി:** എന്റെ കുറ്റങ്ങൾ എന്നിൽ നിന്നും നിശേഷം കഴുകി കളയണമേ.

**സമൂ:** കർത്താവേ, അങ്ങേയ്ക്കെതിരായി ഞാൻ പാപം ചെയ്തു. അങ്ങയുടെ സന്നിധിയിൽ ഞാൻ തിന്മ ചെയ്തുപോയി.

**കാർമ്മി:** കർത്താവേ, അങ്ങേ കാരുണ്യം എന്നിൽ നിന്നും പിൻവലിക്കരുതേ. അങ്ങയുടെ ദയയും സത്യവും എന്നും എന്നെ പരിപാലിക്കട്ടെ.

## (കാറോസൂസ)

**കാർമ്മി:** നമുക്കെല്ലാവർക്കും ഭക്ത്യാദരവോടെ കർത്താവേ ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ എന്നു പ്രാർത്ഥിക്കാം.

**സമൂ:** കർത്താവേ ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ.

**കാർമ്മി:** വിശ്വസിക്കുന്നവർക്ക് എല്ലാം സാധിക്കും എന്നരുൾചെയ്ത കർത്താവേ

**സമൂ:** കർത്താവേ ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ.

**കാർമ്മി:** കടുകുമണിപോലുള്ള വിശ്വാസത്തോടുകൂടി ഈ മലയോട് ഇവിടുന്ന് മാറുവാൻ പറഞ്ഞാൽ അതു നിങ്ങളെ അനസരിക്കുമെന്നരുൾചെയ്ത കർത്താവേ,

**സമൂ:** കർത്താവേ ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ.

**കാർമ്മി:** ശതാധിപന്റെ വിശ്വാസത്തിൽ സംപ്രീതനായി ഇസ്രായേലിൽ പോലും ഇതുപോലുള്ള വിശ്വാസം ഞാൻ ദർശിച്ചിട്ടില്ല എന്നരുൾചെയ്ത കർത്താവേ

**സമൂ:** കർത്താവേ ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ.

**കാർമ്മി:** മകളേ ധൈര്യമായിരിക്കുക. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചുവെന്ന് രക്തസ്രാവക്കാരി സ്ത്രീയോട് അരുൾചെയ്ത കർത്താവേ

**സമൂ:** കർത്താവേ ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ.

**കാർമ്മി:** ചോദിക്കുവിൻ ഞങ്ങൾക്ക് ലഭിക്കും, മുട്ടുവിൻ തുറക്കപ്പെടും എന്ന് വാഗ്ദാനം ചെയ്ത കർത്താവേ.

**സമൂ:** ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** വിശ്വാസത്തോടുകൂടി പ്രാർത്ഥിക്കുന്നതെല്ലാം നിങ്ങൾക്ക് ലഭിക്കുമെന്ന് വാഗ്ദാനം ചെയ്ത കർത്താവേ

**സമൂ:** ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** ദൈവം രാവും പകലും തന്റെ പക്കൽ നിലവിളിക്കുന്ന തന്റെ തെരഞ്ഞെടുക്കപ്പെട്ടവർക്കുവേണ്ടി എന്തും ചെയ്യുമെന്ന് വാഗ്ദാനം ചെയ്ത കർത്താവേ.

**സമൂ:** ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടപേക്ഷിക്കുന്നതെല്ലാം നിങ്ങൾക്ക് ഞാൻ ചെയ്തുതരുമെന്ന് വാഗ്ദാനം ചെയ്ത കർത്താവേ

**സമൂ:** ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളുമാകുന്നുവെന്ന് അരുൾചെയ്ത കർത്താവേ

**സമൂ:** ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** എന്നെക്കൂടാതെ നിങ്ങൾക്കൊന്നും ചെയ്യുവാൻ കഴിയുകയില്ലെന്ന് അരുൾചെയ്ത കർത്താവേ

**സമൂ:** ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

## നവനാൾ പ്രാർത്ഥന

*(സമൂഹം മുട്ടുകുത്തുന്നു. കാർമ്മികൻ ആരംഭിക്കുന്നു. സമൂഹം തുടരുന്നു)*

മനുഷ്യവർഗത്തിന്റെ നേരെ/ കൃപയും അനുഗ്രഹവും നിറഞ്ഞ/ ഈശോയുടെ തിരുഹൃദയമേ/ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു./ അങ്ങു ഞങ്ങൾക്കു ചെയ്തിട്ടുള്ള/ എല്ലാ സഹായങ്ങൾക്കും/ അങ്ങേയ്ക്കു ഞങ്ങൾ നന്ദി പറയുന്നു./ ഞങ്ങളുടെ ആവശ്യങ്ങളിൽ/ ഞങ്ങളെ സഹായിക്കണമേ. ആപത്തുകളിൽ/ ഞങ്ങളെ സംരക്ഷിക്കണമേ./ ക്ലേശങ്ങളിൽ/ ഞങ്ങളെ ആശ്വസിപ്പിക്കേണമേ. അനുഗ്രഹത്തിന്റേയും സ്നേഹത്തിന്റേയും നികേതനമായ/ അങ്ങേ തിരുഹൃദയത്തിൻ പക്കലടുത്ത്/ ഞങ്ങൾക്കേറ്റം/ ആവശ്യമായ (ഈ.... അനുഗ്രഹം) നൽകുമാറാകണമെന്ന്/ ഏറ്റം എളിമയോടും ശരണത്തോടും കൂടി/ അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. എന്റെ ഹൃദയത്തിന്റെ സ്വരൂപം/ സ്ഥാപിക്കുകയും വണങ്ങുകയും ചെയ്യുന്ന കുടുംബങ്ങളെ/ ഞാൻ ധാരാളമായി ആശീർവദിക്കുകയും/ അവരുടെ കുടുംബത്തിൽ/ സമാധാനം സംസ്ഥാപിക്കുകയും ചെയ്യുമെന്ന്/ വിശുദ്ധ മർഗരീത്താമറിയത്തോട് വാഗ്ദാനം ചെയ്ത കർത്താവേ/ അങ്ങേയ്ക്ക് സമർപ്പിക്കപ്പെട്ടിരിക്കുന്ന ഞങ്ങളേയും/ ഞങ്ങളുടെ കുടുംബങ്ങളേയും/ സമൃദ്ധമായി അനുഗ്രഹിക്കണമേ.

നീതിമാന്മാരെ അന്വേഷിച്ചല്ല/ പ്രത്യുത പാപികളെ തേടിയാണ്/ ഞാൻ വന്നത് എന്നരുൾചെയ്ത കർത്താവേ/ അങ്ങേ സന്നിധിയിൽ നിൽക്കുന്ന/ പാപികളായ ഞങ്ങളുടെ അപേക്ഷയെ അങ്ങുന്ന് കൈക്കൊള്ളണമേ./ ഈ അപേക്ഷകളൊക്കെയും/ പരിശുദ്ധ കന്യകാമറിയത്തിന്റെ യോഗ്യതകളോട് ചേർത്ത്/ അങ്ങേയ്ക്കു ഞങ്ങൾ സമർപ്പിക്കുന്നു.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രി.

# ലുത്തിനിയ

**കാർമ്മി:** നിത്യപിതാവിന്റെ സുതനായ ഈശോയുടെ തിരുഹൃദയമേ

**കാർമ്മി:** ദൈവതിരുമനസ്സിനോട് സാരാംശത്തിൽ യോജിച്ചിരിക്കുന്ന ഈശോയുടെ തിരുഹൃദയമേ.

**കാർമ്മി:** ദൈവഭവനവും മോക്ഷവാതിലുമായ ഈശോയുടെ തിരുഹൃദയമേ.

**കാർമ്മി:** ജ്വലിച്ചിരിക്കുന്ന സ്നേഹാഗ്നിച്ചൂളയാകുന്ന ഈശോയുടെ തിരുഹൃദയമേ.

**കാർമ്മി:** സകല നന്മയും സ്നേഹവും നിറഞ്ഞ ഈശോയുടെ തിരുഹൃദയമേ.

**കാർമ്മി:** സകല പുണ്യങ്ങളുടേയും ഉറവിടമായ ഈശോയുടെ തിരുഹൃദയമേ

**കാർമ്മി:** ക്ഷമയും അതിദയയുമുള്ള ഈശോയുടെ തിരുഹൃദയമേ.

**കാർമ്മി:** ജീവന്റേയും വിശുദ്ധിയുയേും ഉറവയായ ഈശോയുടെ തിരുഹൃദയമേ.

**കാർമ്മി:** ഞങ്ങളുടെ പാപങ്ങൾക്ക് പരിഹാരബലിയായ ഈശോയുടെ തിരുഹൃദയമേ.

**കാർമ്മി:** കുന്തത്താൽ കുത്തിത്തുറക്കപ്പെട്ട ഈശോയുടെ തിരുഹൃദയമേ.

**കാർമ്മി:** ഞങ്ങളുടെ അക്രമം നിമിത്തം തകർന്ന ഈശോയുടെ തിരുഹൃദയമേ.

**കാർമ്മി:** സകല ആശ്വാസങ്ങളുടേയും ഉറവയായ ഈശോയുടെ തിരുഹൃദയമേ.

**കാർമ്മി:** ഞങ്ങളുടെ ജീവനും ഉയിർപ്പുമായ ഈശോയുടെ തിരുഹൃദയമേ.

**കാർമ്മി:** അങ്ങിൽ ആശ്രയിക്കുന്നവരുടെ ശരണമായ ഈശോയുടെ തിരുഹൃദയമേ.

**കാർമ്മി:** ഭൂലോകപാപങ്ങളെ നീക്കുന്ന ദൈവ ചെമ്മ രിയാട്ടിൻകുട്ടി

**സമൂ:** കർത്താവേ ഞങ്ങളുടെ പാപങ്ങൾ പൊറുക്കേ ണമേ.

**കാർമ്മി:** ഭൂലോകപാപങ്ങളെ നീക്കുന്ന ദൈവ ചെമ്മ രിയാട്ടിൻകുട്ടി

**സമൂ:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** ഭൂലോകപാപങ്ങളെ നീക്കുന്ന ദൈവ ചെമ്മ രിയാട്ടിൻകുട്ടി

**സമൂ:** കർത്താവേ ഞങ്ങളെ അനുഗ്രഹിക്കണമേ. പ്രാർത്ഥിക്കാം

**കാർമ്മി:** സർവ്വശക്തനും നിത്യനുമായ സർവ്വേശ്വരാ അങ്ങേ പ്രിയപുത്രന്റെ തിരുഹൃദയത്തേയും പാപികൾക്കായി ഞങ്ങൾ അങ്ങേയ്ക്കു കാഴ്ചവച്ച സ്തുതികളേയും പാപ പരിഹാരങ്ങളേയും തൃക്കൺപാർക്കണമേ. അങ്ങേ തിരുസ ന്നിധിയിൽ വന്ന് അങ്ങേ സഹായം അപേക്ഷിച്ച ഞങ്ങളെ ഓരോരുത്തരേയും അങ്ങേ പരിപാലനയിൽ കാത്തുകൊ ള്ളണമേ. അങ്ങേയ്ക്ക് സമർപ്പിതരായ ഞങ്ങളുടെ ബുദ്ധി ക്ക് പ്രകാശവും മനസിന് സ്ഥൈര്യവും ഹൃദയത്തിന് പരിശുദ്ധിയും തന്നരുളേണമേ.

പിതാവായ ദൈവത്തിന്റെ സ്നേഹവും ഏകജാ തന്റെ കൃപയും പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും ആവാസവും നിങ്ങളെല്ലാവരോടും കൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ.

**സമൂ:** ആമ്മേൻ

***



# വി. അൽഫോൻസായോടുള്ള മാദ്ധ്യസ്ഥ്യപ്രാർത്ഥന (നൊവേന)

**പ്രാരംഭ കീർത്തനം**

*(അദ്ധ്വാനിക്കുന്നവർക്കും ഭാരം വഹിക്കുന്നവർക്കും... എന്ന രീതി)*



സഹനത്തിൻ വീഥികളിൽ പുണ്യസൂനം വിടർത്തും
അൽഫോൻസാ ധന്യകന്യേ, പ്രാർത്ഥിക്ക ഞങ്ങൾക്കായ് നീ.

രോഗദുരിതങ്ങൾതൻ ക്രൂശും പിടിച്ചു നീയോ
ക്ലേശത്തിൻ കാൽവരിയിൽ ഈശോയോടൊത്തു നീങ്ങി.

നീറുന്ന വേദനതൻ മുള്ളുകളൊക്കെയും നീ,
നാഥനോടുള്ള സ്നേഹാൽ തേനൂറും പൂക്കളാക്കി.

സഹനത്തിൻ പുത്രീ നീയീ കണ്ണുനീർ താഴ്‌വരയിൽ
ഉഴറീടും മക്കൾക്കായി പ്രാർത്ഥിക്ക നല്ലോരമ്മേ.

ആധികൾ, വ്യാധികളിൽ, കഷ്ടങ്ങൾ, നഷ്ടങ്ങളിൽ
ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ അൽഫോൻസാപ്പുണ്യവതീ.

## പ്രാരംഭ പ്രാർത്ഥന

**കാർമ്മി:** ഫ്രാൻസിസ്കൻ ക്ലാരസമൂഹത്തിന്റെ പുണ്യപുഷ്പവും കേരളസഭയുടെ സുകൃതവുമായ അൽഫോൻസാമ്മയെ വിശുദ്ധരുടെ ഗണത്തിലേയ്ക്ക് ഉയർത്തിയ കർത്താവേ, നിന്റെ കാരുണ്യാതിരേകത്തെ ഞങ്ങൾ വാഴ്ത്തുന്നു. കഠിനവേദനയിലും രോഗപീഡകളിലും തന്റെ ആത്മാവും ശരീരവും ദൈവത്തിനു പ്രീതികരമായ ബലിയായി സമർപ്പിച്ച വി. അൽഫോൻസായെപ്പോലെ അനുദിനജീവിതത്തിലെ ക്ലേശങ്ങളും സഹനങ്ങളും ദൈവസ്നേഹത്തെപ്രതി സ്വീകരിക്കുവാനും, അവ ഞങ്ങളുടെയും ലോകത്തിന്റെയും പാപപ്പരിഹാരത്തിനായി സമർപ്പിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ. തന്നെ മുട്ടിവിളിക്കുന്നവർക്ക് അനുഗ്രഹത്തിന്റെ വാതിൽ തുറന്നു കൊടുക്കുന്ന കരുണാസമ്പന്നനായ കർത്താവേ, വി. അൽഫോൻസായുടെ മാദ്ധ്യസ്ഥ്യം തേടുന്ന ഞങ്ങളുടെ യാചന കേൾക്കുകയും പ്രാർത്ഥനകൾക്ക് ഉത്തരമരുളുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

## സങ്കീർത്തനം 88

*(ഇരുഗണമായി ചൊല്ലുന്നു)*

എന്റെ രക്ഷകനും ദൈവവുമായ കർത്താവേ,
ഞാൻ രാവും പകലും
തിരുസന്നിധിയിൽ നിലവിളിക്കുന്നു.

എന്റെ പ്രാർത്ഥന തിരുസന്നിധിയിൽ
പ്രവേശിക്കട്ടെ; എന്റെ യാചനയ്ക്കു
ചെവി ചായ്ക്കണമേ.

എന്തെന്നാൽ എന്റെ ആത്മാവു ദുരിതത്താൽ
നിറഞ്ഞിരിക്കുന്നു; എന്റെ ജീവൻ പാതാളംവരെ
എത്തിയിരിക്കുന്നു.

കർത്താവേ, ഞാൻ നിന്നെ വിളിച്ചപേക്ഷി
ക്കുന്നു; പ്രഭാതത്തിൽ എന്റെ പ്രാർത്ഥന
നിന്റെ സന്നിധിയിൽ എത്തട്ടെ.

കർത്താവേ നീ എന്നെ മറക്കരുതേ;
എന്നിൽനിന്ന് മുഖം മറയ്ക്കരുതേ.

ബാല്യം മുതൽ ഞാൻ അവശനും നിസ്സഹായനുമാകുന്നു;
നീ എന്നെ ഉയർത്തിയെങ്കിലും താഴ്ത്തിക്കളഞ്ഞു;
ഞാൻ തകർക്കപ്പെട്ടിരിക്കുന്നു.

നിന്റെ കോപം എന്നിൽ ആഞ്ഞുപതിച്ചു;
നിന്റെ ക്ഷോഭം എന്നെ നിശബ്ദനാക്കി.

മിത്രങ്ങളെയും സ്നേഹിതരെയും നീ
ദൂരത്താക്കി; എന്റെ പരിചിതരെയെല്ലാം അകറ്റിക്കളഞ്ഞു.

ബാവായ്ക്കും പുത്രനും റൂഹാദ്ക്കുദ്ശായ്ക്കും സ്തുതി.

ആദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമ്മി:** ഞങ്ങളുടെ സുസ്ഥിരമായ അഭയസങ്കേതവും (സമൂഹവും ചേർന്ന്) നിത്യമായ പ്രകാശവും/ ശാശ്വതമായ പ്രത്യാശയുമായ മിശിഹായേ,/ ഞങ്ങൾ പ്രത്യേകമായി അനുസ്മരിക്കുന്ന/ വി. അൽഫോൻസായുടെ പ്രാർത്ഥനയാൽ/ ഞങ്ങൾക്ക് സങ്കടങ്ങളിൽ ആശ്വാസവും/ പരീക്ഷകളിൽ ബലവും/ ക്ലേശങ്ങളിൽ തുണയും നല്കണമേ./ ചോദിക്കുന്നതിനു മുമ്പുതന്നെ/ ഞങ്ങളുടെ ആവശ്യങ്ങൾ അറിയുന്ന സ്വർഗ്ഗീയപിതാവിനെ/ ഞങ്ങൾക്കു കാണിച്ചുതന്ന കർത്താവേ,/ ദൈവപരിപാലനത്തിൽ ആശ്രയിച്ചുകൊണ്ട്/ ഞങ്ങളുടെ അദ്ധ്വാനഭാരത്തെയും ജീവിതക്ലേശങ്ങളെയും/ സമചി

ത്തതയോടെ ഏറ്റെടുക്കുവാനുള്ള/ ശക്തിയും ധൈര്യവും/ ഞങ്ങൾക്കു പ്രദാനം ചെയ്യണമേ./തന്നെ സ്നേഹിക്കു കയും/ തന്റെ പദ്ധതിയനുസരിച്ച് വിളിക്കപ്പെടുകയും ചെയ്യുന്നവർക്ക്/ എല്ലാം നന്മയ്ക്കായി പകർത്തുന്ന/ സകലത്തിന്റെയും നാഥാ/ എന്നേക്കും, ആമ്മേൻ.

**ധദൈവവചനം/ലഘുസന്ദേശം/നിശബ്ദധ്യാനം**

*(വി. ഗ്രന്ഥത്തിൽനിന്നു വായിക്കുന്നു)*

റോമാ 8:35-39, റോമാ 12:1-2.പ

## കാറോസൂസാ

*(കാറോസൂസാകൾ ആവശ്യമനുസരിച്ച് ചുരുക്കാവു ന്നതാണ്)*

**കാർമ്മി:** ''മാമ്മോദീസായിലൂടെ ലഭിച്ച വരപ്രസാദം ന ഷ്ടമാക്കാതെ ജീവിക്കാൻ ദൈവം എനിക്ക് ഇടവരുത്തി'' എന്നു ഏറ്റുപറഞ്ഞ വിശുദ്ധ അൽഫോൻസായെപ്പോലെ ദൈവകൃപാവരത്തിന്റെ തണലിൽ സദാ വ്യാപരിക്കുവാനും പാപസാഹചര്യങ്ങളെ അകറ്റി നിർമ്മലരായി ജീവിച്ച് വിശുദ്ധിയിലേക്കുള്ള വിളിയിൽ മുന്നേറുവാനും ഞങ്ങ ളെ അനുഗ്രഹിക്കണമെന്ന് കർത്താവേ, ഞങ്ങൾ പ്രാർ ത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** ''എന്നെ മുഴുവനും ഞാൻ കർത്താവിനു വിട്ടു കൊടുത്തിരിക്കുന്നു; കർത്താവ് അറിയാതെ എനിക്കൊന്നും സംഭവിക്കുകയില്ല'' എന്ന് പറഞ്ഞുകൊണ്ട് ജീവിതം മുഴുവൻ സ്നേഹത്തിന്റെയും പരിഹാരത്തിന്റെയും ബലി വസ്തു വായി സമർപ്പിച്ച വി. അൽഫോൻസായെപ്പോലെ, ജീവിതത്തിലുണ്ടാകുന്ന ദുഃഖങ്ങളിലും വേദനകളിലും നന്മയ്ക്കായുള്ള ദൈവികപദ്ധതി മനസ്സിലാക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** ''പരി. കുർബാനയാണ് തനിക്ക് ഏറ്റവും പ്രിയങ്കരമായ ഭോജനം'' എന്ന് ഏറ്റുപറഞ്ഞ വി. അൽഫോൻസായെപ്പോലെ, പരി. കുർബാനയെ ജീവിതത്തിന്റെ കേന്ദ്രവും വിശുദ്ധിയുടെ ഉറവിടവും ആത്മാവിന്റെ പോഷണവുമായി സ്വീകരിച്ച് അനുദിനം ദൈവകൃപയിൽ വളർന്നുവരാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** തന്റെ അജഗണത്തിന്റെ പ്രാർത്ഥനാ നിയോഗങ്ങൾ അറിയിച്ച രൂപതാദ്ധ്യക്ഷനോടു ചേർന്നു നിന്ന് സഭ മുഴുവന്റെയും വേദനകളും ആകുലതകളും ഏറ്റെടുത്ത വി. അൽഫോൻസായെപ്പോലെ, സഭയുടെ വിശ്വസ്തപുത്രീപുത്രന്മാരായി വളർന്ന് സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും സർവ്വാത്മനാ സഹകരിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** കുഞ്ഞുങ്ങളുടെ സ്നേഹിതയും മദ്ധ്യസ്ഥയുമായ വി. അൽഫോൻസായുടെ പ്രാർത്ഥനകളാൽ ഞങ്ങളുടെ ബാലികാബാലന്മാരെ ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ സംപ്രീതിയിലും ജ്ഞാനത്തിലും വിശുദ്ധിയിലും വളർന്നുവരുവാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

*   *   *   *   *

**കാർമ്മി:** രക്ഷയുടെ അടയാളമായി നീ സ്ഥാപിച്ച പരിശുദ്ധസഭയെ പരിപാലിച്ചു നയിക്കുന്ന ഞങ്ങളുടെ പിതാക്കന്മാരെയും അവരുടെ സഹശുശ്രൂഷകരായ വൈദികരെയും പ്രാർത്ഥനയിലും പുണ്യപ്രവൃത്തികളിലും വ്യാപൃതരാകുന്ന മറ്റെല്ലാ സഭാസന്താനങ്ങളെയും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** മിശിഹായ്ക്ക് സഭയോടുള്ള സ്നേഹത്തിന്റെ കൂദാശയായ വിവാഹത്തിലൂടെ ബന്ധിതരായ ഭാര്യാഭർത്താക്കന്മാരെ വിശ്വസ്തതയിലും സ്നേഹത്തിലും പരിപാലിക്കണമെന്നും ദൈവം നല്കുന്ന മക്കളെ വിശുദ്ധിയിലും സുകൃതങ്ങളിലും വളർത്തുവാൻ അവരെ അനുഗ്രഹിക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** കുഞ്ഞുങ്ങൾ സന്മാർഗത്തിലുറച്ചുനിന്ന് ദൈവകൃപയിലും വിശുദ്ധിയിലും വളർന്നുവരുവാനും, യുവതീയുവാക്കന്മാർ അവരുടെ ജീവിതാന്തസ്സു കണ്ടെത്തി വിശുദ്ധിയുടെ മാർഗ്ഗത്തിൽ മുന്നേറുവാനും, വയോധികർ സംതൃപ്തിയിലും പ്രത്യാശയിലും വ്യാപരിക്കുവാനുംവേണ്ട കൃപാവരം നല്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** ഞങ്ങളോടു തെറ്റുചെയ്യുന്നവരോട് ഹൃദയപൂർവ്വം ക്ഷമിക്കുവാനും ശത്രുതയിൽ കഴിയുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും പകയും വിദ്വേഷവും കൈവെടിഞ്ഞ് സ്നേഹത്തിൽ സദാ വർത്തിക്കുവാനുമുള്ള അനുഗ്രഹം ഞങ്ങൾക്കു പ്രദാനം ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** ലോകത്തിന്റെ ദുരാശകളിലും പാപത്തിന്റെ ബന്ധനങ്ങളിലും സാത്താന്റെ കെണികളിലും ഉൾപ്പെട്ട് മനഃസമാധാനമില്ലാതെ വലയുന്നവർക്ക് മോചനവും സൗഖ്യവും പ്രത്യാശയും നല്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** ലോകരാഷ്ട്രങ്ങൾ തമ്മിൽ സമാധാനവും ഐക്യവും കൈവരുത്തണമെന്നും ഭൂമുഖത്തുനിന്ന് യുദ്ധങ്ങളും ദുരന്തങ്ങളും അക്രമവും അടിമത്തവും നീക്കിക്കളയണമെന്നും അഭയാർത്ഥികളെയും കാരാഗൃഹവാസികളെയും പ്രത്യാശയിൽ സംരക്ഷിക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** കൃഷിഭൂമിയിലും തൊഴിലിടങ്ങളിലും വ്യാപരിക്കുന്നവർ പരിസ്ഥിതിയെയും പ്രകൃതിവിഭവങ്ങളെയും സംരക്ഷിച്ചുകൊണ്ട് നിസ്വാർത്ഥമായി അദ്ധ്വാനിക്കുവാൻവേണ്ട അനുഗ്രഹം നൽകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** സന്താനഭാഗ്യമില്ലാതെ ക്ലേശിക്കുന്നവരുടെയും തൊഴിലില്ലായ്മയിലും ജീവിതത്തിന്റെ തകർച്ചകളിലും ദുഃഖങ്ങളിലും കഴിയുന്നവരുടെയും കണ്ണുനീർ തുടച്ചുനീക്കി അവരുടെ നിയോഗങ്ങൾ സാധിച്ചുകൊടുക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

## മൗനപ്രാർത്ഥന

**കാർമ്മി:** നമുക്ക് മൗനമായിനിന്ന് നമ്മുടെ വ്യക്തിപരമായ അർത്ഥനകൾ വി. അൽഫോൻസായുടെ മാദ്ധ്യസ്ഥ്യത്തിൽ കർത്താവിന് സമർപ്പിക്കാം (നിശബ്ദം).

**കാർമ്മി:** ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, (സമൂഹവും ചേർന്ന്) ഇഹലോകജീവിതത്തിൽ/ നിന്റെ തിരുവിഷ്ടം നിറവേറ്റി/ ഭൂമിയിൽ നിന്നെ മഹത്ത്വപ്പെടുത്തിയ/ രക്തസാക്ഷികളുടെയും വിശുദ്ധരുടെയും പ്രാർത്ഥനകൾ/ നിന്റെ സന്നിധിയിൽ/ ഞങ്ങൾക്കു തുണയായിരിക്കട്ടെ./ പ്രത്യേകമായി/ വി. അൽഫോൻസായുടെ പ്രാർത്ഥനകളാൽ/ ഞങ്ങളുടെ യാചനകൾക്ക് ഉത്തരമരുളുകയും/ ഞങ്ങളുടെ ഹൃദയാഭിലാഷങ്ങൾ/ സാധിച്ചുതരുകയും ചെയ്യണമേ./ രോഗങ്ങളിൽ സൗഖ്യവും/ പീഡകളിൽ ആശ്വാസവും/ പരീക്ഷകളിൽ വിജയവും നല്കി/ ഞങ്ങളെ അനുഗ്രഹിക്കണമേ./ നിന്റെ പൈതൃകമായ പരിപാലനത്തിന്റെ വലതുകരം/ ഞങ്ങളുടെമേൽ നിഴലിപ്പിച്ച്/ ഞങ്ങളുടെ ഹൃദയങ്ങളിൽ/ സൗഖ്യവും മോചനവും/ സമാധാനവും നല്ല ശരണവും നിറയ്ക്കണമേ./ സകല കൃപാവരങ്ങളുടെയും നിക്ഷേപാലയവും/ സകല സൗഭാഗ്യങ്ങളുടെയും ഉറവിടവുമായ/ ബാവായും പുത്രനും റൂഹാദ്ക്കുദ്ശായുമായ സർവ്വേശ്വരാ/ എന്നേക്കും, ആമ്മേൻ.

## പ്രകീർത്തനം

*(കർത്താവേ കനിയണമേ.../ അജപാലൻ മമ കർത്താവേ... എന്ന രീതി)*

*(ഈ സമയം ജനങ്ങളുടെമേൽ ഹന്നാൻ വെള്ളം തളിക്കുന്നു)*

കുടമാളൂരിൻ സാഫല്യം
മുട്ടുചിറയ്ക്കൊരു മലർമാല്യം

ഭരണങ്ങാനത്തിൻ മകുടം
അമ്മേ നീ താൻ അൽഫോൻസാ.

നിർമ്മല സുന്ദര ബാല്യത്തിൽ
ദൈവത്തിൻ വിളി കാതോർത്തു
പ്രാർത്ഥന വിളയും ഭവനത്തിൽ
ദൈവികവിളിയോ തളിരിട്ടു.

അഗ്നിയിലൂടെ നടന്നു നീ
ധ്യാന തപസ്വിനിയായ് മാറി
ക്ലാരസഭാമലർവാടിയിലെ
വാടാമലരായ്ത്തീർന്നു നീ.

രോഗത്തിന്നിരുൾ വേളയിലും
പ്രത്യാശപ്രഭ തെളിയിച്ചു
കുരിശു വഹിച്ചതിമോദാൽ നീ
നാഥനു ചേരും മണവാട്ടി.

അൽഫോൻസാമ്മേ, സഹനത്തിൻ,
പുത്രീ, നിന്നുടെ പ്രാർത്ഥനയാൽ
ഞങ്ങളെ നേർവഴി കാട്ടണമേ
തിരുസന്നിധിയിൽ ചേർന്നിടുവാൻ.

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹവും ചേർന്ന്) അങ്ങയുടെ നാമം പൂജിതമാകണമേ./ അങ്ങയുടെ രാജ്യം വരണമേ./ അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ./ ഞങ്ങൾക്ക് ആവശ്യകമായ ആഹാരം/ ഇന്നു ഞങ്ങൾക്കു തരണമേ./ ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ/ ഞങ്ങളുടെ കടങ്ങളും പാപങ്ങളും/ ഞങ്ങളോടും ക്ഷമിക്കണമേ./ ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ./ ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ./ എന്തുകൊണ്ടെന്നാൽ, രാജ്യ

വും ശക്തിയും മഹത്ത്വവും/ എന്നേക്കും അങ്ങയുടേ താകുന്നു. ആമ്മേൻ.

## സമാപനാശീർവാദം

*(ജനങ്ങളുടെ നേരെ തിരിഞ്ഞ് വലതുകരം ഉയർത്തി)*

**കാർമ്മി:** തിരുസഭയിൽ നമ്മെ ഒരുമിച്ചുകൂട്ടുകയും വചനത്താലും കൂദാശകളാലും പരിപോഷിപ്പിച്ച് വിശുദ്ധീകരിക്കുകയും ചെയ്യുന്ന നമ്മുടെ കർത്താവീശോ മിശിഹായുടെ കൃപ നിങ്ങളുടെമേൽ ഉണ്ടായിരിക്കട്ടെ. ചോദിക്കുന്നതിനു മുമ്പേ നമ്മുടെ ആവശ്യങ്ങൾ അറിയുന്ന സ്വർഗ്ഗീയപിതാവിന്റെ സ്നേഹപരിപാലനത്തിൽ ആശ്രയിക്കുവാനും ജീവിതത്തിലുണ്ടാകുന്ന സങ്കടങ്ങളെയും കുറവുകളെയും ദൈവതിരുവിഷ്ടത്തിനു സമർപ്പിക്കുവാനും ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. വി. അൽഫോൻസായുടെ പ്രാർത്ഥനാസഹായത്താൽ നിങ്ങളുടെ ആശകൾ സഫലമാവുകയും പ്രതീക്ഷകൾ പൂവണിയുകയും ചെയ്യട്ടെ. പീഡകളിൽനിന്നും ദുഷ്ട പിശാചിന്റെ കെണികളിൽനിന്നും കർത്താവിന്റെ സ്ലീവായുടെ ശക്തിയാൽ നിങ്ങൾ രക്ഷിതരാകട്ടെ. റൂഹാദ്ക്കുദ്ശായാൽ നിറഞ്ഞ് പുണ്യപ്രവൃത്തികളിൽ വ്യാപരിച്ച് ലോകത്തിൽ മിശിഹായുടെ സാക്ഷികളാകുവാനും നിത്യസൗഭാഗ്യം പ്രാപിക്കുവാനും നിങ്ങൾക്കിടയാകുകയും ചെയ്യട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂ:** ആമ്മേൻ.

*********





# വി. ചാവറ കുര്യാക്കോസിനോടുള്ള മാദ്ധ്യസ്ഥ്യപ്രാർത്ഥന (നൊവേന)

## പ്രാരംഭ കീർത്തനം

*(അദ്ധ്വാനിക്കുന്നവർക്കും ഭാരം വഹിക്കുന്നവർക്കും...*
*എന്ന രീതി)*

വന്ദ്യ വിശുദ്ധനാകും ചാവറപ്പുണ്യ താതാ,
നിൻചാരേ വന്നണയും മക്കൾക്കായ് പ്രാർത്ഥിക്കണേ.
    ദിവ്യധ്യാനോപാസന സത്കർമ്മം ചേരും മട്ടിൽ
    നവ്യമാം സന്ന്യാസത്തിൻ പാത തുറന്നു താതൻ.
അന്നവുമാലയവും വിദ്യയുമേകി ചേലിൽ
കേരളമണ്ണിനെ നീ സമ്പുഷ്ടമാക്കിയല്ലോ.
    മാന്നാനം കുന്നതിൽ നീ ദർശനവീടുയർത്തി
    *ബേസ്റൗമാ തന്നിലെന്നും അന്ത്യവിശ്രാന്തി കൊൾവൂ.
നല്ല കുടുംബകത്തിൻ ചാവരുൾ ചൊന്ന താതാ
കാക്കണേ ഞങ്ങളുടെ വീടുകളൊക്കെയും നീ.

*(*മാന്നാനം കുന്നിന് ചാവറയച്ചൻ നൽകിയ*
*സുറിയാനി പേര്-ഉന്നതത്തിലെ ഭവനം)*

## പ്രാരംഭ പ്രാർത്ഥന

**കാർമ്മി:** കർത്താവായ ദൈവമേ, കേരളജനതയുടെ സ്നേഹഭാജനമായ ചാവറയച്ചനെ ഞങ്ങൾക്ക് മാതൃകയും മദ്ധ്യസ്ഥനുമായി നല്കിയ നിന്റെ അനന്തപരിപാലനത്തിനു ഞങ്ങൾ നന്ദിപറയുന്നു. ''മാമ്മോദീസായിൽ ലഭിച്ച ദൈവകൃപാവരം നഷ്ടപ്പെടുത്തുവാൻ എനിക്ക് ഇടയായിട്ടില്ല'' എന്നു പറഞ്ഞ ചാവറയച്ചനെപ്പോലെ, ഞങ്ങളും അനുദിനം വിശുദ്ധിയിൽ വളർന്നുവരുവാൻ അനുഗ്രഹിക്കണമേ. പതിതർക്കും പാവപ്പെട്ടവർക്കും അറിവിന്റെ വെളിച്ചം പകർന്നുകൊടുക്കുകയും, സാധുജനങ്ങൾക്ക് പാർപ്പിടവും ഭക്ഷണവും നൽകി സുവിശേഷമറിയിക്കുകയും, സഭാമക്കളെ സ്നേഹത്തിലും ഐക്യത്തിലും പരിപാലിച്ചു നയിക്കുകയും ചെയ്ത ഈ പുണ്യപിതാവിന്റെ സ്മരണയാചരിച്ചു പ്രാർത്ഥിക്കുന്ന ഞങ്ങൾക്ക് ആത്മീയവും ഭൗതികവുമായ എല്ലാ അനുഗ്രഹങ്ങളും നല്കണമേ. സകലത്തിന്റെയും നാഥാ, ബാവായും പുത്രനും റൂഹാദ്ക്കുദ്ശായുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

### സങ്കീർത്തനം 23

*(ഇരുഗണമായി ചൊല്ലുന്നു)*

കർത്താവ് എന്നെ മേയിക്കുന്നു;
ഒന്നിനും എനിക്ക് കുറവുണ്ടാകുകയില്ല.
　　തഴച്ച മേച്ചിൽസ്ഥലത്ത് അവനെന്നെ
　　വസിപ്പിക്കുന്നു; പ്രശാന്തമായ
　　ജലാശയത്തിലേയ്ക്ക് ആനയിക്കുന്നു.
അവൻ എന്റെ ആത്മാവിനെ പിന്തിരിപ്പിക്കുന്നു;
നേരായ മാർഗ്ഗത്തിലൂടെ നയിക്കുന്നു.
　　മരണത്തിന്റെ നിഴൽ വീണ താഴ്‌വാരത്തിലൂടെ
　　നടന്നാലും നീ എന്നോടൊത്തുള്ളതിനാൽ യാതൊരു
　　അനർത്ഥവും ഞാൻ ഭയപ്പെടുകയില്ല.

നിന്റെ ദണ്ഡും വടിയും എനിക്കുറപ്പേകുന്നു.
എന്റെ ശത്രുക്കളുടെ മുമ്പിൽ നീയെനിക്കു
വിരുന്നൊരുക്കുന്നു; ശിരസ്സിൽ തൈലം പൂശുന്നു;
എന്റെ പാനപാത്രം കവിഞ്ഞൊഴുകുന്നു.
നിന്റെ കൃപയും കരുണയും ജീവിതകാലം മുഴുവൻ
എന്നെ പിന്തുടരും; കർത്താവിന്റെ ഭവനത്തിൽ
ദീർഘനാൾ ഞാൻ വസിക്കും.
ബാവായ്ക്കും പുത്രനും റൂഹാദ്ക്കുദ്ശായ്ക്കും സ്തുതി.
ആദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമ്മി:** ഞങ്ങളുടെ സുസ്ഥിരമായ അഭയസങ്കേതവും (സമൂഹവും ചേർന്ന്) നിത്യമായ പ്രകാശവും/ ശാശ്വതമായ പ്രത്യാശയുമായ മിശിഹായേ,/ ഞങ്ങൾ പ്രത്യേകമായി അനുസ്മരിക്കുന്ന/ വി. ചാവറ കുര്യാക്കോസച്ചന്റെ പ്രാർത്ഥനകളാൽ/ ഞങ്ങൾക്ക് സങ്കടങ്ങളിൽ ആശ്വാസവും/ പരീക്ഷകളിൽ ബലവും/ ക്ലേശങ്ങളിൽ തുണയും നല്കണമേ./ ചോദിക്കുന്നതിനു മുമ്പുതന്നെ/ ഞങ്ങളുടെ ആവശ്യങ്ങൾ അറിയുന്ന സ്വർഗ്ഗീയപിതാവിനെ/ ഞങ്ങൾക്കു കാണിച്ചുതന്ന കർത്താവേ,/ ദൈവ പരിപാലനത്തിൽ ആശ്രയിച്ചുകൊണ്ട്/ ഞങ്ങളുടെ അദ്ധ്വാനഭാരത്തെയും ജീവിതക്ലേശങ്ങളെയും/ സമചിത്തതയോടെ ഏറ്റെടുക്കുവാനുള്ള/ ശക്തിയും ധൈര്യവും/ ഞങ്ങൾക്കു പ്രദാനം ചെയ്യണമേ./ തന്നെ സ്നേഹിക്കുകയും/ തന്റെ പദ്ധതിയനുസരിച്ച് വിളിക്കപ്പെടുകയും ചെയ്യുന്നവർക്ക്/ എല്ലാം നന്മയ്ക്കായി പകർത്തുന്ന/ സകലത്തിന്റെയും നാഥാ/ എന്നേക്കും, ആമ്മേൻ.

**(ദൈവവചനം/ലഘുസന്ദേശം/നിശബ്ദധ്യാനം**
*(വി. ഗ്രന്ഥത്തിൽനിന്നു വായിക്കുന്നു)*
യോഹ 10:14-18.)

**കാറോസൂസാ**

*(കാറോസൂസാകൾ ആവശ്യമനുസരിച്ച് ചുരുക്കാവുന്നതാണ്)*

**കാർമ്മി:** സഭാമക്കളെ ഐക്യത്തിൽ സംരക്ഷിക്കുകയും മുദ്രാലയ പ്രേഷിതത്വവും സാധുജനപരിപാലനവും സാംസ്കാരിക പ്രവർത്തനത്തനവുംവഴി സുവിശേഷചൈതന്യം പ്രസരിപ്പിക്കുകയും ചെയ്ത വി. ചാവറയച്ചന്റെ പ്രാർത്ഥനാസഹായത്താൽ ഞങ്ങളെ ധാർമ്മികചൈതന്യത്തിലും പരസ്പര സഹകരണത്തിലും വളർത്തണമെന്ന് കർത്താവേ, ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** സമൂഹത്തിന്റെ നാനാമേഖലകളിലും സുവിശേഷമെത്തിക്കാൻ സമർപ്പിതസമൂഹങ്ങൾക്കു രൂപം നൽകുകയും, ധ്യാനപരിശീലനംകൊണ്ട് ഇടവകകളെയും കുടുംബങ്ങളെയും നവീകരിക്കുകയും ചെയ്ത വി. ചാവറയച്ചന്റെ പ്രാർത്ഥനകളാൽ, പ്രേഷിതരംഗത്തു പ്രവർത്തിക്കുന്നവരെയും അവരുടെ സേവനം ലഭിക്കുന്നവരെയും പരിപാലിച്ചനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** പാതിരാത്രിയിലും ഉണർന്നിരുന്നു പ്രാർത്ഥിച്ച അമ്മയിൽനിന്നും പ്രാർത്ഥനയുടെ ബാലപാഠങ്ങളഭ്യസിച്ച വി. ചാവറയച്ചന്റെ മാദ്ധ്യസ്ഥ്യത്താൽ മാതാപിതാക്കന്മാരെ സന്മാതൃകയിലും മക്കളെ അനുസരണത്തിലും നന്മയിലും വളർത്തണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** നല്ല അപ്പന്റെ ചാവരുളുകളിലൂടെ കുടുംബങ്ങൾക്ക് നവീകരണത്തിന്റെ പാത തുറന്നുതന്ന വി. ചാവറയച്ചന്റെ സാരോപദേശങ്ങൾ ഉൾക്കൊണ്ട്, ദുശ്ശീലങ്ങൾ വെടിഞ്ഞ് ദൈവഭയത്തിലും ധാർമ്മിക ചൈതന്യത്തിലും ഞങ്ങളുടെ കുടുംബങ്ങൾ വളർന്നു വരുവാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** കാറും കോളും നിറഞ്ഞ കേരളസഭയിൽ സമാധാനത്തിന്റെയും ഐക്യത്തിന്റെയും ദൂതനായി അയയ്ക്കപ്പെട്ട വി. ചാവറയച്ചന്റെ പ്രാർത്ഥനകളാൽ, സഭയിലും സമൂഹത്തിലും സമാധാനവും ഐക്യവും പരസ്പരധാരണയും വളർന്നുവരുവാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** ഇടവകകൾതോറും പള്ളിക്കൂടങ്ങൾ സ്ഥാപിച്ച് അറിവിന്റെ വെളിച്ചം പകരുകയും പാവങ്ങൾക്ക് അന്നവും അഗതികൾക്ക് ആലയവും ഏർപ്പെടുത്തുകയും ചെയ്ത വി. ചാവറയച്ചന്റെ മാതൃകയുൾക്കൊണ്ട്, അവശരിലേക്കും വേദനിക്കുന്നവരിലേക്കും ഇറങ്ങിച്ചെന്ന് ശുശ്രൂഷ ചെയ്യുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

* * * * *

**കാർമ്മി:** രക്ഷയുടെ അടയാളമായി നീ സ്ഥാപിച്ച പരിശുദ്ധസഭയെ പരിപാലിച്ചു നയിക്കുന്ന ഞങ്ങളുടെ പിതാക്കന്മാരെയും അവരുടെ സഹശുശ്രൂഷകരായ വൈദികരെയും പ്രാർത്ഥനയിലും പുണ്യപ്രവൃത്തികളിലും വ്യാപൃതരാകുന്ന മറ്റെല്ലാ സഭാസന്താനങ്ങളെയും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** മിശിഹായ്ക്ക് സഭയോടുള്ള സ്നേഹത്തിന്റെ കൂദാശയായ വിവാഹത്തിലൂടെ ബന്ധിതരായ ഭാര്യാഭർത്താക്കന്മാരെ വിശ്വസ്തതയിലും സ്നേഹത്തിലും പരിപാലിക്കണമെന്നും ദൈവം നല്കുന്ന മക്കളെ വിശുദ്ധിയിലും സുകൃതങ്ങളിലും വളർത്തുവാൻ അവരെ അനുഗ്രഹിക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** കുഞ്ഞുങ്ങൾ സന്മാർഗത്തിലുറച്ചുനിന്ന് ദൈവകൃപയിലും വിശുദ്ധിയിലും വളർന്നുവരുവാനും, യുവതീയുവാക്കന്മാർ അവരുടെ ജീവിതാന്തസ്സു കണ്ടെത്തി വിശുദ്ധിയുടെ മാർഗ്ഗത്തിൽ മുന്നേറുവാനും, വയോധികർ സംതൃപ്തിയിലും പ്രത്യാശയിലും വ്യാപരിക്കുവാനുംവേണ്ട കൃപാവരം നല്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** ഞങ്ങളോടു തെറ്റുചെയ്യുന്നവരോട് ഹൃദയപൂർവ്വം ക്ഷമിക്കുവാനും ശത്രുതയിൽ കഴിയുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും പകയും വിദ്വേഷവും കൈവെടിഞ്ഞ് സ്നേഹത്തിൽ സദാ വർത്തിക്കുവാനുമുള്ള അനുഗ്രഹം ഞങ്ങൾക്കു പ്രദാനം ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** ലോകത്തിന്റെ ദുരാശകളിലും പാപത്തിന്റെ ബന്ധനങ്ങളിലും സാത്താന്റെ കെണികളിലും ഉൾപ്പെട്ട് മനഃസമാധാനമില്ലാതെ വലയുന്നവർക്ക് മോചനവും സൗഖ്യവും പ്രത്യാശയും നല്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** ലോകരാഷ്ട്രങ്ങൾ തമ്മിൽ സമാധാനവും ഐക്യവും കൈവരുത്തണമെന്നും ഭൂമുഖത്തുനിന്ന് യുദ്ധങ്ങളും ദുരന്തങ്ങളും അക്രമവും അടിമത്തവും നീക്കിക്കളയണമെന്നും അഭയാർത്ഥികളെയും കാരാഗൃഹവാസികളെയും പ്രത്യാശയിൽ സംരക്ഷിക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** കൃഷിഭൂമിയിലും തൊഴിലിടങ്ങളിലും വ്യാപരിക്കുന്നവർ പരിസ്ഥിതിയെയും പ്രകൃതിവിഭവങ്ങളെയും സംരക്ഷിച്ചുകൊണ്ട് നിസ്വാർത്ഥമായി അദ്ധ്വാനിക്കു

വാൻവേണ്ട അനുഗ്രഹം നൽകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** സന്താനഭാഗ്യമില്ലാതെ ക്ലേശിക്കുന്നവരുടെയും തൊഴിലില്ലായ്മയിലും ജീവിതത്തിന്റെ തകർച്ചകളിലും ദുഃഖങ്ങളിലും കഴിയുന്നവരുടെയും കണ്ണുനീർ തുടച്ചു നീക്കി അവരുടെ നിയോഗങ്ങൾ സാധിച്ചു കൊടുക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

## മൗനപ്രാർത്ഥന

**കാർമ്മി:** നമുക്ക് മൗനമായിനിന്ന് നമ്മുടെ വ്യക്തി പരമായ അർത്ഥനകൾ വി. ചാവറ കുര്യാക്കോസച്ചന്റെ മാദ്ധ്യസ്ഥ്യത്തിൽ കർത്താവിനു സമർപ്പിക്കാം (നിശബ്ദം).

**കാർമ്മി:** ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, (സമൂഹവും ചേർന്ന്) ഇഹലോകജീവിതത്തിൽ/ നിന്റെ തിരുവിഷ്ടം നിറവേറ്റി/ ഭൂമിയിൽ നിന്നെ മഹത്ത്വപ്പെടുത്തിയ/ രക്തസാക്ഷികളുടെയും വിശുദ്ധരുടെയും പ്രാർത്ഥനകൾ/ നിന്റെ സന്നിധിയിൽ/ ഞങ്ങൾക്കു തുണയായിരിക്കട്ടെ./ പ്രത്യേകമായി/ വി. ചാവറ കുര്യാക്കോസച്ചന്റെ പ്രാർത്ഥനകളാൽ/ ഞങ്ങളുടെ യാചനകൾക്ക് ഉത്തരമരുളുകയും/ ഞങ്ങളുടെ ഹൃദയാഭിലാഷങ്ങൾ/ സാധിച്ചുതരുകയും ചെയ്യണമേ./ രോഗങ്ങളിൽ സൗഖ്യവും/ പീഡകളിൽ ആശ്വാസവും/ പരീക്ഷകളിൽ വിജയവും നല്കി/ ഞങ്ങളെ അനുഗ്രഹിക്കണമേ./ നിന്റെ പൈതൃകമായ പരിപാലനത്തിന്റെ വലതുകരം/ ഞങ്ങളുടെമേൽ നിഴലിപ്പിച്ച്/ ഞങ്ങളുടെ ഹൃദയങ്ങളിൽ/ സൗഖ്യവും മോചനവും/ സമാധാനവും നല്ല ശരണവും നിറയ്ക്കണമേ./ സകല കൃപാവരങ്ങളുടെയും നിക്ഷേപാലയവും/ സകല സൗഭാഗ്യങ്ങളുടെയും ഉറവിടവുമായ/ ബാവായും പുത്രനും

റൂഹാദ്ക്കുദ്ശായുമായ സർവ്വേശ്വരാ/ എന്നേക്കും, ആമ്മേൻ.

## പ്രകീർത്തനം

*(കർത്താവേ കനിയണമേ.../ അജപാലൻ മമ കർത്താവേ... എന്ന രീതി)*

*(ഈ സമയം ജനങ്ങളുടെമേൽ ഹന്നാൻ വെള്ളം തളിക്കുന്നു)*

കൈനകരിക്കൊരു കനകവിളക്കായ്
കൈരളിതന്നുടെ ഭൂഷണമായ്
ശോഭയെഴുന്നൊരു കുരിയാക്കോസേ,
കീർത്തിതമല്ലോ നിൻ നാമം.

വെണ്മ നിറഞ്ഞൊരു ഹൃത്തടവും
ജ്ഞാനാമൃതവും ചേർന്ന ഭവാൻ
മലയാളത്തിൻ വയലേലകളിൽ
തിരുവചനത്തിൻ വിളയേറ്റി.

മാന്നാനം മല തന്നിൽ ദർശന
ഭവനമുയർത്തിയ പുണ്യാത്മൻ
കൂനമ്മാവിൽ സഭതൻ ഭാസുര
ദീപമുയർത്തിയ താപസനും.

വിശ്വാസത്തൊടു വിദ്യയതും
വെള്ളിവെളിച്ചം പകരുകയാൽ
കേരളമക്കൾക്കഖിലം നീയൊരു
ഗുരുവായെന്നും ശോഭിപ്പൂ.

നസ്രസ്സിൻ തിരുഭവനം ഞങ്ങൾ-
ക്കുത്തമ മാതൃകയെന്നോതും
പുണ്യപിതാവേ, കാക്കുക ഞങ്ങടെ
ഭവനങ്ങളെ നിൻ പ്രാർത്ഥനയാൽ.

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹവും ചേർന്ന്) അങ്ങയുടെ നാമം പൂജിതമാകണമേ./ അങ്ങയുടെ രാജ്യം വരണമേ./ അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ./ ഞങ്ങൾക്ക് ആവശ്യകമായ ആഹാരം/ ഇന്നു ഞങ്ങൾക്കു

തരണമേ./ ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ/ ഞങ്ങളുടെ കടങ്ങളും പാപങ്ങളും/ ഞങ്ങളോടും ക്ഷമിക്കണമേ./ ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ./ ദുഷ്ടാരൂപിയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ./ എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും/ എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

## സമാപനാശീർവാദം

*(ജനങ്ങളുടെ നേരെ തിരിഞ്ഞ് വലതുകരം ഉയർത്തി)*

**കാർമ്മി:** തിരുസഭയിൽ നമ്മെ ഒരുമിച്ചുകൂട്ടുകയും വചനത്താലും കൂദാശകളാലും പരിപോഷിപ്പിച്ച് വിശുദ്ധീകരിക്കുകയും ചെയ്യുന്ന നമ്മുടെ കർത്താവീശോമിശിഹായുടെ കൃപ നിങ്ങളുടെമേൽ ഉണ്ടായിരിക്കട്ടെ. ചോദിക്കുന്നതിനു മുമ്പേ നമ്മുടെ ആവശ്യങ്ങൾ അറിയുന്ന സ്വർഗ്ഗീയപിതാവിന്റെ സ്നേഹപരിപാലനത്തിൽ ആശ്രയിക്കുവാനും ജീവിതത്തിലുണ്ടാകുന്ന സങ്കടങ്ങളെയും കുറവുകളെയും ദൈവതിരുവിഷ്ടത്തിനു സമർപ്പിക്കുവാനും ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. വി. ചാവറ കുര്യാക്കോസച്ചന്റെ പ്രാർത്ഥനാ സഹായത്താൽ നിങ്ങളുടെ ആശകൾ സഫലമാവുകയും പ്രതീക്ഷകൾ പൂവണിയുകയും ചെയ്യട്ടെ. പീഡകളിൽ നിന്നും ദുഷ്ടപിശാചിന്റെ കെണികളിൽനിന്നും കർത്താവിന്റെ സ്ലീവായുടെ ശക്തിയാൽ നിങ്ങൾ രക്ഷിതരാകട്ടെ. റൂഹാദ്ക്കുദ്ശായാൽ നിറഞ്ഞ് പുണ്യപ്രവൃത്തികളിൽ വ്യാപരിച്ച് ലോകത്തിൽ മിശിഹായുടെ സാക്ഷികളാകുവാനും നിത്യസൗഭാഗ്യം പ്രാപിക്കുവാനും നിങ്ങൾക്കിടയാകുകയും ചെയ്യട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂ:** ആമ്മേൻ.

*********



# എട്ട് നോമ്പ്

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ അവിടുത്തെ ദിവ്യമാതാവിന്റെ ജനനതിരുനാൾ ആഘോഷിക്കുവാൻ ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഞങ്ങളെ എല്ലാവരേയും അങ്ങ് സമൃദ്ധമായി അനുഗ്രഹിക്കേണമേ. പാപരഹിതയായി പിറന്ന പരിശുദ്ധ അമ്മയെ ഞങ്ങൾ വണങ്ങുന്നു. പ്രസാദവരപൂർണ്ണയും നന്മനിറഞ്ഞവളുമായ കന്യകാമറിയത്തിന്റെ മാതൃക ഉൾക്കൊണ്ട് പരിശുദ്ധരായി ജീവിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. സകലത്തിന്റേയും നാഥാ എന്നേക്കും.

**സമൂ:** ആമ്മേൻ

**കാർമ്മി:** പാപമാലിന്യം കൂടാതെ ലോകത്തിലേക്ക് വന്ന മാതാവേ

**സമൂ:** പാപമില്ലാതെ ജീവിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ

**കാർമ്മി:** ദൈവം അവളെ തിരഞ്ഞെടുക്കുകയും മുൻകൂട്ടി തിരഞ്ഞെടുക്കുകയും ചെയ്തു.

**സമൂ:** തന്റെ കൂടാരത്തിൽ അവളെ വസിപ്പിച്ചു.

**കാർമ്മി:** പരിശുദ്ധ അമ്മേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ.

**സമൂ:** ഞങ്ങളുടെ പ്രാർത്ഥന അങ്ങേ പക്കൽ എത്തു മാറാകട്ടെ.

**കാർമ്മി:** പരിശുദ്ധ ജനനി, അങ്ങ് ഞങ്ങളുടെ സങ്കേ തമായി നിയമിക്കപ്പെട്ടിരിക്കുന്നു.

**സമൂ:** കഷ്ടതകളിൽ ഞങ്ങളുടെ സഹായത്തിന് വര ണമെ.

**കാർമ്മി:** പ്രകാശപൂർണ്ണയും സ്തുതിക്കു യോഗ്യയു മായ കന്യകയേ അങ്ങയുടെ മഹിമയെ ഞങ്ങൾ പ്രകീ ർത്തിക്കും.

**സമൂ:** തിന്മയിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ

**കാർമ്മി:** ത്രിലോകരാജ്ഞിയായ പരിശുദ്ധ അമ്മേ,

**സമൂ:** ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ

**കാർമ്മി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

**സമൂ:** ആദിമുതൽ എന്നേക്കും ആമ്മേൻ

**കാർമ്മി:** പാപമാലിന്യമില്ലാതെ പിറന്നവളും/ (എല്ലാ വരും ചേർന്ന) മഹാഭാഗ്യവതിയുമായ കന്യകാമറിയമെ/ പാപികളുടെ സങ്കേതമേ/ അഭയം പ്രാപിക്കുന്നവരെ/ കൈവെടിയാത്ത ദിവ്യജനനി/ അങ്ങേ മക്കളായ ഞങ്ങളെ/ കരുണയോടെ കടാക്ഷിക്കേണമെ/ അങ്ങേ തിരുശരീരത്തിന്റെ/ പരിശുദ്ധതയെക്കുറിച്ച്/ ഞങ്ങൾ ശാരീരിക ദുശീലങ്ങൾ ഉപേക്ഷിച്ച്/ ആത്മവിശുദ്ധി യോടെ / ജീവിക്കുവാനുള്ള കൃപാവരം/ ഞങ്ങൾക്ക് നൽകേണമേ/ അങ്ങേ പരിശുദ്ധ ജനനത്തെ/ വണ ങ്ങുന്ന ഞങ്ങൾക്ക് / ആവശ്യമായ എല്ലാ നന്മകളും/ അങ്ങേ സുതനായ ഈശോയിൽനിന്ന് / പ്രാപിച്ചുത രേണമെ. ആമ്മേൻ.

## ഗാനം

*(സമൂഹം രണ്ട് ഗണമായി പാടുന്നു)*

**പുരുഷന്മാർ:** അമ്മേ നീ വഴി വാഗ്ദാനം
നിറവേറുകയാൽ സ്വർഗ്ഗത്തിൽ
ധന്യത നേടിയ മറിയം നീ
ഞാനും നിന്നെ വണങ്ങുന്നേൻ

**സ്ത്രീകൾ:** നിഖിലാണ്ഡങ്ങൾക്കുടയവനാം
കർത്താവിൻ വരമനവരതം
ധന്യേ നിന്നിൽ നിറയുകയാൽ
അമ്മേ നിന്നെ വണങ്ങുന്നേൻ

**പുരു :** ഉയിരും ശരണവുമെന്നെന്നും
മാനവനരുളും തിരുനാഥൻ
നിന്നിൽ വന്നു വസിക്കുകയാൽ
അമ്മേ നിന്നെ വണങ്ങുന്നേൻ

**സ്ത്രീ :** സ്വർഗ്ഗീയകാന്തി പരത്തീടുവാൻ
ഇരുളല നീക്കി പ്രഭയിളയിൽ
നിന്നിൽ നിന്നുമുദിക്കുകയാൽ
അമ്മേ നിന്നെ വളങ്ങുന്നേൻ

**പുരു :** അൻപോടഖില സഹായവുമീ
മന്നിനുനൽകും നീരുറവ
നന്മനിറഞ്ഞൊരു നറുമലരേ
അമ്മേ നിന്നെ വണങ്ങുന്നേൻ

**സ്ത്രീ :** തവജനതതിലുമനുവേലം
പുറജാതിയിലും നീയൊരുപോൽ
ആനന്ദക്കതിർ ചൊരിയുകയാൽ
അമ്മേ നിന്നെ വണങ്ങുന്നേൻ

**പുരു :** കടലിൽ വഴികാണാതുഴലും
നൗകസമാനം നരവംശം
അഭയം തേടും തുറമുഖമേ
അമ്മേ നിന്നെ വണങ്ങുന്നേൻ

സ്ത്രീ : നിത്യപിതാവിനുമതുപോലെ
നിത്യസുതൻ നരപാലകനും
സത്യാത്മാവാം റൂഹായ്ക്കും
സ്തുതിയും സ്തോത്രവു-
മെന്നേക്കും.

## കാറോസൂസ

**ശുശ്രൂ:** നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രതീക്ഷയോടുംകൂടി കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

**സമൂ:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**ശുശ്രൂ:** തിരുക്കുടുംബത്തിന്റെ നായികയായ പരിശുദ്ധ അമ്മേ ഞങ്ങളുടെ കുടുംബങ്ങളെ വൈദികചിന്തയിൽ വളർത്തണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**ശുശ്രൂ:** ദൈവിക ദാനങ്ങളാൽ അലങ്കരിക്കപ്പെട്ട പരിശുദ്ധ മറിയമേ ആത്മാവിന്റെ നിറവ് ഞങ്ങൾക്കും തരണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.



**സമൂ:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**ശുശ്രൂ:** ''ഇതാ കർത്താവിന്റെ ദാസി'' എന്നു പറഞ്ഞുകൊണ്ട് ദൈവത്തിന് പൂർണ്ണ സമർപ്പണം നടത്തിയ പരിശുദ്ധ മറിയമേ ദൈവയിഷ്ടം നിറവേറ്റുവാൻ ഞങ്ങൾക്ക് വരം നൽകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**ശുശ്രൂ:** ചന്ദ്രനെപ്പോലെ അഴകുള്ളവളും, സൂര്യനെപ്പോലെ പ്രഭാപൂർണ്ണയുമായ പരിശുദ്ധ മറിയമേ സുകൃതങ്ങളാൽ പ്രശോഭിക്കുവാൻ ഞങ്ങൾക്കായി മദ്ധ്യസ്ഥം വഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**ശുശ്രൂ:** അനുഗ്രഹ സമ്പന്നനും കരുണാവാരിധിയു

മായ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**ശുശ്രൂ:** ഞങ്ങളുടെ ആത്മാക്കളെ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ:** ഞങ്ങളുടെ ദൈവമായ കർത്താവേ നിനക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ പരിശുദ്ധ മറിയത്തിന്റെ അമലോത്ഭവം വഴി അങ്ങയുടെ ദിവ്യപുത്രന് യോഗ്യമായ വാസസ്ഥലം ഒരുക്കിയ അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു. അത്ഭുതകരമായ വരങ്ങളാൽ പരിശുദ്ധ അമ്മയെ അലങ്കരിച്ച ദൈവമേ ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. പരിശുദ്ധ അമ്മേ, കരുണയോടെ ഞങ്ങളെ കടാക്ഷിക്കേണമേ. ഞങ്ങളുടെ ഭവനങ്ങളിൽ യോജിപ്പും, സമാധാനവും പ്രദാനം ചെയ്യേണമെ. സ്വർഗ്ഗരാജ്യത്തിൽ പരിശുദ്ധ അമ്മയോടും മാലാഖമാരോടും വിശുദ്ധരുടെ ഗണങ്ങളോടും ചേർന്ന് അങ്ങേക്ക് സ്തുതിയും ആരാധനയും ഞങ്ങൾ സമർപ്പിക്കട്ടെ. സകലത്തിന്റെയും നാഥാ എന്നേക്കും.

**സമൂ:** ആമ്മേൻ.

**ഗാനം** *(തൂയൈ.....)*

ഈശോമാതേ കന്യാംബേ
ശുദ്ധത നിറയും പേടകമേ,
നിൻ സ്തുതി പാടും തനയർക്കായ്
അമ്മേ, നീ തുണയാകണമേ.

വിണ്ണിൻ പാവന രഹസ്യങ്ങൾ
കുടികൊള്ളുന്നോരാലയമേ,
നിൻ സ്തുതി പാടും തനയർക്കായ്
അമ്മേ, നീ തുണയാകണമേ.

സൂര്യനുതുല്യം ഒളിതൂകി

വിണ്ണിൽ തെളിയും ദീപം നീ,
നിൻ സ്തുതി പാടും തനയർക്കായ്
അമ്മേ, നീ തുണയാകണമേ.

ഉലകിൻ വെൺമഞ്ഞായീടും
ചന്ദ്രികപോലൊരു സുന്ദരിയേ,
നിൻ സ്തുതി പാടും തനയർക്കായ്
അമ്മേ, നീ തുണയാകണമേ.

വിണ്ണിൽ ശോഭ ചൊരിഞ്ഞീടും
ആളിക്കത്തും ദീപം നീ,
നിൻ സ്തുതി പാടും തനയർക്കായ്
അമ്മേ, നീ തുണയാകണമേ.

ആഴക്കടലിൽ നീന്തീടും
മർത്ത്യർതേടും തുറമുഖമേ,
നിൻ സ്തുതി പാടും തനയർക്കായ്
അമ്മേ, നീ തുണയാകണമേ.

നിവ്യന്മാരാൽ കീർത്തിതമാം
മനുജകുലത്തിൻ മകുടം നീ,
നിൻ സ്തുതി പാടും തനയർക്കായ്
അമ്മേ, നീ തുണയാകണമേ.

മന്നാ നിറയും പൊൻപാത്രം
വാഗ്ദാനത്തിൻ പേടകമേ,
നിൻ സ്തുതി പാടും തനയർക്കായ്
അമ്മേ, നീ തുണയാകണമേ.

മുദ്രിതമാകും വാതിൽ നീ
അഹറോൻ തന്നുടെ വടിയും നീ,
നിൻ സ്തുതി പാടും തനയർക്കായ്
അമ്മേ, നീ തുണയാകണമേ.

പാവന ദൈവിക കൂടാരം
സകലേശൻ തൻ ത്രോണോസേ

നിൻ സ്തുതി പാടും തനയർക്കായ്
അമ്മേ, നീ തുണയാകണമേ.

തെല്ലും മലിനതയേശാതെ
സുകൃതം നിറയും തൂമലരേ,
നിൻ സ്തുതി പാടും തനയർക്കായ്
അമ്മേ, നീ തുണയാകണമേ.

പാവന റൂഹാ കുടികൊള്ളും
നന്മനിറഞ്ഞോരംബികയേ,
നിൻ സ്തുതി പാടും തനയർക്കായ്
അമ്മേ, നീ തുണയാകണമേ.

വാഴ്ത്തപ്പെട്ടവളമ്മേ നീ
മാനവരെന്നും ഘോഷിപ്പൂ,
നിൻ സ്തുതി പാടും തനയർക്കായ്
അമ്മേ, നീ തുണയാകണമേ.

ദാനം നല്കും മാതാവേ
ആനന്ദത്തിന്നുറവിടമേ,
വാഴ്ത്തപ്പെട്ടോരംബികയേ
ഞങ്ങൾ നിൻസ്തുതി പാടുന്നു

പ്രാർത്ഥിക്കണമേ, ഞങ്ങൾക്കായ്
സുതനാമീശോ സന്നിധിയിൽ
പാപമകറ്റി രക്ഷിക്കാൻ
പാവനറൂഹാ വന്നണയാൻ

വാങ്ങിത്തരണേ മാതാവേ
സുതനിൽനിന്നും എന്നാളും
ഉലകിൽ ശാന്തി സൗഖ്യങ്ങൾ
സഭയിൽ പാപവിമോചനവും

ഈശോനാഥന്നംബികയേ
മനുജകുലത്തിൻ മാതാവേ
കേഴും സുതരിൽ കനിവായി
വരദാനങ്ങൾ ചൊരിയണമേ

നിത്യപിതാവിനുമതുപോലെ
നിത്യസുതൻ നരപാലകനും
സത്യാത്മാവാം റൂഹായ്ക്കും
സ്തുതിയും സ്തോത്രവുമെന്നേയ്ക്കും.

## മറിയത്തിന്റെ സ്തോത്രഗീതം

ലൂക്കാ : 2:46-56

*(മംഗള വാർത്ത ശ്രവിച്ചപ്പോൾ പരിശുദ്ധ അമ്മ ദൈവത്തെ സ്തുതിച്ചു. അമ്മയോടു ചേർന്ന് നമുക്കും ദൈവത്തെ സ്തുതിക്കാം.)*

**കാർമ്മി:** എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു.

**സമൂ:** എളിയവളായ എന്നെ അവിടുന്ന് അനുഗ്രഹിച്ചുവല്ലോ.

**കാർമ്മി:** എല്ലാ തലമുറയും എന്നെ അനുഗ്രഹീത എന്നു വാഴ്ത്തും.

**സമൂ:** സർവ്വശക്തനായ ദൈവം എനിക്ക് വലിയകാര്യങ്ങൾ ചെയ്തിരിക്കുന്നു.

**കാർമ്മി:** തന്നോടു ഭക്തിയുള്ളവർക്ക് ദൈവം തലമുറകൾതോറും കരുണവർഷിക്കും.

**സമൂ:** അവിടുത്തെ കരങ്ങൾ എത്രയോ ശക്തിയേറിയതാണ്.

**കാർമ്മി:** അഹങ്കാരികളെയും ധിക്കാരികളേയും അവിടുന്നു ചിതറിക്കുന്നു.

**സമൂ:** ശക്തരെ സിംഹാസനങ്ങളിൽനിന്നു താഴെ ഇറക്കി വിനീതരെ അവിടുന്നു ഉയർത്തുന്നു.

**കാർമ്മി:** അവിടുന്ന് വിശക്കുന്നവർക്ക് ആഹാരം നൽകി. സമ്പന്നരെ വെറും കൈയോടെ പറഞ്ഞയച്ചു.

**സമൂ:** നമ്മുടെ ദൈവം എന്നും കരുണ കാണിക്കുന്നു.

**കാർമ്മി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ:** ആദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമ്മി:** ഈശോ മിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ

**സമൂ:** സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കേണമേ.

## ഗാനം

*(ഹല്ലേലുയ്യാ പാടിടുന്നേൻ രീതി)*

പാവനകന്യേ ഞങ്ങൾക്കായ് നിൻ
തനയൻ പക്കൽ പ്രാർത്ഥിച്ചാലും

ഭാഗ്യമെഴുന്നോരമ്മേ മേരി
യാചിക്കണമേ പാപം നീക്കാൻ

ഓമനസൂനു കേൾക്കുന്നെന്നും
അൻപെഴുമമ്മ യാചിക്കുമ്പോൾ

മോക്ഷം പാർത്തു കഴിയും മൃതരെ
വിണ്ണിൽ ഗേഹം ചേർക്കണമമ്മേ

നന്മനിറഞ്ഞൊരു നിർമ്മലനാഥേ
കരുണാമാരി ചൊരിയണമെന്നും

താതനുമതുപോൽ സുതനും പാവന
റൂഹായ്ക്കും സ്തുതിയെന്നും ആമേൻ.

**കാർമ്മി:** ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ദൈവമേ നിന്റെ പരിശുദ്ധ നാമം എന്നും ആരാധിക്കപ്പെടുകയും പുകഴ്ത്തപ്പെടുകയും ചെയ്യട്ടെ. നിന്റെ ജനത്തിന്റെമേൽ പരിശുദ്ധ ത്രീത്വത്തിന്റെ നിത്യമായ അനുഗ്രഹം വർഷിക്കപ്പെടട്ടെ. സകലത്തിന്റെയും നാഥാ എന്നേക്കും.

**സമൂ:** ആമ്മേൻ.

## സമാപന പ്രാർത്ഥന

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ നിന്റെ അനുഗ്രഹീതമാതാവായ പരിശുദ്ധ കന്യാമറിയത്തിന്റെ പ്രാർത്ഥന ഞങ്ങൾക്ക് അഭയവും കോട്ടയുമായിരിക്കട്ടെ. പരിശുദ്ധ അമ്മവഴി ഞങ്ങൾ സമർപ്പിച്ച പ്രാർത്ഥന സ്വീകരിച്ച് ഞങ്ങളെ അനുഗ്രഹിക്കണമെ. പരിശുദ്ധ കന്യകയുടെ യോഗ്യതയാൽ ഞങ്ങൾക്ക് പാപമോചനവും ആത്മീയമായ ഉണർവ്വും ലഭിക്കട്ടെ. പരിശുദ്ധ മറിയമേ, എപ്പോഴും ഞങ്ങൾക്കുവേണ്ടി അങ്ങേ തിരുക്കുമാരനോട് പ്രാർത്ഥിക്കണമെ. ആരാധ്യനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നാമെല്ലാവരുടെയുംമേൽ എന്നും ഉണ്ടായിരിക്കട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടും കൂടി ഉണ്ടായിരിക്കട്ടെ ഇപ്പോഴും + എപ്പോഴും + എന്നേക്കും.

**സമൂ:** ആമ്മേൻ.



## പ്രാരംഭ സ്ളോസ

*(സമൂഹം നിൽക്കുന്നു)*

**കാർമ്മി:** (ബേമായിൽ അൾത്താരയ്ക്കഭിമുഖമായിനിന്ന്) ഞങ്ങളുടെ ദൈവമായ കർത്താവേ, നിന്റെ ഏകജാതന്റെ അമ്മയായ പരിശുദ്ധകന്യകാമറിയത്തിന്റെ പിറവിയെ നിർമ്മലഹൃദയത്തോടെ വാഴ്ത്തുന്നതിനും വിശുദ്ധഗീതങ്ങളാൽ അവളുടെ വിജയത്തെ പ്രകീർത്തിക്കുന്നതിനും സ്വർഗ്ഗവാസികളോടു ചേർന്ന് അവളുടെ മാതൃത്വത്തെ ഏറ്റുപറയുന്നതിനും ഞങ്ങളെ യോഗ്യരാക്കണമെ. നിന്റെ തിരുക്കുമാരന്റെ അമ്മയായി നീ തെരഞ്ഞെടുത്ത പരിശുദ്ധകന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ അനുസ്മരിക്കുന്ന (ആചരിക്കുന്ന) ഞങ്ങളെ നിന്റെ സ്വഭാവത്തിനൊത്തവിധം കടാക്ഷി

ക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും.

**സമൂ:** ആമ്മേൻ

## തെശ്ബൊഹത്താ (സ്തുതിഗീതം)

*(സഹദേ വൈത്തോൻ....) (പുലരി പ്രഭയിൽ)*

ദൈവകുമാരനു മാതാവേ
ദൈവാത്മാവിന്നാലയമേ
നിന്നുടെ തനയൻ സ്തുത്യർഹൻ
സകലത്തിനുമധിനാഥനവൻ

പരമപിതാവിൻ പ്രിയപുത്രി
ദാനവരത്താലുന്നതയേ
നിന്നുടെ തനയൻ സ്തുത്യർഹൻ
സകലത്തിനുമധിനാഥനവൻ

കൃപപൂരിതയാം മാതാവേ
സ്ത്രീകളിൽ ഭാഗ്യമിയന്നോളെ
നിന്നുടെ തനയൻ സ്തുത്യർഹൻ
സകലത്തിനുമധിനാഥനവൻ

സുകൃതാലംകൃതയാം മാതേ
മംഗളപൂർണ്ണേ കന്യകയേ
നിന്നുടെ തനയൻ സ്തുത്യർഹൻ
സകലത്തിനുമധിനാഥനവൻ

ആത്മശരീരം നിർമലമായ്
കാത്തുകഴിച്ചോരു കന്യകയേ
നിന്നുടെ തനയൻ സ്തുത്യർഹൻ
സകലത്തിനുമധിനാഥനവൻ

മൂല്യതയേറും രത്നങ്ങൾ
കുടികൊള്ളുന്നൊരു നൽവയലേ

നിന്നുടെ തനയൻ സ്തുത്യർഹൻ
സകലത്തിനുമധിനാഥനവൻ

അഗ്നിവഹിച്ചൊരു കന്യകയേ
മൂശേ കണ്ടൊരു മുൾച്ചെടിയേ
നിന്നുടെ തനയൻ സ്തുത്യർഹൻ
സകലത്തിനുമധിനാഥനവൻ

മുദ്രിതമായോരാലയമേ
രക്ഷകനീശനു വാതിലുമേ
നിന്നുടെ തനയൻ സ്തുത്യർഹൻ
സകലത്തിനുമധിനാഥനവൻ

മന്നാ നിറയും പൊൻപാത്രം
വാഗ്ദാനത്തിൻ പേടകമേ
നിന്നുടെ തനയൻ സ്തുത്യർഹൻ
സകലത്തിനുമധിനാഥനവൻ

അമ്മനുവേലിനു മാതാവേ
അരചന്നംബികയാമമ്മേ
നിന്നുടെ തനയൻ സ്തുത്യർഹൻ
സകലത്തിനുമധിനാഥനവൻ

ത്രിത്വത്തിൻ തിരുപാർപ്പിടമേ
മനുജകുലത്തിനു മാതൃകയേ
നിന്നുടെ തനയൻ സ്തുത്യർഹൻ
സകലത്തിനുമധിനാഥനവൻ

താതനുമതുപോലാത്മജനും
പാവനമാകും റൂഹായ്ക്കും
അമ്മയൊടൊത്തിവർ പാടുന്നു
സ്തുതിയും കീർത്തനഗീതികളും

**കാർമ്മി:** (ഉണ്ണിയെ കയ്യിലേന്തിയ പരിശുദ്ധ അമ്മയുടെ പ്രതിച്ഛായയുടെമേൽ ധൂപശുശ്രൂഷ നടത്തുന്നു.)

**കാർമ്മി:** ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ (സമൂഹവും ചേർന്ന്) പിതാക്കന്മാരുടെ പ്രതീക്ഷയുടെ പൂർത്തീകരണത്തിനായി/പരിശുദ്ധ കന്യകാമറിയത്തെ/പാപക്കറയേശാതെ/ നന്മകളാൽ നീ അലങ്കരിച്ചതിനാൽ/ഞങ്ങളും അവളോടൊത്തു സന്തോഷിക്കുകയും/അങ്ങേയ്ക്കു നന്ദിപറയുകയും ചെയ്യുന്നു./തിരുസ്സഭയുടെ മാതാവായ അവൾ വഴി/ഞങ്ങളെത്തന്നെ വിനയപൂർവം/അങ്ങേക്കു ഞങ്ങൾ കാഴ്ചയർപ്പിക്കുന്നു. കന്യകാമറിയത്തിന്റെ പ്രാർത്ഥനയാൽ/ആത്മീയവും ശാരീരികവുമായ/സഹായവും സംരക്ഷണവും/പ്രദാനം ചെയ്യണമെ/ഞങ്ങളുടെ കുറവുകൾ/പരിഹരിക്കണമേ/അങ്ങയെ വിളിച്ചപേക്ഷിക്കുന്ന/ക്ലേശിതരും ദുഃഖിതരുമായ/ ദാസരിൽ എപ്പോഴും/അങ്ങേ കരുണവർഷിക്കണമെ/ഞങ്ങളുടെ ജീവിതകാലം മുഴുവൻ/നീതിയുടെ വഴിയിൽ നടക്കുവാൻ/ഞങ്ങളുടെ കാലടികൾ/നേരെയാക്കണമെ./ജീവിത വിശുദ്ധിയിൽ കുറവില്ലാത്തവരായി/പ്രകാശത്തിന്റെ മണവറയിൽ/വിരുന്നിരിക്കുവാനും/ സ്വർഗ്ഗീയഗണങ്ങളോടു ചേർന്ന്/അങ്ങയെ പാടിപ്പുകഴ്ത്തുവാനും/ഞങ്ങളെ അനുഗ്രഹിക്കണമെ. ആമ്മേൻ.

## തെശ്ബൊഹത്താ (സ്തുതിഗീതം)

*(തൂയൈ...)*

നാരീമണി നീ ലോകത്തിൽ
പാരമൊരത്ഭുതമാണെന്നും
നിഖിലേശൻ തൻ മാതാവേ
സ്വസ്തി, കൃപയുടെ നിറകുടമേ

സകലചരാചരസൃഷ്ടിക്കും
സംരക്ഷകനാമഖിലേശൻ
നിന്നിൽ നിന്നു ജനിക്കുകയാൽ
സ്വസ്തി, കൃപയുടെ നിറകുടമേ.

നിത്യപിതാവിൻ പ്രിയസുതനാം

വചനത്തിനു പരമീമന്നിൽ
വാസം നല്കിയ മാതാവേ
സ്വസ്തി, കൃപയുടെ നിറകുടമേ

ജീവനുമനുപമഭാഗ്യത്തിൻ
പ്രത്യാശയ്ക്കും ലോകത്തിൽ
ജന്മം നല്കിയ മാതാവേ
സ്വസ്തി, കൃപയുടെ നിറകുടമേ

വിയദിവിളങ്ങും പകലോനെ
നിഷ്പ്രഭമാക്കുമൊരർക്കനു നീ
ഉദയം നല്കുകയാലമ്മേ
സ്വസ്തി, കൃപയുടെ നിറകുടമേ

നിവ്യന്മാരുടെ വചനങ്ങൾ
നിഖിലം ചെന്നു നിലച്ചീടും
തുറമുഖമെന്നും നീ തന്നെ
സ്വസ്തി, കൃപയുടെ നിറകുടമേ

വിണ്ണിൽ നിന്നു പതിച്ചോരാ
വെൺമഞ്ഞുള്ളിലുറച്ചീടും
നീയൊരു നീർച്ചാലാണമ്മേ
സ്വസ്തി, കൃപയുടെ നിറകുടമേ

പരമൊരു ശക്തി മനസ്സൊപ്പം
ഒരു കർത്തൃത്വവുമുൾക്കൊള്ളും
താതനുമാത്മജനും നിത്യം
റൂഹായ്ക്കും സ്തുതി പാടുന്നേൻ

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, പരിശുദ്ധ കന്യകയും നന്മനിറഞ്ഞ മാതാവും അനുഗൃഹീതയുമായ മറിയത്തിന്റെ പ്രാർത്ഥനയും മാദ്ധ്യസ്ഥ്യവും നിരന്തരം ഞങ്ങളോടുകൂടിയും ഞങ്ങളുടെ ഇടയിലുമുണ്ടായിരിക്കട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും

**സമൂ:** ആമ്മേൻ

## ദിവസത്തിന്റെ ഓനീസാ

### 1-ാം ദിവസം

*(രീതി : മെത്തേൽ ദ്ഹൂയു... മറിയം ബ് സുൽത്താ.....)*
*(പുലരിപ്രഭയിൽ കർത്താവേ .....)*

ദൈവം വിനീതർക്കു കൃപ നല്കുന്നു
വിനയം നിറയും മറിയത്തെ
ദൈവമുയർത്തീ വിണ്ണോളം
നിമിഷം കൊണ്ടൊരു ദാസിയിതാ
രാജകുമാരിയായ് മാറി
ദാവീദിൻ പ്രിയ സുതനേ നിൻ
ജനനസമംഗള വാർത്തയിതാ
മന്നിൻ മകളാം മറിയത്തി -
ന്നേകീയുന്നതി സ്വർഗ്ഗത്തിൽ

എന്റെ നന്മ നിന്റെ പക്കൽ നിന്നാകുന്നു
അനുപമ സുന്ദര സമ്മാനം
സ്വർലോകത്തിൽ ബഹുമാനം
അർഹിച്ചതുപോൽ കുറവെന്യേ
പരിചൊടു മറിയം നീ നേടീ
സകലേശൻ തൻ മാതൃപദം
വിണ്ണിനു കൈവന്നില്ലെന്നാൽ
അമ്മേ, നീയതു ദൈവത്തിൻ
കാരുണ്യത്താൽ കൈക്കൊണ്ടു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
കാലത്തികവിൽ ലോകത്തിൽ
ദൈവമയച്ചു തൻ സുതനെ
നാരിയിൽ നിന്നവനുടലാർന്നു
നിയമത്തിന്നു വിധേയനുമായ്
നിയമ വിധേയ ജനാവലിയെ
ദത്തവകാശികളാക്കിടുവാൻ,
വലിയ വിലയ്ക്കിഹ വാങ്ങിടുവാൻ

ആഗതനായവനീ മന്നിൽ

## 2-ാം ദിവസം

*(രീതി : ലൈക്കാ ഏസൽ ....) (എവിടെയൊളിക്കും .....)*

നിന്നെക്കുറിച്ച് മഹാകാര്യങ്ങൾ പറയപ്പെട്ടിരിക്കുന്നു.
ഏതൊരു നാമം നാഥാ, ഞങ്ങൾ
നല്കും നിൻ ജനനിക്കീ മന്നിൽ ?
കന്യകയെന്നു വിളിച്ചെന്നാകിൽ
സുതനായ് നീ നിലകൊൾവൂ മുന്നിൽ
വന്ധ്യസുമംഗലിയെന്നിഹ നല്കിൽ
അരുതതു നിത്യവിരക്തയ്ക്കേകാൻ

നീ സ്ത്രീകളിൽ അനുഗൃഹീതയാകുന്നു
അമ്മയ്ക്കഴകാമാത്മസുതൻ നീ
അമ്മയെ നിത്യമലംകൃതയാക്കി
നാഥാ, മറിയം നിയതം നിന്റെ
മാതാവായ് പരിശോഭിക്കുംപോൾ
ഇതരാംഗനകൾക്കൊപ്പമവൾ നിൻ
സോദരിയായും നിലകൊള്ളുന്നു.




പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
കർത്താവേ നിൻ മാതാവെന്നും
ഞങ്ങളിലത്ഭുതമുളവാക്കുന്നു
അവളിലനാദ്യൻ നീ കുടികൊണ്ടു,
മഹിയിൽ ദാസപദം കൈക്കൊണ്ടു
നിഖിലം പോറ്റി വളർത്തും നിന്നെ
മന്നിൽ പോറ്റിയതവളാണല്ലോ.

## 3-ാം ദിവസം

*(രീതി : ബ്രീകിത്തോൻ ....സഹദേ ബ്രീകേ .....)*
*(കർത്താവിൽ ഞാൻ ദൃഢമായി ശരണപ്പെട്ടു .....)*

ജീവന്റെ ഉറവ നിന്നിലാകുന്നു
മറിയം മാനവനിൽ

നന്മയൊഴുക്കീടും
നീരുറവാണല്ലോ
കരകാണാക്കടലലയിൽ വീ -
ണുഴലുന്നോർക്കൊരു തുറമുഖമായ്
പരിചൊടുമിന്നി ലസിക്കുമവൾ
നൽവഴികാട്ടും നരനെന്നും
ആ വഴി നാം - വിണ്ണിൽ ചെന്നെത്തും

ദൈവം നിന്നിൽ പ്രസാദിച്ചിരിക്കുന്നു
കന്യാമറിയത്തിൻ
മഹിമയിലനന്യൂനം
മർത്ത്യനു പരിതോഷം
വചനം മാനവരൂപത്തിൽ
വന്നു വസിച്ചൂ മറിയത്തിൽ
അവളുടെ പ്രാർത്ഥന ലോകത്തിൽ
മനുജനു ശരണം നല്കുകയാൽ
ആ വഴി നാം - വിണ്ണിൽ ചെന്നെത്തും

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
പാപത്തിൻ മാർഗ്ഗം
വിട്ടുനടന്നിടുവാൻ
മറിയം തുണയരുളും
നിവ്യന്മാരുടെ പ്രാർത്ഥനയും
ശ്ലീഹന്മാരുടെയർച്ചനയും
മറിയം വഴിയായ് കർത്താവിൻ
തിരുസന്നിധിയിലണച്ചീടാം
ആ വഴി നാം - വിണ്ണിൽ ചെന്നെത്തും

## 4-ാം ദിവസം

*(രീതി : മെത്തേൽ ദ്ഹൂയ്യൂ ... മറിയം ബ് സുൽത്താ .....)*

*പുലരിപ്രഭയിൽ കർത്താവേ .....*

നിങ്ങൾ വന്നു ദൈവത്തിന്റെ പ്രവൃത്തികൾ കാണുവിൻ
ഹാവാ വഴിയായ് മരണത്താ -

ലുയിരിൻ വാതിലടഞ്ഞെങ്കിൽ
മറിയം വഴിയാ വാതിലിതാ -
നരനു തുറന്നു ലഭിച്ചല്ലോ
പാതാളത്തിൻ വാതിലുമാ -
നാരി നരർക്കു തുറന്നതിനാൽ
കബറിടമാശയ്ക്കുറവിടമായ്
അവളൊരു പാത തുറന്നേകി

ജനങ്ങളെ നിങ്ങളെല്ലാവരും ഇതു ശ്രവിക്കുവിൻ
കന്യകയൊരുനാൾ സാനന്ദം
ജനനം രക്ഷകനേകീലേ?
വീണ്ടും ജനനം പാതാളം
ഉത്ഥാനത്താലവനേകി
ജനനത്താൽ പരിതോഷമവൻ
കന്യകയാൾക്കു പകർന്നെങ്കിൽ
ഉത്ഥാനത്താലത്ഭുതമാ
പാതാളത്തിനവൻ നല്കി

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

ദാവീദിൻ പ്രിയ പുത്രീ നീ
വാഴ്ത്തപ്പെട്ടവളനവരതം
നിസ്തുലമാം നിന്നുദരഫലം
ദൈവാനുഗ്രഹ സമ്പന്നം
തനയനെ മന്നിലയച്ചവനാം
താതൻ നിത്യം പരിശുദ്ധൻ
മർത്യനു ദിവ്യരഹസ്യങ്ങൾ
നല്കിയ റൂഹാ പരിശുദ്ധൻ

### 5-ാം ദിവസം

*(രീതി : ദവ്റേശ് .... ക്സാവാ റമ്പാ .....)*

*(എഴുതീ നരകുല രക്ഷകനാം .....)*

ജനതകളെല്ലാം അവന്റെ മഹത്ത്വം ദർശിച്ചു
അമ്മേ, ഭാഗ്യമിയന്നവളേ,

കനകവിളക്കാം കന്യേ നീ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്
നിന്നിൽ നിന്നുമുദിച്ചവനാം
നിസ്തുലനവനുടെ ജനനത്താൽ
സകലരുമൊരുപോലീമന്നിൽ
വിണ്ണിന്നുന്നതി നേടുകയായ്
കുറവന്യേ നിന്നുദരഫലം
നുകരുന്നേവരുമൊരുപോലെ
മോചനമരുളി മാനവനായ്
ധന്യേ, നിന്നുടെ ദിവ്യസുതൻ

എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക

സ്വസ്തി, നന്മനിറഞ്ഞവളേ
സ്ത്രീകളിലേറ്റം ഭാഗ്യവതി
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്
ആദത്തിനുടലേകിയൊരീ
മേദിനി നിന്നുടെ പ്രതിരൂപം
അവനുടെ നാഥനു നീ നല്കി
ജനനം നിൻ തിരുവുദരത്തിൽ
മാംസമെടുത്തു തിരുവചനം
ഭൂവിലണഞ്ഞു സകലേശൻ
വിമലേ, താവക മഹിമാവിൽ
പുളകം ചാർത്തിടുമീഭുവനം

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

നിത്യം നിർമ്മല കന്യകയേ
നന്മ തളിർക്കും പൂവനമേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്
ദൂതൻ വഴി നീ കൈക്കൊണ്ടു
നിത്യപിതാവിൻ സന്ദേശം
ദൈവാത്മാവിൻ പ്രീതി സദാ
നിന്നിൽ നിന്നു വിളങ്ങുന്നു.
ദൈവകുമാരൻ നിന്നുള്ളിൽ

വന്നു വസിച്ചു കനിവോടെ
സകലരുമൊരുപോൽ സതതം നിൻ
സ്തുതിഗീതങ്ങൾ പാടുന്നു.

## 6–ാം ദിവസം

*(രീതി : ബ്രീകിത്തോൻ .... സഹദേ ബ്രീകേ .....)*

*(കർത്താവിൽ ഞാൻ ദൃഢമായി ശരണപ്പെട്ടു)*

നീ സേചിതമായ തോട്ടം പോലെയാകുന്നു
നിത്യപിതാവരുളും
നൽവരസേചിതമാം
ഉദ്യാനം മറിയം
അവളിൽ നിന്നും ജീവജലം
ആദത്തിൻ കുഴിമാടത്തിൽ
വീണുടനേയവനെഴുന്നേറ്റു
അഴിവിയലാത്തൊരു ജീവനുമായ്
പ്രഭയോടെ – നിറയും മോദമോടെ

ജനങ്ങളേ, നിങ്ങളെല്ലാവരും ഇതു ശ്രവിക്കുവിൻ
സർപ്പം ചൊല്ലിയതാം
ചതിയുടെ തേൻമൊഴികൾ
ഹാവാ കേട്ടെങ്കിൽ
മംഗളവാർത്ത ശ്രവിച്ചപ്പോൾ
അത്ഭുത പരവശയെന്നാലും
മറിയം വിനയമൊടാരാഞ്ഞു
വചനമിതെങ്ങനെ നിറവേറും?
അവളെന്നും – ധരതന്നഭിമാനം.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
കന്യാമറിയമേ, നീ
ഞങ്ങൾക്കേകിയ നി-
ന്നുദരഫലം ധന്യം
തൻപ്രിയ തനയനെ ഞങ്ങൾക്കായി
തന്ന പിതാവു സമാരാധ്യൻ

മാനവ മക്കൾക്കലിവോടെ
പാവന ദിവ്യരഹസ്യങ്ങൾ
വെളിവാക്കും - റൂഹാ പരിശുദ്ധൻ

## 7-ാം ദിവസം

*(രീതി : മറിയാ ബ് സ്വ്ലാ എന്താൻ സ്വ്ലാ .....)*
*(സമയമെടുത്തു ദൈവമിതാ .../ കരുണാനിധിയാം)*

നിന്നിൽപ്രത്യാശ വയ്ക്കുന്നവർ സന്തോഷിക്കും
അമ്മേയങ്ങേ പ്രാർത്ഥനയാം
ചിറകിൻ മോഹന തണലിൽ ഞാൻ
അഭയം നിതരാം തേടുന്നു
ചേലെഴുമാ നല്ച്ചിറകുകളാൽ
ഞങ്ങളെ നേർവഴി കാട്ടുമ്പോൾ
പൂകും ഞങ്ങൾ സുരലോകം

വിശുദ്ധരുടെ പ്രാർത്ഥനകളാകുന്ന സുഗന്ധദ്രവ്യങ്ങൾ
കന്യാംബിക തൻ പ്രാർത്ഥനയാൽ
നാഥാ, നരകുലനായകനേ
നല്കുക ശാന്തി ജഗത്തിനു നീ
ആദരവോടെ മറിയത്തിൻ
നാമം പാടി വണങ്ങീടും
തിരുസ്സഭയെ നീ കാക്കണമേ

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
ദൈവാത്മാവിൻ ദാനത്താൽ
നിസ്തുലയാമെൻ മാതാവേ
പ്രാർത്ഥിക്കണമേ കനിവോടെ
സാത്താൻ വയ്ക്കും കെണിനീക്കി
ഞങ്ങൾ രക്ഷ വരിച്ചിടുവാൻ
നാഥൻ കൃപയരുളീടട്ടെ.

## 8-ാം ദിവസം

*(രീതി : ദവ്റേശ് യ്സാവേ ...... യ്സാവേ റമ്പാ .....)*

*(എഴുതീ നരകുലരക്ഷകനാം .....)*

നിങ്ങൾക്കായി ഞാൻ കർത്താവിനോടു പ്രാർത്ഥിക്കും
നാഥേ കന്യകയാമമ്മേ
നിന്നുടെ പിറവിത്തിരുനാളിൽ
ഞങ്ങൾ മോദമോടണയുന്നു
അപകടവേളകളകലാനും
ശാന്തിയിഹത്തിൽ വളരാനും
സുതനോടെന്നും ഞങ്ങൾക്കായ്
സദയം പ്രാർത്ഥിച്ചീടണമേ
വിധിദിവസം വന്നണയുമ്പോൾ
ഭാസുരമാം പരലോകത്തിൽ
നിന്നോടൊത്തു വസിച്ചിടുവാൻ
അമ്മേ, നീ തുണ നല്കണമേ.

കർത്താവിന്റെ മുമ്പാകെ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ
നിത്യം കന്യകയാമമ്മേ
സകലേശൻ നിൻസുതനെങ്കിൽ
ഞങ്ങളുമങ്ങേ പ്രിയമക്കൾ
പാപികളിൽ കനിവിയലാനും
പാപവിമോചനമേകാനും
നാഥനോടർത്ഥന ചെയ്യണമേ
ശരണം മനുജനു നീയല്ലോ
ദൈവാനുഗ്രഹസമ്പന്നേ
നിൻ വാത്സല്യപ്പൂഞ്ചിറകിൻ
തണലിൽ ഞങ്ങളുമണയുന്നു
കനിവോടഭയം നല്കണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
ധന്യേ കന്യകയാമമ്മേ
പ്രാർത്ഥനയാൽ നീ സഭയെയും

സുതരെയും കാത്തരുളേണം
കേപ്പാ വഴിയായ് തിരുസ്സഭയിൽ
നാഥൻ നല്കിയ വാഗ്ദാനം
നിറവേറീടാനനുവേലം
പ്രാർത്ഥിക്കണമേ സുതനൊടു നീ
സ്നേഹസരിത്തായ് മറിയത്തെ
സഭയിലനുഗ്രഹജലമേകാൻ
സദയമുയർത്തിയ ത്രിത്വത്തെ
വാഴ്ത്തിപ്പാടി നമിക്കുന്നേൻ.

## കാറോസൂസാ

**മ്ശം:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടും കൂടെ കർത്താവേ, ഞങ്ങളുടെമേൽ കരുണ തോന്നണമേ എന്നു പ്രാർത്ഥിക്കാം.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണതോന്നണമേ

**മ്ശം:** പരിശുദ്ധകന്യകാമറിയത്തിന്റെ മദ്ധ്യസ്ഥതയാൽ നല്ല കാലാവസ്ഥയും ഫലപുഷ്ടമായ വത്സരവും സമൃദ്ധമായ വിളവുകളും നല്കി ലോകം ഐശ്വര്യപൂർണ്ണമാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, .....

**മ്ശം:** സുഗന്ധവാഹികളായ പുഷ്പങ്ങളും പ്രകാശം പരത്തുന്ന നക്ഷത്രങ്ങളുംപോലെ വിവിധങ്ങളായ സുകൃതങ്ങളാൽ അലങ്കരിക്കപ്പെട്ട പരിശുദ്ധ കന്യകാമറിയത്തെപ്പോലെ എല്ലാത്തരം സുകൃതങ്ങളാലും അലങ്കരിക്കപ്പെടുവാനുള്ള കൃപയ്ക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, .....

**മ്ശം:** ആദിപിതാവായ ആദത്തിന്റെ പാപംമൂലം മനുഷ്യരാശിയെ ബാധിച്ച ഉത്ഭവപാപത്തിന്റെ മാലിന്യത്തിൽനിന്നും മറിയത്തെ സംരക്ഷിച്ചു മഹത്ത്വപ്പെടുത്തുകയും രക്ഷകന്റെ മാതൃപദം നല്കി അവളെ അല

ങ്കരിക്കുകയും ചെയ്ത ദൈവമേ, പാപമാലിന്യങ്ങളിൽ നിന്നും ഓടിയകലുവാനുള്ള കൃപയ്ക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, .....

**മ്ശം:** സൂര്യന്റെ പ്രകാശവും ചന്ദ്രന്റെ വെൺമയും ഉള്ളവളും സകല രഹസ്യങ്ങളുടെയും നികേതനവുമായി പരിശുദ്ധ അമ്മയ്ക്ക് ജന്മം നല്കിയ ദൈവമേ, അങ്ങേ തിരുക്കുമാരന്റെ ദിവ്യരഹസ്യങ്ങളുടെ ആഘോഷത്തിൽ തീക്ഷ്ണതാപൂർവ്വം പങ്കുകൊള്ളുവാനുള്ള കൃപയ്ക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, .....

**മ്ശം:** കർത്താവിൽനിന്നു കേട്ട ദുർഗ്രഹങ്ങളായ കാര്യങ്ങൾകൂടെയും ഹൃദയത്തിൽ സൂക്ഷിച്ചു ധ്യാനിക്കുകയും ഇതാ കർത്താവിന്റെ ദാസി എന്നു പറഞ്ഞുകൊണ്ട് ദൈവവചനത്തിനു സ്വയം വിധേയയാവുകയും ചെയ്ത പരിശുദ്ധ കന്യകാമറിയത്തെ അനുകരിച്ച് ജീവിതകാലം മുഴുവൻ ദൈവപരിപാലനയെ ധ്യാനിച്ചുകൊണ്ട് ദൈവവചനത്തിനു ഞങ്ങളെത്തന്നെ സമർപ്പിക്കുന്നതിനുള്ള കൃപയ്ക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, .....

**മ്ശം:** പരിശുദ്ധ കന്യകാമറിയത്തിന്റെ മദ്ധ്യസ്ഥതയാൽ യുദ്ധവും അടിമത്തവും കൊള്ളയും ഭൂകമ്പവും ക്ഷാമവും വസന്തയും ശരീരത്തിനു ഹാനികരമായ മറ്റെല്ലാ ശിക്ഷകളും ഞങ്ങളിൽ നിന്നകറ്റിക്കളയണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, .....

**മ്ശം:** ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിൽ മഹത്ത്വമനുഭവിക്കുന്ന പരി.മറിയം വഴി തിരുസ്സഭയുടെ ഭാവിമഹത്ത്വത്തെ വെളിപ്പെടുത്തിയ ദൈവമേ, ക്ലേശങ്ങളും പ്രലോഭനങ്ങളും നിറഞ്ഞ ഈ ലോകജീവിതത്തിൽ

പരിശുദ്ധ അമ്മയെപ്പോലെ സഹനത്തിന്റെയും ക്ഷമയുടെയും മാർഗ്ഗത്തിലൂടെ ചരിച്ച് സ്വർഗ്ഗം പ്രാപിക്കുന്നതിനുള്ള കൃപയ്ക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, .....

**മ്ശം:** പരിശുദ്ധ കന്യകാമറിയത്തിന്റെ മദ്ധ്യസ്ഥതയാൽ അങ്ങയുടെ അനുഗ്രഹവും ശാശ്വതമായ കൃപയും (നിശബ്ദത... വ്യക്തിപരമായ ആവശ്യങ്ങൾ) നല്കുമാറാകണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, .....

**മ്ശം:** പരി. അമ്മയുടെ മാദ്ധ്യസ്ഥ്യംവഴി ഈ തിരുനാൾ നടത്തുന്നവരെയും അവരുടെ കുടുംബാംഗങ്ങളെയും (പേരുകൾ പറയുന്നു) ദൈവാനുഗ്രഹത്താൽ നിറയ്ക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, .....

**മ്ശം:** നമുക്കെല്ലാവർക്കുമൊരിച്ച് പരിശുദ്ധ അമ്മയോടൊപ്പം നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ:** ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേയ്ക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമ്മി:** കർത്താവേ, ബലവാനായ ദൈവമേ, അങ്ങയോടു ഞങ്ങൾ വിനയപൂർവ്വം പ്രാർത്ഥിക്കുന്നു. പരിശുദ്ധ കന്യകാമറിയത്തിന്റെ മദ്ധ്യസ്ഥതയാൽ അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കുകയും അങ്ങയുടെ ദാനങ്ങൾ ഞങ്ങളിൽ വർഷിക്കുകയും ചെയ്യണമെ. അമ്മയുടെ പിറവിത്തിരുനാൾ ആഘോഷിക്കാനൊരുങ്ങുന്ന (ആഘോഷിക്കുന്ന) അങ്ങേ അജഗണമായ ഞങ്ങളെ അങ്ങയുടെ കൃപയാൽ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും യോഗ്യരാക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും.

**സമൂ:** ആമ്മേൻ

**കാർമ്മി:** വിശ്വാസികളുടെ മേൽ ഹന്നാൻവെള്ളം തളിക്കുന്നു. നേർച്ച വെഞ്ചരിക്കുന്നു. ഈ സമയത്ത് സ്തുതിഗീതം ആലപിക്കുന്നു.

## തെശ്ബൊഹത്താ (സ്തുതിഗീതം)

*(തൂയൈ.....)*

അമ്മേ നീ വഴി വാഗ്ദാനം
നിറവേറുകയാൽ സ്വർഗ്ഗത്തിൽ
ധന്യത നേടി മറിയം നീ
ഞാനും നിന്നെ വണങ്ങുന്നേൻ

നിഖിലാണ്ഡങ്ങൾക്കുടയവനാം
കർത്താവിൻ വരമനവരതം
ധന്യേ നിന്നിൽ നിറയുകയാൽ
അമ്മേ, നിന്നെ വണങ്ങുന്നേൻ

ഉയിരും ശരണവുമെന്നെന്നും
മാനവനരുളും തിരുനാഥൻ
നിന്നിൽ വന്നു വസിക്കുകയാൽ
അമ്മേ നിന്നെ വണങ്ങുന്നേൻ

സ്വർവ്വരകാന്തി പരത്തിടുവാൻ
ഇരുളലനീക്കും പ്രഭയിളയിൽ
നിന്നിൽ നിന്നുമുദിക്കുകയാൽ
അമ്മേ നിന്നെ വണങ്ങുന്നേൻ

അൻപോടഖില സഹായവുമീ
മന്നിനു നല്കും നീരുറവേ
അഴകേറുന്നൊരു നറുമലരേ
അമ്മേ നിന്നെ വണങ്ങുന്നേൻ

തന്റെ ജനത്തിലുമതുപോലെ
പുറജാതിയിലും നീയൊരുപോൽ
ആനന്ദക്കതിർ ചൊരിയുകയാൽ
അമ്മേ നിന്നെ വണങ്ങുന്നേൻ

കടലിൽ വഴികാണാതുഴലും
നൗകസമാനം നരവംശം
അഭയം തേടും തുറമുഖമേ
അമ്മേ നിന്നെ വണങ്ങുന്നേൻ

നിത്യപിതാവിനുമതുപോലെ
നിത്യസുതൻ നരപാലകനും
സത്യാത്മാവാം റൂഹായ്ക്കും
സ്തുതിയും സ്തോത്രവുമെന്നേയ്ക്കും.

## മുദ്രവയ്ക്കൽ പ്രാർത്ഥന

*(സമൂഹത്തിനു നേരെ തിരിഞ്ഞ്)*

**കാർമ്മി:** നിരന്തരം തന്നെ പ്രസാദിപ്പിക്കുന്ന നീതിമാന്മാരുടെയും വിശുദ്ധരുടെയും പ്രാർത്ഥന കേൾക്കുന്നവനും തന്നെ ഭയപ്പെടുന്നവരുടെ കുറവുകൾ പരിഹരിക്കുന്നവനുമായ സകലത്തിന്റെയും നാഥനായ ദൈവം, പരിശുദ്ധ കന്യകാമാതാവിന്റെ പ്രാർത്ഥനകളാകുന്ന ശക്തവും അജയ്യവുമായ ആയുധങ്ങൾ നമ്മെ അണിയിക്കട്ടെ. ദൈവമായ കർത്താവിനാരാധനയും നാഥനായ അവിടുത്തേയ്ക്കു മഹത്ത്വവും ഉന്നതനായ അവിടുത്തേയ്ക്കു പുകഴ്ചയും അനുഗൃഹീതയായ പരിശുദ്ധ മാതാവിനു വണക്കവും അർപ്പിക്കുന്ന അജഗണമായ നമ്മിൽ മഹോന്നത ത്രിത്വത്തിന്റെ കാരുണ്യവർഷം നിരന്തരം ഉണ്ടാകട്ടെ. അവിടുത്തെ വലത്തുകരത്താൽ അവിടുന്നു നമ്മെ സംരക്ഷിക്കുകയും അവിടുത്തെ ചിറകുകളുടെ കീഴിൽ നമ്മെ കാത്തുകൊള്ളുകയും ചെയ്യട്ടെ. ഇപ്പോഴും എപ്പോഴും എന്നേയ്ക്കും.

**സമൂ:** ആമ്മേൻ